# തുളസീരവം

— സെപ്റ്റംബർ 2023 —



പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ

# 2023 – ൽ ഡോ.കെ.ജി. അടിയോടി സ്മാരക എൻഡോവ്മെന്റിന് അർഹരായവർ

## SSLC | CBSE | ICSE


അമൻ മുഹമ്മദ് എം.പി.
S/o.അജ്മൽ എം.പാറമ്മൽ [KKD]


അശ്വന്ത് പി.
S/o.ഷൈജു പി. [KKD]


ആൻലി ഡാനിയേൽ
D/o.സൂസൻ ഡി. ചാക്കോ [MLP]


ദുജാന കെ.
D/o.അബ്ദുസ്സലാം വി.വി.[KNR]


ദേവദത്തൻ എസ്.
S/o.സിമിമോൾ എസ്.[PTA]


മർജാന കെ.
D/o.അബ്ദുസ്സലാം വി.വി. [KNR]


സുആദ് റിയാദ്
D/o.അനീസ കെ. [TVM]


സൽവ അൻസാരി
D/o.മുഹമ്മദ് അൻസാരി [KNR]


സൂരജ്കൃഷ്ണ ആർ.
S/o.ശോഭ ബി.[KLM]


സുബ്ഹനാ സെയ്ഫ്
D/o.ഷൈഫുദ്ദീൻ [PTA]

## PLUS TWO


ഹെന്ന മുഹമ്മദ്
D/o.കുഞ്ഞിമുഹമ്മദ് കെ. [MLP]


കാശിനാഥ്
S/o.ആനന്ദ് വി.എം. [ALP]


മന്യ എം.
D/o.മഞ്ചുദേവി എസ്. [TVM]


നിദ അബ്ദുൾ റഷീദ്
D/o.അബ്ദുൾ റഷീദ് [TVM]

## ഉമ്മൻചാണ്ടി സ്മാരക എൻഡോവ്മെന്റ് 2023

### ആതുര സേവനം [MBBS]


ഡോ. ദേവിക എസ്. കുമാർ
D/o.ശശികുമാർ വി. [TVM]


ഡോ. ഇന്ദുലേഖ എൽ.
D/o.ലളിത എസ്. [TVM]


ഡോ. ഗൗരി പി.ആർ.
D/o.ബിന്ദു പി.എസ്. [TVM]

പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ

PSCEA

# 34-ാമത് സംസ്ഥാന സമ്മേളനം

തിരുവനന്തപുരത്ത്

പങ്കെടുക്കുക... വിജയിപ്പിക്കുക...

# തുളസീരവം

## പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ മുഖപത്രം

സ്ഥാപിതം : 1989
രജി. നമ്പർ : 267/91
സെപ്റ്റംബർ 2023
പുസ്തകം : 10
ലക്കം : 2

**ചീഫ്എഡിറ്റർ**
ആൽബിൻരാജ് ഡി.എസ്.

**മാനേജിംഗ് എഡിറ്റർ**
അനിൽകുമാർ വി.എസ്.

**എഡിറ്റർമാർ**
സഞ്ജീവ് പി.എ.
സുരേഷ്കുമാർ ആർ.സി.

**പത്രാധിപസമിതി അംഗങ്ങൾ**
രമേശ് എം. തമ്പി
സുഭാഷ്ചന്ദ്രൻ പി.കെ.
പ്രദീപ്കുമാർ. ഐ.പി.
സഞ്ജിത് വി.
ഫ്രെഞ്ചസ് ഡി.
വനജ പി.
അനൂപ് വി. എസ്.
ശ്രീദേവ് എം.എസ്.
അനിൽകുമാർ വി.

പി.എസ്.സി. എംപ്ലോയീസ് അസോസിയേഷനുവേണ്ടി
ജനറൽ സെക്രട്ടറി
**സുഭാഷ്ചന്ദ്രൻ പി.കെ.**
പ്രസിദ്ധീകരിക്കുന്നത്
പി.എസ്.സി. ജീവനക്കാർക്ക് മാത്രം.

**ഡി.റ്റി.പി**
സി.എസ്.ഐ.പി.എഫ്

**ലേഔട്ട് & പ്രിന്റിംഗ്**
ടൈം ഓഫ്സെറ്റ്

ലേഖകരുടെ അഭിപ്രായങ്ങൾ തുളസീരവത്തിന്റേത് ആയിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.

**ക്ഷമയുടെ നെല്ലിപ്പലക കണ്ട് ജീവനക്കാർ** ........ 06
രമേഷ്. എം. തമ്പി

**PSC എന്ന തൊഴിലിടം** ........ 08
സുഭാഷ്ചന്ദ്രൻ. പി. കെ

**ഇതുപോലിനിയാരു മറ്റൊരാൾ ?** ........ 10
സഞ്ജിത്. വി

**ഓർമ്മകളുടെ വിശുദ്ധവാരം** ........ 12
ഡോ. ബെറ്റിമോൾ മാത്യു

**മേലേടത്തെ ഓണം...... ഒരു മുത്തശ്ശിക്കഥ** ........ 15
ഷാനവാസ് ഖാൻ. ഇ

**ഇനി ഞാൻ ഉറങ്ങട്ടെ** ........ 20
അബ്ദുസ്സലാം. വി. വി

**അസോസിയേഷന്റെ സ്വന്തം ഫിലോമിന ചേച്ചി പടിയിറങ്ങുമ്പോൾ** ........ 24
പി.എസ്.സി.ഇ.എ.

**പബ്ലിക് സർവ്വീസ് കമ്മീഷനും ചരിത്രവും** ........ 25
ആർ.സി. സുരേഷ്കുമാർ

**പുറകോട്ട് നടക്കാൻ കഴിയാത്ത വഴികൾ** ........ 29
ജിതിൻ ജോസ്

**ഒരല്പം ഓഹരി വിപണി എടുക്കട്ടേ** ........ 37
രാജേഷ് കൃഷ്ണൻ

**പുനർജ്ജന്മം** ........ 42
ലളിത. എസ്

**പ്രകാശം തേടുന്നവർ** ........ 44
അമ്പിളി. ആർ

**ഇതൾ** ........ 48
ലത. എൻ

**കലിയുഗം** ........ 49
വനജ. പി

**സ്വയംവരത്തിന്റെ മോക്ക്ഡ്രിൽ** ........ 50
വി. ലോറൻസ്

**ചന്ദ്രയാൻ - 3 ആകാംക്ഷയുടെ മുൾമുനയിൽ നിന്നും ചരിത്രനിയോഗത്തിലേയ്ക്ക്** ........ 52
ഷെമീല സലിം

**ആത്മാവിനൊരു ഗീതം** ........ 55
ശ്രീഹരി. ആർ. മേനോൻ

**മാറുന്ന വസ്ത്രധാരണവും മാറ്റാത്ത ചിന്തകളും** ........ 56
ദേവിശരണ്യ. വി

**കാകദൃഷ്ടി** ........ 58
പി.എസ്.സി.ഇ.എ

**മൊയ്തീനും വീണ വിജയനും പിന്നെ കൈതോലപ്പായും** ........ 61
എ.കെ. സാദിക്

EDITORIAL



# എഡിറ്റോറിയൽ

മനുഷ്യരെല്ലാം ഒന്നായിരുന്ന ഒരു കാലത്തിന്റെ വീണ്ടെടുപ്പാണ് ഓണം. ജീവിതത്തിലെ ഓരോ ഓണവും ഓരോ ഉണർത്തുപാട്ടാണ്. വിദ്വേഷങ്ങളുടെ ഗന്ധമില്ലാത്ത പൂക്കൾ കൊണ്ട് ഇല്ലായ്മയുടെ പിന്നാമ്പുറങ്ങളിൽ നിന്ന് പെറുക്കി വച്ച പൂക്കൾ സ്നേഹത്തിന്റെ പൂക്കളങ്ങളിലായിരുന്നു. പഞ്ഞകർക്കടകത്തെ ഇല്ലായ്മ ചെയ്ത് ജീവന്റെ തുടിപ്പുകൾക്കുവേണ്ടി പ്രകൃതി സമ്മാനിക്കുന്ന പുതിയ പ്രതീക്ഷയുടെ നാളുകളാണ് ഓണക്കാലം. വ്യത്യസ്ത വിശ്വാസമുള്ളവരും വ്യത്യസ്ത സ്വഭാവമുള്ളവരും വ്യത്യസ്ത മാർന്ന പൂക്കൾ കൊണ്ട് അത്തപ്പൂക്കളങ്ങൾ ഒരുക്കാൻ ഒത്തുചേരുന്ന സമഭാവനയുടെ സന്ദേശം നൽകുന്നതാണ് ഓണക്കാലം. നമുക്ക് ലഭിച്ച ഐക്യത്തിന്റെയും നന്മയുടെയും ചിരപുരാതന മൂല്യങ്ങൾ അന്യം നിൽക്കുന്ന ഈ കാലഘട്ടത്തിൽ കാഴ്ചകൾ സുതാര്യമാക്കി ഓർമ്മകളുടെ സുഗന്ധം നിറച്ച് നന്മയും സമാധാനവും ഐശ്വര്യവും നിറഞ്ഞ ഓണക്കാലത്തിൽ സ്നേഹത്തിന്റെ പൂക്കൾ കൊണ്ട് പൂക്കളങ്ങൾ ഒരുക്കി മാവേലി നാടിനെ വരവേൽക്കാം.

ഓരോ ഓണക്കാലത്തും മാവേലി മന്നന്റെ കഥ പറഞ്ഞ കേരള ജനത വരുംതലമുറയോടും ഒരു കഥ പറയും. വേദനിക്കുന്നവരുടെ മുറിവുണക്കാനായി ദൈവമയച്ച ഭരണാധിപന്റെ കഥ. കള്ളക്കഥകളുണ്ടാക്കി അധിക്ഷേപിച്ചവരുടെയും നിന്ദിച്ചവരുടെയും മുന്നിൽ അക്ഷോഭ്യനായി പുഞ്ചിരി തൂകിയ ഒരു നായകന്റെ കഥ. കേരള രാഷ്ട്രീയ ചരിത്രത്തിൽ സ്നേഹം കൊണ്ട് ജനങ്ങളാൽ എഴുതപ്പെട്ട ഏറ്റവും വലിയ വിലാപകാവ്യമായി മാറിയ ഉമ്മൻചാണ്ടി എന്ന അതികായന്റെ കഥ.

ചിരിക്കുന്ന മുഖത്തിന്റെ ശക്തി ധിക്കാരികളെ പഠിപ്പിക്കുന്ന പാഠമെന്ന് പഠിപ്പിച്ച നേതാവ്. നീതിമാനായ ഒരു മനുഷ്യന്റെ രക്തത്തിൽ പങ്കുള്ളവരോട് പ്രതികാരം ചെയ്തു കൊണ്ട് കേരള ജനത ഉമ്മൻചാണ്ടിയോട് കാണിച്ച ആദരവ് ഇനിയൊരു രാഷ്ട്രീയ നേതാവിനും ലഭിക്കുകയില്ല. പതിനൊന്ന് ലക്ഷം മനുഷ്യരെ നേരിൽക്കണ്ട് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം തേടിയ ജനസമ്പർക്കപരിപാടിയിലൂടെ ജനമനസ്സുകളുടെ നോവകറ്റി ഐക്യരാഷ്ട്രസഭയുടെ അവാർഡ് ഏറ്റുവാങ്ങിയ ഉമ്മൻചാണ്ടി എന്ന രാഷ്ട്രീയ നേതാവിന് പകരം വയ്ക്കാൻ മറ്റാരുമില്ല എന്ന് തന്നെ പറയാം. പകർന്ന് നൽകിയത് പകരം വയ്ക്കാനാവാത്ത സ്നേഹമെങ്കിൽ മരിച്ചാലും അത് നമ്മിലേയ്ക്ക് തിരിച്ചുവരും എന്ന് പഠിപ്പിച്ച നേതാവ്. പറഞ്ഞാലും പറഞ്ഞാലും തീരാത്ത കാരുണ്യത്തിന്റെ ആൾരൂപമായിരുന്ന ഉമ്മൻചാണ്ടിയെന്ന സൂര്യൻ അസ്തമിച്ചിട്ടും ഇന്നും കേരളത്തിലെ ജനഹൃദയങ്ങളിൽ വെളിച്ചമായി ഉദിച്ചുയരുന്നു. ഉമ്മൻചാണ്ടി തിരുത്തി എഴുതിയത് അധികാരത്തിനപ്പുറം ഇത്രയും കാലം അദ്ദേഹം ജീവിതം കൊണ്ട് എഴുതിയ പാഠം മരണത്തെപോലും തോൽപ്പിച്ച് ഒരു മനുഷ്യനെ അജയ്യനാക്കി തീർത്തു എന്നതാണ്.

ഇന്ത്യൻ ഭരണഘടന വിഭാവന ചെയ്യുന്ന മത-നിരപേക്ഷിത ഇന്ത്യ ഇന്ന് ജാതിയുടെയും മതത്തിന്റെയും പേരിൽ പരസ്പരം പോരടിക്കുകയാണ്. ഭരണവർഗ്ഗത്തിന്റെ മൗനത്തോടെയുള്ള ഇത്തരം സംഭവങ്ങൾ ജനാധിപത്യ ഇന്ത്യയുടെ ആത്മാവിന് കളങ്കം ചാർത്തിയിരിക്കുന്നു. വർത്തമാനകാലത്ത് ഇന്ത്യൻ ജനതയുടെ വേദനയായി മണിപ്പൂർ മാറിയിരിക്കുന്നു. അധികാരവർഗ്ഗത്തിന്റെ മൗനാനുവാദത്തോടെയുള്ള ഇത്തരം വർഗ്ഗീയ പ്രക്ഷോഭങ്ങൾ രാജ്യത്തെ അസ്ഥിരമാക്കും എന്നതിൽ യാതൊരു സംശയവുമില്ല.

ഇന്ത്യയിലെയും കേരളത്തിലെയും സർക്കാരുകൾ ജനദ്രോഹനടപടികളുമായി പരസ്പരം മത്സരിച്ച് മുന്നേറിക്കൊണ്ടിരിക്കുകയാണ്. നിയമങ്ങളും നിയമവ്യവസ്ഥകളും അധികാരവർഗ്ഗത്തിന് മുന്നിൽ തലകുനിക്കുമ്പോൾ പുതിയ ഇന്ത്യയുടെ ഉയർത്തെഴുന്നേൽപ്പിനായി 'I.N.D.I.A.' എന്ന മുന്നണി പുതിയ പ്രതീക്ഷയാണ്.

സമസ്ത മേഖലയിലും പരാജയപ്പെട്ട സർക്കാരാണ് കേരളം ഭരിക്കുന്നത്. സ്വന്തക്കാർക്കും, പാർട്ടിക്കാർക്കും വേണ്ടി മാത്രം ഭരിക്കുന്ന ഈ സർക്കാർ പുതിയ സാമ്പത്തിക നയങ്ങൾ രൂപികരിച്ച് സമ്പദ്ഘടന ശക്തിപ്പെടുത്തുന്നതിനു പകരം അധിക നികുതിയും അധിക വിലക്കയറ്റവും അധിക ഫൈനുകളും ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ച് ജനങ്ങളെ വീണ്ടും കടക്കെണിയിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. കേരളത്തെ കൺസൽട്ടൻസികൾക്ക് തീറെഴുതി നൽകി കൊണ്ട് മക്കൾക്കും ബന്ധുക്കൾക്കും പാർട്ടിക്കാർക്കും ധനം ഉണ്ടാക്കിക്കൊടുക്കുന്ന ഒരു പ്രത്യേക സാമ്പത്തിക നയം കേരളത്തിൽ നടമാടുന്നു. അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവും ഭരണപരാജയവും മുഖമുദ്രയാക്കിക്കൊണ്ട് മുന്നേറുന്ന ഈ സർക്കാർ വിദ്യാഭ്യാസ മേഖലയിലും പാർട്ടിക്കാർക്കുവേണ്ടി വ്യാജ സർട്ടിഫിക്കറ്റുകൾ തരപ്പെടുത്തിക്കൊണ്ട് ഉന്നതമേഖലകളിലെ തൊഴിൽ ഇടങ്ങളിൽ പ്രതിഷ്ഠിക്കുവാൻ വെമ്പൽ കൊള്ളുകയാണ്.

കേരളത്തിലെ സർക്കാർ ജീവനക്കാരെ ഒരു മിത്തായി കണ്ടു കൊണ്ടാണ് കേരള സർക്കാർ മുന്നോട്ട് പോകുന്നത്. സർക്കാരിനുവേണ്ടി പണിയെടുക്കുന്ന ജീവനക്കാരുടെ അവകാശങ്ങൾ കവർന്നെടുത്ത ഈ സർക്കാർ അവരുടെ ഭരണപരാജയം മുഖേന ഉണ്ടായ സാമ്പത്തിക ബുദ്ധിമുട്ടിന്റെ ബാധ്യത സർക്കാർ ജീവനക്കാരുടെ ഡി.എ, ലീവ് സറണ്ടർ, ശമ്പളപരിഷ്കരണ കുടിശ്ശിക എന്നീ ആനുകൂല്യങ്ങൾ അനന്തമായി നീട്ടിക്കൊണ്ട് പോയി ആനുകൂല്യങ്ങളെയും മിത്താക്കി മാറ്റിയിരിക്കുന്നു. പങ്കാളിത്ത പെൻഷൻ നിർത്തലാക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന ഈ സർക്കാർ പങ്കാളിത്ത പെൻഷൻകാരെ ബി.ജെ.പി സർക്കാരിന് പണയം വച്ച് ധനം ഉണ്ടാക്കുന്ന പ്രത്യേക സാമ്പത്തിക നയത്തിന് തുടക്കം കുറിച്ചു.

ഭരണഘടനാ സ്ഥാപനമായ പി.എസ്.സി യിലെ സ്ഥിതിയും വ്യത്യസ്തമല്ല. പി.എസ്.സി അസ്ഥിരപ്പെടുത്തുന്ന നിലയിലേയ്ക്ക് സർക്കാർ പുതിയ തീരുമാനങ്ങൾ നടപ്പിലാക്കുന്നു. പൊതുമേഖല റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്നതോടുകൂടി പി.എസ്.സി യിലെ ഭാവിയിലെ എല്ലാ സാധ്യതകൾക്കും തിരശ്ശീല വീഴുകയാണ്. അനധികൃത, വഴിവിട്ട നിയമനങ്ങൾക്ക് വേണ്ടി മാത്രമാണ് ഇതു പോലുള്ള റിക്രൂട്ട്മെന്റ് ബോർഡുകൾ കൊണ്ടു വരുന്നത് എന്ന് നാം തിരിച്ചറിയണം. ഭരണഘടന ഉറപ്പ് നൽകുന്ന അവകാശങ്ങളും സ്വാതന്ത്ര്യവും പി.എസ്.സി യിലെ ജീവനക്കാർക്ക് ലഭിക്കുന്നുവോ എന്ന് അധികാരസ്ഥാനത്ത് ഇരിക്കുന്നവർ മനസ്സിലാക്കണം. പി.എസ്.സി യിലെ ലീവ് പ്രമോഷൻ, അശാസ്ത്രീയമായ പഞ്ചിങ് പരിഷ്കാരങ്ങൾ, റ്റി.എ. സീലിംഗിലെ അവ്യക്തത, ജോലി ഭാരത്തിന് ആനുപാതികമായ തസ്തിക ഇല്ലായ്മ തുടങ്ങിയ വിഷയങ്ങളിലും അധികാര സ്ഥാനത്തുനിന്ന് വേണ്ട രീതിയിലുള്ള നടപടികൾ ഉണ്ടാകണം. ജീവനക്കാരുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്ത് കൊണ്ട് ജീവനക്കാരെ അടിമയാക്കിക്കൊണ്ട് ജോലി ചെയ്യിപ്പിക്കുക മാത്രമല്ല വേണ്ടത് അവരുടെ ന്യായമായ ആവശ്യങ്ങൾ കൂടി പരിഗണിക്കുകയും വേണം. അടുത്ത കെ.എ.എസ് പരീക്ഷയുടെ നോട്ടിഫിക്കേഷനിൽ പി.എസ്.സി യിലെ ജീവനക്കാരെയും ഉൾപ്പെടുത്തുവാൻ വേണ്ട നടപടി ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്.

പുതിയ ചിന്തകൾ, പുതിയ ആശയങ്ങൾ, പുതിയ മാറ്റങ്ങൾ, പുതിയ തീരുമാനങ്ങൾ എന്നിവ ഉൾക്കൊണ്ട് എല്ലാവരേയും ഒന്നായി കാണുന്ന കള്ളവും ചതിയും ഇല്ലാതെ നല്ല നാളെയുടെ ഭാഗമായി തൊഴിൽരഹിതരായ ലക്ഷോപലക്ഷം യുവതീയുവാക്കളുടെ പ്രതീക്ഷകൾക്ക് ഭംഗം വരാതെ കമ്മിഷനോടൊപ്പം പ്രവർത്തിക്കാം.

എല്ലാ ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കും സ്നേഹാതുരമായ ഓണാശംസകൾ നേരുന്നു.

സ്നേഹാദരങ്ങളോടെ,

**ആൽബിൻരാജ് D.S.**
**ചീഫ് എഡിറ്റർ**

ലേഖനം




# ക്ഷമയുടെ നെല്ലിപ്പലക കണ്ട് ജീവനക്കാർ



രമേഷ് എം. തമ്പി

സർക്കാർ ജീവനക്കാർ നഷ്ടപ്പെട്ട ആനുകൂല്യങ്ങൾക്കുവേണ്ടി മുറവിളി കൂട്ടുവാൻ തുടങ്ങിയിട്ട് വർഷങ്ങൾ ഏഴായി. ആത്മാഭിമാനം കൈവിട്ട് പ്രതിപക്ഷ സർവ്വീസ് സംഘടനകൾ നടത്തുന്ന തുടർ സമരങ്ങളെ നിഷ്കരുണം തിരസ്കരിച്ച് ജീവനക്കാരെ ഏഴാംകൂലികളാക്കിയാണ് സർക്കാർ മുന്നോട്ട് പോകുന്നത്. ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് നേരെ മുഖം തിരിച്ച് നിന്നുകൊണ്ട് സർക്കാരിന് ഓശാന പാടുന്ന ഭരണവിലാസം സംഘടനകൾ ഭരണം മാറുമ്പോൾ ഓന്തിനെ വെല്ലുന്ന വേഗതയിൽ നിറം മാറ്റി തൊഴിലാളിപ്രേമം കലശലാക്കി, വിഴുങ്ങിയ നാക്കുകൾ പുറത്തെടുത്തു സടകുടഞ്ഞ് വരുന്ന കാഴ്ച നമുക്ക് കാണാനാകും. അതുവരെ വന്ധ്യംകരിക്കപ്പെട്ട ഭരണപക്ഷ സർവ്വീസ് സംഘടനകൾ കുഞ്ഞിരാമനാടികളിച്ചു കൊണ്ടേയിരിക്കും.

പറഞ്ഞു പഴകിയതാണെങ്കിലും ജീവനക്കാരുടെ നഷ്ടങ്ങൾ ഒന്നു ഹ്രസ്വമായി വിലയിരുത്താം.

1. 2019 ലെ സർവ്വീസ് ചരിത്രത്തിലെ തന്നെ ഏറ്റവും നഷ്ടം വിതച്ച ശമ്പള പരിഷ്കരണം സർവ്വീസ് വെയിറ്റേജ്, ഫിറ്റ്മെന്റ് ബെനിഫിറ്റ്, CCA, HRA എന്നിവയിൽ നഷ്ടം മാത്രം.

2. ശമ്പള പരിഷ്കരണ കുടിശ്ശിക നാളിതുവരെ അനുവദിച്ചില്ല. പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണ കുടിശ്ശികയും നൽകിയിട്ടില്ല. കുടിശ്ശിക ലഭിക്കാതെ മരണപ്പെട്ട പെൻഷൻകാർ 80000 ഓളം വരും.

3. അശാസ്ത്രീയമായ മെഡിസെപ്പ് പദ്ധതി വഴി പ്രതിമാസം 500 രൂപ വീതം പെൻഷൻകാരുടെയും ജീവനക്കാരുടെയും പ്രതിമാസ വരുമാനത്തിൽ നിന്നും പിടിച്ചെടുക്കുന്നു. സർക്കാർ പങ്കാളിത്തമില്ലാത്ത സർക്കാർ പദ്ധതി. സർക്കാരിന് നോക്കുകൂലി. പെൻഷൻകാർക്ക് 1000 രൂപ നഷ്ടം.

4. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പ്രീമിയം വർദ്ധിപ്പിച്ചു.

5. ആർജ്ജിത അവധി സറണ്ടർ എന്നെന്നേയ്ക്കുമായി മരവിപ്പിച്ചു.

6. പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുമെന്ന വ്യാജ വാഗ്ദാനം നൽകി അധികാരത്തിലെത്തി, ഏഴാം വർഷം തുടർഭരണം നടത്തുമ്പോൾ പങ്കാളിത്ത പെൻഷൻ എന്ന വാക്ക് പോലും ഉരിയാടുന്നില്ല. ജനങ്ങളോട് പ്രതിബദ്ധതയുള്ള അന്യസംസ്ഥാനങ്ങൾ പങ്കാളിത്ത പെൻഷൻ ഒഴിവാക്കി സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിച്ചപ്പോൾ, സർക്കാർ ഇവിടെ പൊട്ടൻ കളിക്കുന്നു. കേന്ദ്ര സർക്കാർ അനുവദിച്ച DCRG, തൊഴിലുടമ വിഹിത വർദ്ധനവ് എന്നിവ പോലും നൽകിയില്ല. പങ്കാളിത്ത പെൻഷൻ പിൻവലിക്കില്ല എന്ന് കേന്ദ്രസർക്കാരിന് ഉറപ്പ് നൽകി വായ്പാലബ്ധി ഉറപ്പാക്കുന്നു.

7. സർക്കാർ ജീവനക്കാരെയും അദ്ധ്യാപക രെയും വിശിഷ്യാ പങ്കാളിത്ത പെൻഷൻ വരിക്കാരായ യുവാക്കളായ ജീവനക്കാരെയും ഒട്ടുമേ പരിഗണിക്കാതെ അവരുടെ ജീവിതം ഇരുട്ടിലാക്കുന്ന നടപടി സ്വീകരിക്കുന്നു.

8. ജീവിതനിലവാര സൂചികയ്ക്ക് ആനുപാതികമായി കേന്ദ്രസർക്കാർ ഇതിനകം അനുവദിച്ച് ഉത്തരവായ 18% (6 ഗഡു) ക്ഷാമബത്ത സാമ്പത്തിക പ്രതിസന്ധിയുടെ പേരു പറഞ്ഞ് തടഞ്ഞു വച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത ക്ഷാമബത്ത കുടിശ്ശികയില്ലാതെ, മുൻകാല പ്രാബല്യത്തിൽ IAS ഉദ്യോഗസ്ഥർക്കും ജുഡീഷ്യൽ ഓഫീസർമാർക്കും അനുവദിക്കുക വഴി ഉദ്യോഗസ്ഥർക്കിടയിൽ രണ്ടു തരം ജീവനക്കാരെ സൃഷ്ടിച്ചിരിക്കുന്നു.

9. കർത്തവ്യ ബാഹുല്യം മൂലം വലയുന്ന കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ജോലി ഭാരത്തിനനുസൃതമായി തസ്തികകൾ അനുവദിച്ചു പി.എസ്.സി യെ ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുന്നില്ല.

10. സമാന്തര റിക്രൂട്ട്മെന്റിന് വഴിതെളിക്കുവാൻ പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് നടപ്പാക്കി.

മേൽപ്പറഞ്ഞ സാഹചര്യം വിലയിരുത്തുമ്പോൾ 2011 മുതൽ 2016 വരെയുള്ള സർക്കാർ ഭരണം ഓർമ്മയിൽ ഓടിയെത്തുന്നു. സർക്കാരിനെ ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ അവരോധിച്ച സാധാരണക്കാരിൽ സാധാരണക്കാരായ ജനവിഭാഗത്തെയും സർക്കാരിനെ ചലിപ്പിക്കുവാൻ നിയുക്തരായ ജീവനക്കാരെയും കണ്ണിലെ കൃഷ്ണമണിപോലെ കാത്ത ഒരു നേതാവിന്റെ ഭരണകാലം സേവന ചരിത്രത്തിൽ തങ്ക ലിപികളിൽ എഴുതി ചേർക്കാവുന്ന രണ്ടു ശമ്പള പരിഷ്കരണങ്ങൾ, സമരമോ, സമ്മർദ്ദമോ കൂടാതെയുള്ള ക്ഷാമബത്ത വിതരണം, ലീവ് ട്രാവൽ കൺസഷൻ, ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാരുടെ തസ്തിക പുനർനാമകരണം, ബൈട്രാൻസ്ഫർ അനുപാതം 5% ൽ നിന്നും 10% ലേയ്ക്കുള്ള വർദ്ധന എന്നിങ്ങനെ വിസ്മയിപ്പിക്കുന്ന ആനുകൂല്യങ്ങൾ നമ്മൾ അനുഭവിച്ചിരുന്നു. പരസ്യങ്ങളില്ലാതെ, നാട്യങ്ങളിലാതെ, പി.ആർ വർക്കുകളില്ലാതെ സത്യത്തെ മുറുകെ പിടിച്ച് ലളിത ജീവിതം നയിച്ച യോഗിതുല്യനായ ഒരു നേതാവിന്റെ സാക്ഷാൽ ശ്രീമാൻ ഉമ്മൻചാണ്ടിയെന്ന മഹാനായ മനുഷ്യന്റെ ദീപ്തമായ സ്മരണ ഓരോ സർക്കാർ ജീവനക്കാരന്റെയും മനസ്സിൽ കൃതജ്ഞതാപുരസ്സരം എന്നും ഉണ്ടാകേണ്ടതാണ്. ജീവനക്കാരെയും സമൂഹത്തിലെ ഏറ്റവും അനുലോമനായ വ്യക്തിയെയും വളരെ കരുതലോടെയും കരുണയോടെയും കാത്തു സംരക്ഷിച്ച ദൈവതുല്യനായ ശ്രീ ഉമ്മൻചാണ്ടി ദേഹവിയോഗം ചെയ്തുവെങ്കിലും സർവ്വസംഗപരിത്യാഗിയായി അദ്ദേഹം നയിച്ച മാതൃകാപരമായ സേവനം ഈ രാജ്യത്ത് എന്നും പുതുതലമുറയ്ക്ക് മാർഗ്ഗദർശകമായി ഭവിക്കും എന്നത് ഉറപ്പാണ്.

പി.എസ്.സി എംപ്ലോയീസ് അസോസിയേഷന് എന്നും അദ്ദേഹത്തിന്റെ സ്നേഹവായ്പുകൾ ലഭിച്ചിട്ടുണ്ട്. സംഘടനയുടെ എല്ലാ പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകിയും കഴിയുന്നത്ര യോഗങ്ങളിൽ പങ്കെടുത്തും അദ്ദേഹം പകർന്നു നൽകിയ ഊർജ്ജം വളരെ വിലപ്പെട്ടതാണ്. 2021 മെയ് മാസം ഈ ഓഫീസിലെ അസോസിയേഷൻ അംഗങ്ങൾ വിരമിച്ച വേളയിൽ അസോസിയേഷൻ ഹാളിൽ എത്തി യാത്രയയപ്പ് യോഗത്തിൽ ആദ്യവസാനം പങ്കെടുത്ത് വിരമിക്കുന്ന ജീവനക്കാരെ ആദരിക്കുന്നതിൽ സന്മനസ്സ് കാട്ടിയ ആ മഹാനായ വ്യക്തിയെ എന്നും അത്ഭുതത്തോടെയും അതിലധികം കൃതജ്ഞതയോടെയും മാത്രമേ ഓർമ്മിക്കുവാൻ കഴിയൂ. 2022 ഡിസംബർ 8 ന് നടന്ന സംഘടനയുടെ സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കുവാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ബാംഗ്ലൂരിൽ ചികിത്സയിൽ തുടരവേ, സമ്മേളനത്തിന് ആശംസകൾ അറിയിച്ച് കത്ത് നൽകുകയുണ്ടായി.

സ്നേഹനിധിയായ ആ നേതാവ് ബാക്കി വച്ചുപോയ ജോലികൾ നമുക്ക് പൂർത്തിയാക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ മാതൃക പിൻതുടർന്ന് ജനസേവനത്തിന് പുതിയ മാനം കൈവരിക്കുന്നതിന് എല്ലാ പൊതുപ്രവർത്തകർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ അസോസിയേഷന്റെ അകൈതവമായ ദുഃഖം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ടും എല്ലാവർക്കും ഐശ്വര്യപൂർണ്ണമായ ഒരു ഓണം ആശംസിച്ചു കൊണ്ടും നിർത്തുന്നു.

സ്നേഹത്തോടെ,

**രമേഷ് എം. തമ്പി**

സംസ്ഥാന പ്രസിഡന്റ്



ലേഖനം

# PSC എന്ന തൊഴിലിടം



സുഭാഷ് ചന്ദ്രൻ പി.കെ.

**കേ**രളത്തിലെ സിവിൽ സർവ്വീസ് മേഖലയിൽ പി.എസ്.സി ജീവനക്കാർക്ക് സവിശേഷമായ ഒരു സ്ഥാനം എക്കാലവും ഉണ്ടായിരുന്നു. സെക്രട്ടറിയേറ്റിലേത് പോലെ പ്രമോഷൻ സാധ്യത ഇല്ലെന്ന സത്യം നിലനിൽക്കെ തന്നെ തങ്ങൾ ചെയ്യുന്ന ജോലിയുടെ സാമൂഹ്യപ്രസക്തിയും സ്ഥാപനത്തിലെ തൊഴിൽ സാഹചര്യങ്ങളുമൊക്കെ കൊണ്ടുതന്നെ ആത്മാഭിമാനത്തോടെയാണ് ജീവനക്കാർ ജോലി ചെയ്തു വന്നിരുന്നത്. എന്നാൽ ആ കാലം ഇപ്പോൾ വിസ്മൃതിയിലായിരിക്കുന്നു. സർക്കാർ ജീവനക്കാർ പൊതുവിൽ ആനുകൂല്യ നിഷേധങ്ങൾ കാരണം നിരാശയിലാണെങ്കിൽ പി.എസ്.സി ജീവനക്കാർ അതിലേറെ അതൃപ്തരും നിരാശരുമാണ്. ജീവനക്കാരെ വിശ്വാസത്തിലെടുക്കാതെയുള്ള ചടുലമായ പരിഷ്കാരങ്ങൾ ഗുണം കണ്ടോ എന്ന് ഉത്തരവാദിത്തപ്പെട്ടവർ വിലയിരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വ്യാപകമായ കമ്പ്യൂട്ടറൈസേഷൻ ജോലിഭാരം ലഘൂകരിച്ചു എന്ന തോന്നൽ ഉളവാക്കുമെങ്കിലും സത്യമതാണോ എന്ന് നിഷ്പക്ഷമായി പരിശോധിക്കപ്പെടേണ്ടതാണ്. പൊതു പ്രാഥമിക പരീക്ഷകൾ കൊണ്ട് എന്ത് ലാഭം ആർക്കുണ്ടായി എന്ന് ആർക്കും മനസ്സിലായിട്ടില്ല. കൃത്യമായ ഇടവേളകളിൽ റാങ്ക് പട്ടികകൾ നിലവിൽ വന്ന് കൊണ്ടിരുന്ന സ്ഥാനത്ത് അസിസ്റ്റന്റ് / OA / കമ്പ്യൂട്ടർ അസിസ്റ്റന്റ് റാങ്ക് പട്ടികകൾ നിലവിലില്ലാത്ത കാലം സംജാതമായി. കുറുന്തോട്ടിയ്ക്ക് വാതമെന്ന പോലെ താൽക്കാലിക നിയമനങ്ങൾ പി.എസ്.സി യിലും അരങ്ങേറി. ചട്ടപ്രകാരമാണ് താത്കാലിക നിയമനങ്ങൾ നടത്തുന്നത് എന്ന് മേനി പറയാമെങ്കിലും ഇത് നൽകുന്ന സന്ദേശം ഈ മഹത്തായ സ്ഥാപനത്തിന് ഭൂഷണമാണോ ? നിരന്തരം അഡ്വൈസുകൾ നൽകിയിട്ടും OA തസ്തികയിൽ ആവശ്യമായ ജീവനക്കാരെ ലഭ്യമായിട്ടില്ല.

സ്വന്തം ജോലികൾക്ക് പുറമേ പരീക്ഷ വെരിഫിക്കേഷൻ ഡ്യൂട്ടികളുടെ ബാഹുല്യം കാരണം ജീവനക്കാർ പൊറുതി മുട്ടുകയാണ്. ജില്ലാ ഓഫീസുകളുടെ സ്ഥിതിയാണ് ഏറെ പരിതാപ

കരം. ക്ലിപ്തമായ എണ്ണം സെക്ഷനോഫീസർമാർ മാത്രമുള്ള ഇവിടങ്ങളിൽ ഉള്ളവർക്ക് അർഹമായ ലീവെടുക്കാൻപോലും സാധിക്കാത്ത സാഹചര്യ മാണുള്ളത്. സ്കൂൾ സമയത്തിന് മുമ്പുള്ള പരീ ക്ഷകൾക്ക് പുലർച്ചെ ഓഫീസിലെത്തേണ്ടതിനാൽ പലരും ഓഫീസിൽ തങ്ങേണ്ട അവസ്ഥ. ജീവിക്കാനാണ് തൊഴിൽ ചെയ്യുന്നതെങ്കിലും സ്വസ്ഥമായി ജീവിക്കാൻ പറ്റാത്ത നിലയിലാ ണ് ഇന്ന് ജീവനക്കാർ. ജോലിഭാരത്തിന് ആനുപാതികമായി അധിക തസ്തികകൾ അനുവദിക്കണമെന്ന് ദീർഘകാലമായുള്ള ആവശ്യം പരിഗണിക്കപ്പെടുന്നില്ല. കൂനിന്മേൽ കുരു എന്ന പോലെ പതിറ്റാണ്ടുകളായി അനു വദിച്ചു പോന്നിരുന്ന ലീവ് പ്രമോഷനും നിർത്ത ലാക്കിയിരിക്കുന്നു. വസ്തുതകൾ ബോദ്ധ്യപ്പെ ടുത്തി അത് പുനഃസ്ഥാപിക്കുന്ന കാര്യത്തിൽ ചെറുവിരലനക്കാതെ നിസ്സംഗത പാലിക്കുന്ന അധികാരികൾ ജീവനക്കാർ അനാഥരെന്ന തോന്നലാണുളവാക്കുന്നത്.

ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്നപ്പോൾ പി.എസ്.സി ജീവനക്കാർക്ക് സ്ഥി രമായി ഡെപ്യൂട്ടേഷൻ ലഭിക്കാനുള്ള സാഹച ര്യം സംജാതമായതും ഇവിടുത്തെ പ്രബലരെന്ന് അവകാശപ്പെടുന്ന സംഘടനയുൾപ്പെടെ ഇതിന് തടസ്സം നിന്നതും ജീവനക്കാർ മറന്നിട്ടില്ല. ഒരു പ്രത്യേക മതവിഭാഗക്കാരെ തിരഞ്ഞെടുക്കുന്നത് പി.എസ്.സി യ്ക്ക് ഭൂഷണമല്ലെന്ന് കണ്ടാണ് അന്നത്തെ സർക്കാർ പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് നടപ്പിലാക്കിയത്. ഇതിനെ സമാന്തര ബോർഡ് എന്ന് ആക്ഷേപിച്ചവർ ഇന്ന് വിരമിച്ച സ്വന്തക്കാരെ അവിടെ കുടിയിരുത്തി സായൂജ്യമടയുന്നു. ഇതേ കൂട്ടരാണ് ഇപ്പോൾ പബ്ലിക് എന്റർപ്രൈസ് റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടാക്കി പി.എസ്.സി യെ ശക്തിപ്പെടുത്തിയത്. കോടികളുടെ ടേണോവറുള്ള ജില്ലാ സഹകരണ ബാങ്ക് (കേരള ബാങ്ക്) ജനറൽ മാനേജർ, പ്ലാനിംഗ് ബോർഡ് ചീഫ്, **KAS** നിയമനങ്ങൾ നടത്തുന്ന പി. എസ്.സി ക്ക് ചെയ്യാൻ പറ്റാത്തതുകൊണ്ടാണോ പുതിയ ബോർഡ് വേണ്ടിവന്നത് എന്ന സംശയം ന്യായമല്ലേ? ഇത് സംബന്ധിച്ച ഭരണപരിഷ്കാര കമ്മീഷൻ ശുപാർശ വന്നപ്പോൾ തന്നെ വിവരാവകാശഅപേക്ഷ നൽകിയ അസോസി യേഷൻ ഭാരവാഹികളെ അത് പിൻവലിക്കണ മെന്ന് ഭീഷണിപ്പെടുത്തിയ കഥ ആരും മറന്നിട്ടില്ല.

ആനുകൂല്യ നിഷേധങ്ങളുടെ പട്ടിക വലുതായി കൊണ്ടിരിക്കുമ്പോഴും ഭരണപക്ഷ സംഘടനകൾ കുറ്റകരായ മൗനം തുടരുക യാണ്. ധൂർത്തിന്റെ പര്യായമായ സർക്കാരിന് ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാസ മയം നൽകുന്നതിൽ മാത്രമാണ് സാമ്പത്തിക പ്രതിസന്ധിയുള്ളത്. ഡി.എ കുടിശ്ശികയുടെ കാര്യത്തിൽ സർവ്വകാല റെക്കോർഡ് കരസ്ഥമാക്കിയ ഒരു ഗർവ്വും സർക്കാരിനോ ഭരണാനുകൂല സംഘടനകൾക്കോ ഇല്ലാത്തത് വിചിത്രം തന്നെ. ശമ്പള പരിഷ്കരണ കുടിശ്ശിക, സറണ്ടർ ഒക്കെ കിട്ടാക്കനികളായി. HBA ആനുകൂല്യം കൈപ്പറ്റിയവരെ ഇന്നുള്ളവർ ആരാധനയോടെനോക്കുന്നത് സ്വാഭാവികം. പരിധിയില്ലാതെ ചികിത്സാനുകൂല്യം ലഭിക്കു ന്നവർക്ക് മെഡിസെപ്പുകാരോട് പുച്ഛം തോന്നു ന്നത് അതിലും സ്വാഭാവികം മാത്രം. കർശനവ്യ വസ്ഥകളോടെ ജൂൺ വരെ പ്രാഥമിക പരീക്ഷ കൾക്ക് ലഭിച്ചിരുന്ന റ്റിഎ സീലിംഗ് ഇളവും നിലവിലില്ലാതായിട്ട് മാസങ്ങളായി. സ്വന്തം മൈലേജ് അലവൻസ് സ്വയം മൂന്നിരട്ടി യാക്കാൻ രണ്ടാമതൊന്നാലോചിക്കേണ്ടി വരാതി രുന്നവർക്ക് ഇക്കാര്യത്തിൽ ഒരു വേവലാതിയുമില്ല. മുൻകാലങ്ങളിൽ ഉദ്യോഗസ്ഥതലത്തിൽ തന്നെ ഈ ഇളവുകൾ നേടിയെടുത്തിരുന്നതാണെന്ന ഓർമ്മ വേണം.

ആനുകൂല്യ നിഷേധങ്ങൾക്കെതിരെയുള്ള ശക്തമായ സമരപരിപാടികളുമായി അസോ സിയേഷൻ സ്വന്തം നിലയ്ക്കും SETO, UTEF തുടങ്ങിയ കൂട്ടായ്മകളോടൊപ്പവും മുന്നോട്ടു പോകുകയാണ്. സർക്കാരിന്റെ കെടുകാ ര്യസ്ഥത മുഖേനയുള്ള പ്രതിസന്ധി തീരുംവ രെ കാത്തിരിക്കാമെന്ന പ്രമേയം വർഷങ്ങളായി പാസാക്കി വരുന്ന ഭരണാനുകൂല സംഘടനക ളോട് ഒന്നേ പറയാനുള്ളൂ. രാജാവ് നഗ്നനാണെന്ന് ഞങ്ങൾ വിളിച്ചു പറയുമ്പോൾ ഇല്ല, അത് പരി ഷ്കൃത വേഷമെന്നും നന്നായിട്ടുണ്ട് എന്നും നിങ്ങൾ വിളിച്ചു പറയുന്നത് പൊതുജനം ശ്രദ്ധിക്കുന്നുണ്ട്. സമയം വരുമ്പോൾ പറ്റിയ തെറ്റ് അവർ തിരുത്തുക തന്നെ ചെയ്യും.

അഭിവാദനങ്ങളോടെ,

**സുഭാഷ്ചന്ദ്രൻ. പി. കെ**

സംസ്ഥാന ജനറൽ സെക്രട്ടറി

കവിത

# ഇതുപോലിനിയാരു, മറ്റൊരാൾ ?...... (വിയോഗിനി)



സഞ്ജിത് വി.



ഇതു പോലിനിയാരു, മറ്റൊരാൾ ?
സ്മൃതിയിൽ പൂത്തു വസന്തമായൊരാൾ ?.........
കനിവിൻ നനവുള്ള കാവലാൾ ?
മുറിവിൽ വീണ മരുന്നു പോലൊരാൾ !
നിനവിന്നിടനാഴിയിൽ വരും
ശരി ചിഹ്നങ്ങളെ ചുണ്ടിലേറ്റി, യാ-
വദനം വരയുന്നു നിത്യവും
ചിരി മായാത്ത മഹാമനസ്കനെ
മുഷിയാൻ മടിയില്ല, ചീകുവാൻ
സമയം കിട്ടുകയില്ല, പേനയും-
കടലാസ്സുമെടുത്തു, സങ്കട-
ക്കുറിമാനങ്ങൾ പകർത്തി നിന്നു നീ.
നിമിഷം പ്രതി സേവനാതുര-
ത്ത്വര കൂടുന്ന മനസ്സുമായ് സദാ
ജന സഞ്ചയ വേദി സ്വർഗ്ഗമായ്
കരുതിപ്പോന്നൊരു കർമ്മ യോഗിയായ്
നില വിട്ടുയരുന്നിതാ ഭവാൻ
'അതിവേഗം ബഹുദൂരമായ' നാൾ
കനവിൽ കണി കണ്ടിടുന്നു, നീ-
മലയാളക്കര വാണ മന്നവൻ!
കരുതൽ, ഉപകാരമെന്നിവ
മറു പക്ഷത്തിനുമേകുമാർജ്ജവം !
സ്വസുഖ വ്രത നിഷ്ഠരേ വരൂ,
പുതുപാഠം സ്വയമേ ഗ്രഹിച്ചിടൂ.

ലഹളയ്ക്കനുവാദമേകയാ-
ലൊരു വംശത്തെയൊടുക്കി, മറ്റതിൻ
ചുമലേറിയ ഭൂരിപക്ഷമായ്
വളരും രാക്ഷസ രാഷ്ട്രതന്ത്രമോ.
ഉടയാടയഴിഞ്ഞ സോദരി
അഭിമാനത്തിനു കേണിടുന്നൊരാ
വനരോദന ഭേരികൾക്കിടെ
'മനകീ ബാത്തു' കുരച്ചു നിൽക്കയാം !
ഉടലിൽ രതി വിഭ്രമങ്ങൾ തൻ
പടയോട്ടങ്ങൾ സഹിച്ച്, കല്ലിനാ-
ലടിയേറ്റുമരിപ്പു പുത്രിമാർ;
അപരാധിക്കധികാരിമാർ തുണ!
വരളും പൊരിമണ്ണിലാർദ്രമാം
മഴയായ് പെയ്ത ദയാസമുദ്രമേ,
അധമാന്തക ശക്തികൾക്കു മേ-
മിനി നീ തീമഴയായി വീഴണം
പ്രജ പട്ടിണി; നാടുവാഴിയോ
ഖജനാവിൻ ചെലവിൽ സവാരിയും!
കുഴലൂത്തിനു കൂലി വേറെ;യീ
അപഹാസ്യാത്മക വൈകൃതങ്ങളോ;
അഭിസാരിക ചോർന്ന ഛർദ്ദിലിൽ
അമൃതേത്താടി, മൃഗീയ ചേതസാ-
കളവെയ്തു തളർത്തി; പച്ചയാം-
മുറിവിൽ നിന്നു നിണം നുകർന്ന നാൾ
പ്രതി പഞ്ജരമേറി നീതിമാൻ
നിയമത്തിന്നു വിധേയനായ് നൃപൻ;
അധികാരപദത്തിലും ക്ഷമാ-
നിരതൻ തന്നെ യഥാർത്ഥ ശക്തിമാൻ
അതിലും അതിശക്തനാകയോ
മരണത്തിന്റെ ഗുഹാമുഖത്തിലും ?...........
ഒരു നോക്കിനു വേണ്ടി വന്നവർ-
ക്കിടയിൽ മൗനമണിഞ്ഞിടുമ്പൊഴും ?
അപകർഷതയേറുമല്പരാം
ഭരണാഭാസ കുരങ്ങുകൾ, മണി-
ക്കുട ചൂടാതെ, ഒരർധരാത്രിയും
പുലരാനിന്നു വിസമ്മതിക്കയോ ?
ജനസേവന ചര്യ മാത്രമേ,
നില നിൽക്കുന്ന മഹത്ത്വമായ് വരൂ-



അവരോടു ജീവിതത്തിനാൽ-
മരണത്താലു-മതേ മൊഴിഞ്ഞു നീ
അതിനാലുപകാരിയാവണം
ലളിതോദാര മനസ്കനാവണം
ഇവിടുണ്ടൊരു മാതൃക, ഹാ ദ്രുതം!
അഭികാമ്യം അനുകർത്തൃ പാടവം.
ഒരു നല്ലവനൂഴി കാക്കുകിൽ
അറിയില്ലാരുമയാൾ ഭരിച്ചതായ്
ഒഴിവാൽ, തെളിയും അയാൾ, പ്രഭാ-
വലയം ചാർത്തിയ പൂർണ്ണകായനായ്
ശനിയും ഒരു ഞായറും ഭവാൻ
വരുമെന്നോർത്തു തുടിച്ച കോട്ടയം
മരവിച്ചിതികർത്തൃ മൂഢമായ്
ഇനി കുഞ്ഞൂഞ്ഞു വരില്ല പള്ളിയിൽ !
അരിമുല്ല വിടർന്ന പോലെ നീ-
നിറയാറുള്ള സദസ്സു ശൂന്യമായ്
ഇരുളായൊളി മങ്ങി മാഞ്ഞു നീ-
തിരിയായ് നിന്നു തെളിഞ്ഞ സന്ധ്യകൾ
ഇതു വിശ്രമവേള, ശാന്തമാ-
യിമ പൂട്ടുന്നതിനൊട്ടു മുൻപു നീ
അര നാഴിക നില്ക്ക, നെറ്റിമേൽ
കുളിരായ് നേടുക, നാടിനാദരം
വിട വാങ്ങുക, നാടു നീങ്ങുക
വെടിയൊച്ചയ്ക്കു നിഷേധമാർന്നു നീ
കുടിയേറുക, നെഞ്ചകങ്ങളിൽ
ഇടയാ, നിത്യത പൂകിടാവു നീ.
വിട നല്കുകയീ സതീർഥ്യനു,
പ്രിയ നേതാവിനെ ഉമ്മ വയ്ക്കുക,
ഒരു താര സുമം വിടർത്തുക
ഇതിഹാസോജ്ജ്വല ജന്മസീമയിൽ

ലേഖനം



# ഓർമ്മകളുടെ വിശുദ്ധവാരം

ഡോ. ബെറ്റി മോൾ മാത്യു

ഓശാന ഞായർ മുതൽ ഈസ്റ്റർ വരെയുള്ള ഒരാഴ്ചയാണ് വിശുദ്ധ വാരം അഥവാ വലിയ ആഴ്ച. വിശുദ്ധവാരം എന്ന പ്രയോഗം പ്രസിദ്ധി നേടിയിട്ട് ഏറെക്കാലമൊന്നും ആയിട്ടില്ല.. വലിയ ആഴ്ചയാണ് പ്രസിദ്ധമായ പഴയ പ്രയോഗം.

ജീവിതത്തിലെ ആദ്യരണ്ടു പതിറ്റാണ്ടിന്റെ സജീവമായ ഓർമ്മകളാൽ സമ്പന്നമാണ് ഈ ഒരാഴ്ച. വലിയ നോമ്പു തുടങ്ങുമ്പോൾ മുതൽ നോമ്പു വീടലിനെക്കുറിച്ചുള്ള ചർച്ചകൾ ആരംഭിക്കും.. പെസഹയ്ക്ക് പഴുപ്പിക്കാൻ

പാകത്തിന് ഒന്നുരണ്ടു വാഴക്കുലയെങ്കിലും പറമ്പിലുണ്ടാവും. ഓശാനയുടെ തലേന്നോ പിറ്റേന്നോ ഒക്കെയായി തേങ്ങ വെട്ടിക്കും. അതിൽ കരിക്ക് ഉണ്ടാവും.. ഇറച്ചിയിൽ കൊത്തിയിടാൻ പാകമായ ഇളവനുണ്ടാവും.. നെടുവരിയൻ തേങ്ങ പലതരം അപ്പമുണ്ടാക്കാനായി മാറ്റിയിടും.. വീട്ടാവശ്യത്തിനുള്ളതു നീക്കി വച്ച് ബാക്കി പൊതിച്ച് ചാക്കിൽ കെട്ടി ചുമന്നുകൊണ്ടുപോയി വിൽക്കും.. ഇപ്പോ ഒരു മൂന്നു തേങ്ങ തൂക്കിപ്പിടിക്കാൻ പറ്റാത്ത ഞാൻ പലപ്പോഴും അത്ഭുതത്തോടെ ഓർക്കാറുണ്ട് നൂറു തേങ്ങ നിറച്ച ചാക്ക് തലയിലേറ്റി കിലോമീറ്ററുകൾ നടന്നു പോയി വിറ്റ ചാച്ചയെ ..! തിരിച്ച് വരവ് വീട്ടുസാധനങ്ങളുടെ വമ്പൻ ചാക്കു കെട്ടും ചുമന്നാണ്.ചാച്ചയുടെ തലമുറയിലെ ചേട്ടന്മാരെല്ലാം ഇത്തരം അതികായന്മാർ ആയിരുന്നു.

കുരിശു വര തിരുനാൾ ഓർമ്മയുടെ അങ്ങേയറ്റത്ത് ബുധനാഴ്ചയായിരുന്നു.. പിന്നീട് തിങ്കളാഴ്ചയായി. പള്ളിയിലെ ഓർമ്മകളുടെ തുടക്കം ഈ വിഭൂതി ദിനത്തിൽ നിന്നുമാണ്. ഓശാന ഞായർ അത്ഭുതങ്ങളുടേതു കൂടിയാണ്.. ഓലയേന്തി പ്രദക്ഷിണം എത്തുന്നു ... പള്ളി അടഞ്ഞു കിടക്കും. അടഞ്ഞുകിടക്കുന്ന ആന വാതിലിനു മുന്നിൽ നിന്ന് അച്ചൻ നീട്ടിച്ചൊല്ലും.... 'വാതിലുകളേ ശിരസ്സുയർത്തുവിൻ .... നിത്യ കവാടങ്ങളേ തുറക്കുവിൻ .... മഹത്വത്തിന്റെ രാജാവെഴുന്നെള്ളുന്നു....' അകത്തു നിന്ന് അപ്പോൾ മറു ചോദ്യമുയരും...'ഈ മഹത്വത്തിന്റെ രാജാവാരാകുന്നു ....'

'യുദ്ധവീരനും ശക്തനുമായ കർത്താവു തന്നെ' എന്നു പറഞ്ഞ് തുമ്പോലയുടെ തണ്ടു കൊണ്ട് കതക് ഇടിച്ചു തുറന്ന് ജനമാകെ ഉള്ളിൽ പ്രവേശിക്കും.. അച്ചനു വേണ്ടി കതകിൽ ഇടിക്കുന്നത് നല്ല ഉയരവും ഒത്ത ശരീരവുമുള്ള ഒരു കൊച്ചേട്ടൻ ആയിരുന്നു..! ഇടവക സമൂഹത്തിൽ ഭക്തികൊണ്ടും വിശ്വാസം കൊണ്ടും സവിശേഷാധികാരങ്ങൾ നേടിയെടുത്ത പുണ്യചരിത നായിരുന്നു അദ്ദേഹം.. കുരിശു വരത്തിരുനാൾ മുതൽ നടക്കുന്ന സവിശേഷ കർമ്മങ്ങളിൽ ഉന്തും തള്ളും നിയന്ത്രിക്കാൻ അദ്ദേഹമുണ്ടാവും.. പള്ളിയിലേയ്ക്ക് പുറപ്പെട്ട് വഴിയിൽ കളിച്ചു നിൽക്കുന്ന പിള്ളേരെ വഴക്കു പറഞ്ഞ് പള്ളിയിലേയ്ക്ക് പായിക്കാനും വഴിയിൽ തല്ലു കൂടുന്നവരെ ചെവിക്കു പിടിക്കാനും വേണ്ടി വന്നാൽ ചുള്ളിക്കമ്പെടുത്ത് കുഞ്ഞുപെട കൊടുത്ത് വീട്ടിൽ പറഞ്ഞു വിടാനും അദ്ദേഹത്തിന് കഴിയുമായിരുന്നു.. അതിലൊന്നും ആരും പരിഭവിച്ചിരുന്നില്ല..! ഏതായാലും പൂട്ടിക്കിടക്കുന്ന ആനവാതിൽ ഇടിച്ചു തുറക്കുന്ന കൊച്ചേട്ടൻ ഒരു അത്ഭുതമനുഷ്യനായിരുന്നു എന്റെ കുഞ്ഞു മനസ്സിൽ. കാരണം അച്ചന്മാർ മാറുന്നുണ്ട്.. മാറാത്തത് കൊച്ചേട്ടനാണ്. അപ്പോൾ ദിവ്യൻ അദ്ദേഹമല്ലാതെ മറ്റാര്.. മാത്രമല്ല ആദാം വല്യപ്പൻ എന്നൊരു വട്ടപ്പേരും അദ്ദേഹത്തിനുണ്ടായിരുന്നു..! ഈ ഇടിച്ചു തുറക്കലിന്റെ രഹസ്യം പിന്നീട് പിടികിട്ടിയെങ്കിലും പഴയ അത്ഭുതത്തിന്റെ പരിസരത്ത് ചുറ്റിത്തിരിയാനായിരുന്നു ഏറെയിഷ്ടം.

ഇസ്രായേൽ ജനത ഈജിപ്തിന്റെ അടിമത്വത്തിൽ നിന്നും രക്ഷപ്പെട്ട് പോന്ന ദിവസത്തിന്റെ ഓർമ്മയാണ് പഴയ നിയമത്തിലെ പെസഹ... പുതിയ നിയമത്തിലെ പെസഹയാകട്ടെ യേശു പെസഹ ആചരിച്ചതിന്റെയും കുർബ്ബാന സ്ഥാപിച്ചതിന്റെയും പീഡാസഹനത്തിലേയ്ക്ക് കടന്നതിന്റെയും ഓർമ്മയാണ്..!

എന്നെ സംബന്ധിച്ച് ബാല്യത്തിന്റെയും മാതാപിതാക്കളുടെയും മാഞ്ഞു പോയ തലമുറകളിലെ അനേകം മനുഷ്യരുടെയും ഓർമ്മയാണ് ഓരോ പെസഹയും.. ഇന്നത്തെപ്പോലെ യന്ത്ര സഹായമൊന്നും ഇല്ലാത്ത കാലത്ത് വലിയ ആഴ്ച പണിയെടുപ്പിന്റെ കാലം കൂടിയാണ്.. ബുധനാഴ്ചയ്ക്കു മുമ്പു തന്നെ അപ്പത്തിനുള്ള അരി ഇടിച്ച് പൊടിച്ച് വറുത്തു വെക്കും. വാഴക്കുല വെട്ടി കെട്ടിത്തൂക്കും. ഇതിനിടയിലൊരു ദിവസം പോയി ആണ്ടുകുമ്പസാരം കഴിക്കും .അയൽക്കാർക്കും ബന്ധുക്കൾക്കും ഇടയിലുള്ള വഴക്കും പിണക്കവുമൊക്കെ രഞ്ജിപ്പിലെത്തുന്ന ദിവസങ്ങളാണത്... പെസഹ അപ്പം മുറിക്കുവാൻ വീട്ടിലേയ്ക്ക് പരസ്പരം ക്ഷണിക്കുന്നതോടെ പിണക്കം തീരും.. വലിയ കാലതാമസമില്ലാതെ അടുത്ത പിണക്കം വരുമെന്നത് വേറെ കാര്യം.. എന്നാലും വലിയ ആഴ്ചയിൽ എല്ലാവരും ഇണക്കത്തിലാവും.. കുടുംബത്തിൽ വേണ്ടപ്പെട്ടവരുടെ മരണം ഉണ്ടായാൽ ആ വർഷം അപ്പം പുഴുങ്ങാറില്ല.. അങ്ങനെയുള്ള അയൽവീടുകളിലേയ്ക്ക് അപ്പം പുഴുങ്ങി കൊടുക്കുന്നതും പതിവായിരുന്നു. പെസഹ

**ദു:ഖ വെള്ളി അതീവ ദു:ഖഭരിതമാണ്. കാലത്ത് മുറ്റം തൂക്കില്ല. തുണി അടിച്ചലക്കാൻ പാടില്ല. പിള്ളേർക്ക് കളി നിരോധനമാണ്. 'വ്യാകുല ഭംഗപ്പാട്' എന്ന ചിരപുരാതന ഗ്രന്ഥമാണ് വീട്ടിലിരിക്കുന്നവർക്ക് വായിക്കാൻ അനുമതിയുള്ളത്..**

ദിവസം തേങ്ങ തിരുമ്മാനും അപ്പത്തിന്റെ മാവ് കുഴക്കാനുമൊക്കെ അച്ചായന്മാരുടെ സജീവ സാന്നിധ്യം അടുക്കളയിലുണ്ടാവും.. എന്നാലും കിലോക്കണക്കിന് അരിയുടെ ഇണ്ടറി അപ്പവും വട്ടയപ്പവും പുഴുങ്ങിയെടുക്കൽ അമ്മച്ചിമാരുടെ പണിയായിരുന്നു.. കൂടാതെ പുത്തൻ കലത്തിൽ ലിറ്ററു കണക്കിനു പാലും കാച്ചണം. തേങ്ങാപ്പാലും ശർക്കരയും കൂടിയുള്ള സവിശേഷ കോമ്പിനേഷനാണ് ഈ പാല്. തൂശനിലയിലാണ് കുരിശപ്പം പുഴുങ്ങുന്നത്. ചിലർ കിണ്ണത്തിലും പുഴുങ്ങും.. ഏതായാലും കുരിശപ്പം വെന്തു പുറത്തെടുക്കുമ്പോൾ വിണ്ടിരുന്നാൽ അത് വീട്ടിൽ അടുത്ത പെസഹയ്ക്ക് മുമ്പേ മരണം ഉണ്ടാവുമെന്നതിന്റെ സൂചനയാണ്.. !പ്രായമായവർ ഉള്ള വീടുകളിൽ അപ്പം വിണ്ടാൽ 'അയ്യോ ഇച്ചായൻ / അമ്മച്ചി അറിയേണ്ട' എന്ന വിലാപശ്രുതി അടുക്കളയിൽ ചുറ്റിത്തിരിയും.. മരണം ആർക്കുമാവാം എന്ന തിരിച്ചറിവൊന്നും ആരെയും അലട്ടുന്നില്ല.

ഇതിനിടയിലാണ് വൈകുന്നേരം പള്ളിയിലെ പന്തീ ഭോജനത്തിനും കാലുകഴുകൽ ശുശ്രൂഷയ്ക്കും ഓടിയെത്തുന്നത്. മടി പിടിച്ചിരിക്കുന്ന പിള്ളേരെ ഓടിച്ചു വിടുന്നത്. എന്നാലും തീരില്ല.. സന്ധ്യാ പ്രാർത്ഥനയുടെ സമയത്ത് എല്ലാറ്റിനെയും അടുപ്പിച്ചു കൂട്ടി 'മിശിഹാ നമുക്കു വേണ്ടി മരണത്തോളം കീഴ്വഴങ്ങി' എന്ന ത്രിസന്ധ്യാ ജപത്തിൽ തുടങ്ങി കൊന്ത എത്തിച്ചിട്ടു വേണം അപ്പം മുറിക്കലിലേയ്ക്ക് കടക്കാൻ. അപ്പംമുറിക്കൽ ഓരോ വീട്ടിലും പാന പാടിയിട്ടാണ്. പുത്തൻ പാനയുടെ പത്താം പാദം ചിമ്മിനി വിളക്കിന്റെ വെട്ടത്തിലിരുന്ന് ഈണത്തിൽ പാടുന്ന കൊച്ചേട്ടന്മാരും കുഞ്ഞേട്ടന്മാരും ഇന്നും ഗംഭീരമായ ഓർമ്മയാണ്.! ഓരോ വീട്ടിലെയും അപ്പത്തിന്റെയും പാലിന്റെയും കുറ്റവും കുറവും പറഞ്ഞാണ് മടക്കയാത്ര.

ദു:ഖ വെള്ളി അതീവ ദു:ഖഭരിതമാണ്. കാലത്ത് മുറ്റം തൂക്കില്ല. തുണി അടിച്ചലക്കാൻ പാടില്ല. പിള്ളേർക്ക് കളി നിരോധനമാണ്. 'വ്യാകുല ഭംഗപ്പാട്' എന്ന ചിരപുരാതന ഗ്രന്ഥമാണ് വീട്ടിലിരിക്കുന്നവർക്ക് വായിക്കാൻ അനുമതിയുള്ളത്.. ഇതിന്റെ കോപ്പി പിന്നീട് തപ്പിയിട്ടുണ്ടെങ്കിലും കിട്ടിയിട്ടില്ല. രചയിതാവാരെന്നും ഓർമ്മയില്ല.. ഏതായാലും ഭക്തി സാഹിത്യത്തിലെ ഒരു അമൂല്യകൃതിയായിരുന്നു അതെന്ന് മാത്രമേ പറയാനാവൂ.

അന്നേ ദിവസം ഒരു നേരമാണ്.. പക്ഷേ പിള്ളേർ രാവിലെ കടുംകാപ്പിയും തലേന്നത്തെ അപ്പത്തിന്റെ ബാക്കിയും ഒക്കെ കഴിച്ചാണ് പള്ളിയിൽ പോകുന്നത്.... ഗാഗുൽത്താ മലയിൽ നിന്നും ഉയരുന്ന വിലാപത്തിന്റെ മാറ്റൊലിക്കൊപ്പം അന്നു മാത്രമുയരുന്ന മരണ മണിയുടെ കറകറ ശബ്ദം. നീണ്ടു നിൽക്കുന്ന നാടകീയമായ വായനകൾ. അവിടെയും ഒരാൾക്ക് മാത്രം സ്ഥിരം റോൾ ഉണ്ട്. അത് കപ്യാർ കുഞ്ഞൂട്ടിയ്ക്കാണ്. 'ഗുരോ സ്വസ്തി' എന്നു പറയുന്ന യൂദാസിന്റെ റോൾ.. ഈ നെടുനീളൻ പരിപാടി കഴിഞ്ഞ് തൂങ്ങപ്പെട്ട രൂപം മുത്തി പുറത്തിറങ്ങുമ്പോൾ കുടിയ്ക്കാൻ കയ്പ് നീര് കിട്ടും.. പാവലിലയുടെ കൈയ്പ് നുണഞ്ഞ് വീട്ടിലെത്തിയാൽ ഉച്ചയ്ക്ക് ഒരു നേരം ഊണാണ്. പരിപ്പുകറിയും പപ്പടവും പാവയ്ക്ക തോരനും ഉറപ്പായും ഉണ്ടാവും. അകമ്പടിയ്ക്ക് ഏതെങ്കിലും ഒരു അച്ചാർ .. തീർന്നു..

ഉച്ച കഴിഞ്ഞ് മൂന്നുമണിയോടെ ആഘോഷമായ സ്ലീവാപ്പാത. മുക്കുളം പള്ളിയുടെ സ്വന്തം കുരിശുമല പുതുചിറപ്പാറ ആയിരുന്നു. അത് വലിയൊരു മലയാണ്. മലമുകളിൽ ഒരു പ്രസംഗവും ഉണ്ടാവും. അത് പുറത്തു നിന്നും വരുന്ന ഏതെങ്കിലും അച്ചന്മാരുടെ വകയാണ്.. ഏതാനും വർഷങ്ങളിൽ ഏന്തയാർ ഇടവകയും ചേർന്ന് സംയുക്തമായി കുരിശിന്റെ വഴി തൂങ്ങാമുടി വഴി നടത്തിയിരുന്നു.. ഏന്തയാർ വേളാങ്കണ്ണി മാതാവിന്റെ പള്ളിയിൽ നിന്നും തുടങ്ങി തൂങ്ങാമുടി കയറി മുക്കുളം പള്ളിയിൽ അവസാനിക്കുന്ന അതിദീർഘമായ കുരിശിന്റെ വഴി.. വഴിയുടെ കാഠിന്യം കൊണ്ടാവാം അതു ദീർഘകാലം തുടർന്നില്ല.. പക്ഷേ അതൊരു മറക്കാനാവാത്ത അനുഭവമായിരുന്നു..!

ഏതായാലും ഉച്ച കഴിഞ്ഞത്തെ മലകയറ്റത്തിനു മിക്കവാറും ചാച്ചയും അമ്മച്ചിയും വരാറില്ലായിരുന്നു. മലകയറി തളർന്ന് പിള്ളേർ എത്തുമ്പോഴേയ്ക്കും ചക്കപ്പുഴുക്കും കാന്താരിച്ചമ്മന്തിയും കട്ടൻ കാപ്പിയുമൊരുക്കി അവർ കാത്തിരിപ്പുണ്ടാവും.. അത്ര രുചിയേറിയ ചക്കപ്പുഴുക്ക് പിന്നീടിന്നു വരെ കഴിച്ചിട്ടില്ല..

കള്ളപ്പത്തിന്റെയും ഇറച്ചിയുടെയും മണവും നിലാവിന്റെ കുളിരുമായി ഈസ്റ്ററും വാഗമൺ കുരിശുമല കയറാനുള്ള വിളിയുമായി പുതുഞായറും വന്നു പോകുന്നതോടെ മധ്യവേനലവധിയുടെ അലസകാണ്ഡം ആരംഭിക്കുകയായി..



കഥ.

# മേലേടത്തെ ഓണം... ഒരു മുത്തശ്ശിക്കഥ



ഷാനവാസ് ഖാൻ ഇ.

'എന്നിട്ട് അച്ചച്ചൻ എന്ത് ചെയ്തു മുത്തശ്ശി..'

ഉറക്കം തൂങ്ങി തുടങ്ങിയ മുത്തശ്ശിയുടെ താടിക്ക് പിടിച്ച് കുലുക്കി കൊണ്ടാണ് അച്ചു ചോദിച്ചത്.

'അവസാനം..എല്ലാം ഇട്ടെറിഞ്ഞ് മാലതിയുടെയും കുട്ടികളുടെയും കയ്യും പിടിച്ച് രാഘവൻ മേലേടത്തു നിന്നും പടിയിറങ്ങി..'

ഉറക്കച്ചടവിലും ഒന്നു നെടുവീർപ്പിട്ടുകൊണ്ടാണ് മുത്തശ്ശി പറഞ്ഞത്.

'എന്നിട്ട്?..അച്ചുവിന്റെ മുഖത്ത്  സങ്കടം നിറഞ്ഞു.

'എന്നിട്ട്.. അങ്ങ് പൊള്ളാച്ചിക്കടുത്ത് ഒരു മൊട്ടക്കുന്നിൽ കുറച്ച് തരിശുഭൂമി വാങ്ങി ഒരു കുടിലും കെട്ടി, കൃഷിയുമൊക്കെയായി അവിടെയായിരുന്നു..

'പാവം..'ഒന്നു നിർത്തിയിട്ട് അച്ചു പിന്നെയും ചോദിച്ചു'എന്നിട്ട്?..

'എന്നിട്ടെന്താ..കൊത്തിക്കിളച്ചു കൃഷി ചെയ്തു അവിടെയും അവൻ പൊന്നു വിളയിച്ചു..മോന്റെ അച്ഛൻ ഉണ്ണിയെയും അപ്പച്ചിയെയും പഠിപ്പിച്ചു വലിയ നിലയിൽ ആക്കി..പിന്നെ വലിയ ബിസിനസ് ഒക്കെയായി..ഇപ്പോൾ 'രാഘവൻ മുതലാളി'യുമായി..'

'അങ്ങനെ മുത്തശ്ശിയും അവിടേക്ക് പോയി അല്ലേ..'

അച്ചുവിന് ഇപ്പോഴാണ്  സന്തോഷമായത്.

'അതേ മോനെ..പിന്നീട് തറവാട്ടിൽ താമസിച്ചിരുന്ന ഇളയച്ഛനും ശോഭ കുഞ്ഞമ്മയും കൂടി അങ്ങ് ഡൽഹിക്ക് പോയതോടെ, നോക്കാനും കാണാനും ആരുമില്ലാതായ തറവാട് വിൽക്കുന്നതിനായി പിന്നീടൊരിക്കൽ എല്ലാവരും ഇവിടെ ഒത്തുകൂടിയത്.. അതൊരു ഓണക്കാലമായിരുന്നച്ചൂ.. മാവേലിത്തമ്പുരാൻ ശരിക്കും മേലേടത്ത് എത്തിയ ഓണം..'

മുത്തശ്ശിയുടെ മങ്ങിയ കണ്ണുകളിൽ പഴയ ആ ഓണച്ചന്തം മെല്ലെ തെളിഞ്ഞുവന്നു

ഓർമ്മകളുടെ കൽപ്പടവുകളിലൂടെ അച്ചുവിനെയും കൂട്ടി മുത്തശ്ശി വീണ്ടും യാത്രയായി..

കണ്ണെത്താദൂരത്തോളം പരന്നു കിടക്കുന്ന നെൽപ്പാടങ്ങളെ നെടുകെ കീറിമുറിച്ച പാതയിലൂടെയായിരുന്നു കാർ ഓടിക്കൊണ്ടിരുന്നത്.. തുറന്നിട്ട ജാലകത്തിലൂടെ അകത്തേക്ക് ചൂളമടിച്ചെത്തുന്ന വള്ളുവനാടൻ കാറ്റിന് പുന്നെല്ലിന്റെ മണവും തൂമഞ്ഞിന്റെ കുളിരുമായിരുന്നു

നാദിറ കഴുത്തിൽ കിടന്ന ഷാൾ എടുത്ത് ചെവി മൂടി കെട്ടി.

'ഹായ് എന്ത് ഭംഗിയുണ്ട് അത് കാണാൻ.. മാനത്തു നിന്നും വാരിവിതറിയത് പോലെ..'

കൊയ്ത്തു കഴിഞ്ഞ പാടത്തേക്ക് പറന്നിറങ്ങിയ തത്തക്കൂട്ടത്തെ നോക്കിയാണ് അവൾ പറഞ്ഞത്.

'ഓഹ്..ഇതൊക്കെ എന്ത്..' എന്ന മട്ടിൽ ഉണ്ണി അവളെ നോക്കി.

പക്ഷേ ബാംഗ്ലൂർ നഗരത്തിൽ ജനിച്ചു വളർന്ന നാദിറക്ക് സിനിമയിലും മറ്റു ദൃശ്യമാധ്യമങ്ങളിലും മാത്രം കണ്ടിട്ടുള്ള കാഴ്ചകൾ ആയിരുന്നു അതെല്ലാം..

വെള്ളിമേഘങ്ങൾ ചേലചുറ്റിയ അനങ്ങാമലയുടെ താഴ് വാരത്ത്,

നെൽപ്പാടങ്ങളെ അതിരിട്ട് കാറ്റിലാടി ഉലയുന്ന തെങ്ങിൻ തോപ്പുകൾ പന മണ്ണയിലേക്ക് തങ്ങളെ മാടിവിളിക്കുന്നതായി അവൾക്കു തോന്നി..

ടാറിട്ട റോഡിൽ നിന്നും വലത്തോട്ട് തിരിഞ്ഞ് ഏകദേശം അര കിലോമീറ്ററോളം മൺപാത യിലൂടെ ഓടിയ കാർ ചെന്ന് നിന്നത് 'മേലേടത്ത്' തറവാടിന്റെ വിശാലമായ



മുറ്റത്തായിരുന്നു..

ഇടത്തേ അറ്റത്തു നിന്നും വലത്തേയറ്റംവരെ നീണ്ട വിശാലമായ പൂമുഖവും, സോപാന ത്തിൽ ഉറപ്പിച്ച തേക്കിൻതൂണുകളും മനോഹ രമാക്കിയ, പഴമയുടെ പ്രൗഢിയോടും പെരുമ യോടും തലയുയർത്തി നിന്ന മൂന്നു നില മാളികയുടെ മുറ്റത്തു നിന്നപ്പോൾ ഉണ്ണിയുടെ ഓർമ്മകളുടെ കളിമുറ്റത്ത് രണ്ട് കുഞ്ഞിക്കാലടികൾ വീണ്ടും പിച്ചവെക്കുവാൻ തുടങ്ങിയിരുന്നു..

ചേച്ചിയോടൊപ്പം ഉമ്മറത്തിരുന്ന് സന്ധ്യാ നാമം ജപിക്കുന്നതിനിടയിൽ പാടത്തെ ഉഴവും കഴിഞ്ഞ് മൂരികളേയും പിടിച്ച് പടിപ്പുര കടന്നുവരുന്ന അച്ഛന്റെ ഗൗരവത്തിലും ശകാരത്തിലും പൊതിഞ്ഞ കരുതലും സ്നേഹവും..സുഖവും ദുഃഖവും അച്ഛന്റെ നിഴലായി പങ്കിട്ട അമ്മ.. ഉമ്മറത്തെ സോപാനത്തിൽ ഇരുന്ന് ബീഡി വലിക്കുകയും ഒപ്പം തന്നെ കാറി കാറി ചുമക്കുകയും ചെയ്യുന്ന ശ്രീധരൻമാമ.. വിജയൻ കൊച്ചച്ചൻ, ശോഭ കുഞ്ഞമ്മ, നളിനി ആന്റി, സുധ ആന്റി, പിന്നെ എല്ലാത്തിനും മുഖസാക്ഷിയായ അച്ഛമ്മ..

അങ്ങനെ വാത്സല്യം വാരിക്കോരി വിളമ്പിയവരുടെ അടുത്തേക്ക് വീണ്ടും എത്തിയത് പോലെ

'ആഹാ..ഉണ്ണിക്കുട്ടൻ എത്തിയോ..?

താഴെ തൊടിയിൽ നിന്നും പടിപ്പുര കയറി വന്ന വൃദ്ധൻ പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു.

ചിന്തകളിൽ നിന്നുണർന്ന ഉണ്ണി ശബ്ദം തിരിച്ചറിഞ്ഞു..അച്ഛന്റെ പ്രിയ ചങ്ങാതിയായിരുന്ന 'സെയ്താലിമാമ'..

'ഞങ്ങൾ ഇപ്പോൾ എത്തിയതേ ഉള്ളൂ സെയ്താലിമാമാ..' ഉണ്ണി പറഞ്ഞു.

'വളർന്നു വല്യ ആളായിരിക്കുന്നു..' സെയ്താലി തന്നേക്കാൾ പൊക്കവും തടിയു മുള്ള ഉണ്ണിയെ സ്നേഹവായ്പ്പോടെ ആശ്ലേഷിക്കുന്നത് കൗതുകത്തോടെയാണ് നാദിറ നോക്കിനിന്നത്..

'നാളെ എല്ലാവരും എത്തുമെന്നാണ് അറിയിച്ചിരിക്കുന്നത്..'

വർഷങ്ങൾക്ക് ശേഷം നടക്കാൻ പോകുന്ന കൂടിച്ചേരലിന്റെ സന്തോഷം നിറഞ്ഞു നിന്നിരുന്നു സെയ്താലിയുടെ ശബ്ദത്തിൽ.

യാത്രാ ക്ഷീണവും, നാടൻ കറികൾ കൂട്ടിയുള്ള ഊണും കൂടി ആയപ്പോൾ ഉണ്ണിക്കും നാദിറയ്ക്കും ഒന്ന് മയങ്ങിയാൽ കൊള്ളാമെന്നായി..

താഴത്തേതു പോലെ തന്നെ മുകളത്തെ നിലയിലുള്ള നീണ്ട വരാന്തയിൽ നിലത്ത് പായ വിരിച്ചു കിടന്ന ഉണ്ണി പാതിമയക്കത്തിൽ ആ താരാട്ട് പാട്ടിന്റെ ശീലുകൾ പിന്നെയും കേട്ടു..

'താമരക്കണ്ണനുറങ്ങേണം
കണ്ണും പൂട്ടിയുറങ്ങേണം..
അച്ഛനെപ്പോലേ വളരേണം
അമ്മയ്ക്ക് തണലായ് മാറേണം..

അഞ്ചുമണിയോടെ റൂമിൽ നിന്ന് ഉണർന്നെണീറ്റ് വന്ന നാദിറ, വരാന്തയിൽ അപ്പോഴും കൂർക്കം വലിച്ചുറങ്ങുന്ന ഉണ്ണിയെ കൗതുകത്തോടെ നോക്കി നിന്നു.. ഇത്രയും സ്വസ്ഥമായി ഉറങ്ങുന്ന ഉണ്ണിയെ ആദ്യമായി കാണുന്നതുപോലെ..

അവൾ അവനെ മെല്ലെ തട്ടി ഉണർത്തി..

ചായ കുടി കഴിഞ്ഞ് തൊടിയും പറമ്പുമെല്ലാം കാണാനായി നാദിറ ഉണ്ണിയേയും കൂട്ടി ഇറങ്ങി. പഞ്ഞ കർക്കിടകത്തിൽ നിന്ന് സമൃദ്ധിയുടെ പൊന്നിൻ ചിങ്ങത്തിലേക്ക് ഋതുമതി ആയതുപോലെ എങ്ങും തളിർത്തു പച്ച പുതച്ചു കിടന്നു പ്രകൃതി..

കായ്ച്ചു കുലച്ചു കിടക്കുന്ന കപ്പത്തെങ്ങും, തേൻവരിക്കപ്ലാവും, കിളിച്ചുണ്ടൻ മാവുമൊക്കെ തണൽ വിരിച്ച പറമ്പിലൂടെ സർപ്പക്കാവിനടുത്തുള്ള മുത്തശ്ശന്റെ അസ്ഥിത്തറയും, പടിപ്പുര ഇറങ്ങിച്ചെല്ലുന്ന കൊയ്ത്തു കഴിഞ്ഞ പാടവും, തോടും, വരമ്പുമെല്ലാം..നഷ്ടപ്പെട്ട ഭൂതകാലത്തിന്റെ മധുരമുള്ള വേദനകൾ മാത്രമായിരുന്നു നാദിറക്ക്..

അങ്ങനെ അടുത്ത ദിവസം മറ്റെല്ലാവരും കൂടി എത്തിച്ചേർന്നപ്പോൾ ശരിക്കും ഉത്സവാന്തരീക്ഷമായി തറവാട്ടിൽ. മുത്തശ്ശിയുടെ ചിരിയും ചുറുചുറുക്കുമൊക്കെ തിരികെ വന്നത് പോലെ..

'എല്ലാരും ഇങ്ങനെ മൊബൈൽ ഫോണും നോക്കി ഇരുന്നാൽ മതിയോ?..ഇന്ന് ഉത്രാടമല്ലേ..മുറ്റത്തൊരു പൂക്കളം ഇടേണ്ടേ കുട്ട്യോളെ?..

മുത്തശ്ശി പരിഭവത്തോടെ ചോദിച്ചു.

മൊബൈലിൽ മുഖം പൂഴ്ത്തിയിരുന്ന കുട്ടികൾ കേട്ടിട്ടും മുഖമുയർത്തിയില്ല.

'വർഷങ്ങൾക്ക് ശേഷം കണ്ടിട്ടും നിങ്ങൾക്ക് പറയാനും കേൾക്കാനും ഒന്നുമില്ലേ കുട്ട്യോളെ? എന്തൊരു കാലമാണ് ഈശ്വരാ ഇത്..' മുത്തശ്ശിക്ക് ദേഷ്യമായി..

'അവർക്ക് അതൊന്നും അറിയില്ലല്ലോ അമ്മേ.. കുട്ടികളെ എല്ലാം ഒന്ന് പഠിപ്പിച്ചു കൊടുക്കണം.. അതുകൊണ്ട് രണ്ടുദിവസത്തേക്ക് എല്ലാവരും മൊബൈലും ടാബും എല്ലാം ഒന്ന് മാറ്റി വെക്കണം..എന്നിട്ട് ഇക്കുറി നമ്മൾക്ക് ഓണം ശരിക്കും അങ്ങ് അടിച്ചു പൊളിക്കാം... എന്തുപറയുന്നു..' വിജയൻ കൊച്ചച്ചൻ ആണ് പറഞ്ഞത്.

മനസ്സില്ലാമനസ്സോടെ ആണെങ്കിലും 'എന്നാ.. അങ്ങനെ ആവട്ടെ കാർന്നോരെ..' എന്ന മട്ടിൽ എല്ലാവരും തലയാട്ടി

അങ്ങനെ ആദ്യപടിയായി അവർ നാദിറയുടെ നേതൃത്വത്തിൽ പൂ പറിക്കാനായി തൊടിയിലേക്ക് ഇറങ്ങി..

കളിചിരി ഒച്ചകളുമായി പൂമ്പാറ്റകളെപ്പോലെ അവർ പറമ്പിലും തൊടിയിലും എല്ലാം പാറി നടന്ന് പൂക്കുട്ടകൾ നിറച്ചു.. സന്ധ്യ ആയപ്പോഴേക്കും മേലേടത്തെ മുറ്റത്ത് മെഴുകിയ തറയിൽ വർഷങ്ങൾക്ക് ശേഷം വീണ്ടും ഒരു പൂക്കളം ഒരുങ്ങി..

പാടത്തു നിന്നെടുത്ത ചെളി കുഴച്ച് മുത്തശ്ശി തൃക്കാക്കര അപ്പനെ ഉണ്ടാക്കുന്നത് കുട്ടികൾ കൗതുകത്തോടെ നോക്കി നിന്നു..

അപ്പോഴേക്കും സെയ്താലിമാമയും, പറ



മ്പിൽ തേങ്ങയടർത്താൻ വരുന്ന മാമനും ചേർന്ന് പുളിമരത്തിന്റെ ഏറ്റവും ഉയർന്ന ശിഖരത്തിൽ വടം കെട്ടി ഒരു ഊഞ്ഞാലും ഇട്ടു കഴിഞ്ഞിരുന്നു..

ഇരുട്ടായിട്ടും ഊഞ്ഞാലാടാൻ പുളിമരചുവട്ടിൽ കുട്ടികൾക്കൊപ്പം മുതിർന്നവരുടേയും തിക്കും തിരക്കുമായിരുന്നു..

അപ്പോഴാണ് കാത്തിരുന്ന രണ്ട് അഥിതികൾ കൂടി എത്തിച്ചേർന്നത്.

നാദിറയുടെ ബാപ്പയും ഉമ്മയും !!

ബിസിനസിന്റെ തിരക്കുകളിൽ നിന്നും രണ്ടു ദിവസത്തേക്ക് അവധിയെടുത്താണ് ബാംഗ്ലൂരിൽ നിന്ന് അവരും വന്നിരിക്കുന്നത്..

തൊടിയിലും പറമ്പിലുമെല്ലാം ഓടിച്ചാടിയും, ഊഞ്ഞാലാടിയും ശീലമില്ലാത്തതിനാൽ നന്നേ തളർന്നുപോയ കുട്ടികൾ മൊബൈൽ ഫോണുകളിലേക്ക് നോക്കുക പോലും ചെയ്യാതെ അത്താഴവും കഴിഞ്ഞ് ഉറങ്ങുവാൻ കിടന്നു..

ഉത്രാടരാവിലെ ഓണനിലാവിൽ കുളിച്ചുനിന്ന മേലേടത്ത് തറവാടിന്റെ തുറന്നിട്ട ജാലകങ്ങളിലൂടെ പറന്നെത്തിയ മിന്നാമിനുങ്ങുകളുടെ നുറുങ്ങു വെട്ടത്തിൽ കുട്ടികൾ തങ്ങൾക്ക് നഷ്ടപ്പെട്ട ലോകത്തിന്റെ കാണാകാഴ്ചകൾ കണ്ടുറങ്ങി..

തിരുവോണപ്പുലരിയിൽ മാതേവരെ പൂജിച്ചു, സ്ത്രീജനങ്ങൾ അടുക്കളയിൽ ഓണസദ്യ ഒരുക്കുന്ന തിരക്കിലായപ്പോൾ, പുരുഷകേസരികൾ പൂമുഖത്ത് ചർച്ചകളും ചിരിതമാശകളുമായിരുന്നു..

കുട്ടികൾ ഊഞ്ഞാലാട്ടവും, പാടത്തെ തോട്ടിൽ ഒറ്റാൽ വെച്ച് മീൻപിടുത്തവും ഒക്കെയായി ആകെ തിമിർപ്പിൽ ആയിരുന്നു..

'പൂമുഖത്തിരുന്ന് തമാശകൾ പറഞ്ഞു പൊട്ടിച്ചിരിക്കുന്ന ആ മനുഷ്യനാണോ?.. ഉണ്ണി പറഞ്ഞ 'കർക്കശക്കാരനായ മേലേടത്ത് രാഘവൻ നായർ' പാടവരമ്പിലൂടെ നടക്കുന്നതിനിടയിൽ നാദിറ ചിരിച്ചുകൊണ്ട് ചോദിച്ചു.

'പണ്ട് ഇങ്ങനെ ആയിരുന്നില്ല..എപ്പോഴും ഗൗരവവും ശകാരവും മാത്രം..' ഉണ്ണി പറഞ്ഞു.

'ജപ്തി നോട്ടീസും കൈയിൽ പിടിച്ച് പകച്ച് നിന്ന അമ്മയെയും സഹോദരങ്ങളേയും ഇവിടം വരെ എത്തിക്കണമെങ്കിൽ രസികനും സരസനും മാത്രമായാൽ പോരല്ലോ ഉണ്ണി.. മുപ്പതു വർഷങ്ങൾക്ക് മുമ്പത്തെ 'ശരികൾ' ഒരുപക്ഷേ ഇന്ന് ശരികളല്ലായിരിക്കാം..അതുപോലെ ഇന്ന് നാം 'ശരിയെന്ന്' ധരിക്കുന്നവയൊക്കെയും ഭാവിയിലും ശരികൾ ആവണമെന്നില്ലല്ലോ.. കാലഘട്ടത്തിനും, സാഹചര്യങ്ങൾക്കു മനുസരിച്ച് കാഴ്ചപ്പാടുകളും മാറില്ലേ ഉണ്ണി.. നമ്മുടെ കാര്യമാണോ ഉദ്ദേശിച്ചത്?..

ഉണ്ണി പെട്ടെന്ന് തിരിഞ്ഞുനിന്ന് നാദിറയുടെ മുഖം ഇരുകൈകൊണ്ടും ചേർത്തുപിടിച്ചു ചോദിച്ചു... ഉണ്ണിയുടെ ചുടുനിശ്വാസം അവളുടെ മുഖത്തേക്ക് അടിച്ചു..

'അല്ല പൊന്നോ...' അവനെ പിന്നിലേക്ക് തള്ളിക്കൊണ്ട് അവൾ പറഞ്ഞു.

പന്ത്രണ്ട് മണി ആയപ്പോഴേക്കും സദ്യ തയ്യാറായി കഴിഞ്ഞിരുന്നു..

മേലേടത്തെ നീണ്ട പൂമുഖത്ത് രണ്ടുവരിയായി ഇട്ട തൂശനിലകളിലേക്ക് വർഷങ്ങൾക്ക് ശേഷം സ്നേഹവും സന്തോഷവും പലപല വിഭവങ്ങളായി നിരന്നു..

ഓണമുണ്ട് മനം നിറഞ്ഞു ചിരിതമാശകളുമായി പൂമുഖത്തിരിക്കുമ്പോഴായിരുന്നു എല്ലാവരുടെയും ഉള്ളിൽ അസ്വസ്ഥതയുടെ വിത്തുകൾ പാകി കൊണ്ട് വീണ്ടും വിജയകുമാരൻ നായർ തറവാട് വിൽക്കുന്നതിനെക്കുറിച്ചുള്ള ചർച്ചയ്ക്ക് തുടക്കമിട്ടത്..

'നോക്കാനും കാണാനും ആരുമില്ലാതെ നശിച്ചുകൊണ്ടിരിക്കുന്ന ഈ തറവാട് വിൽക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാനാണല്ലോ പ്രധാനമായും നമ്മൾ ഒത്തുകൂടിയത്.. എന്താണ് എല്ലാവരുടെയും അഭിപ്രായം?...

നല്ലൊരു തുക കിട്ടുന്ന കാര്യമാണെങ്കിലും, തങ്ങൾക്ക് എല്ലാമെല്ലാമായിരുന്ന തറവാട് വിൽക്കുന്നതിനെക്കുറിച്ച് പെട്ടെന്ന് കേട്ടപ്പോൾ ഉണ്ടായ അങ്കലാപ്പിൽ എല്ലാവരുടെയും നോട്ടം ചെന്നുനിന്നത് ഒന്നും മിണ്ടാതെ പാടത്തേക്ക് നോക്കിയിരുന്ന രാഘവൻ നായരുടെ മുഖത്താണ്..

'ഇത് ഇങ്ങനെ കിടന്നു നശിച്ചാൽ ആർക്ക് എന്ത് പ്രയോജനം? എല്ലാവർക്കും പ്രയോജനമുള്ള കാര്യമായതുകൊണ്ടാണ് പറഞ്ഞത്..'

ആരും ഒന്നും മറുപടി പറയാതെ ആയപ്പോൾ വിജയനും രാഘവൻ നായരെ നോക്കി..

'ഞാൻ അല്പം സംസാരിച്ചോട്ടെ..' നാദിറയുടെ ബാപ്പ സെയ്ദ് മുഹമ്മദ് സാഹിബിന്റെതായിരുന്നു ആ ഘനഗംഭീര ശബ്ദം.

'പറഞ്ഞോളൂ സാഹിബ്..' വിജയൻ പറഞ്ഞു.

'നിങ്ങളെ എല്ലാവരെയും ഇന്നലെയാണ് കണ്ടതെങ്കിലും രാഘവൻ നായരുമായി വളരെ മുൻപേ എനിക്ക് ബന്ധമുണ്ട്.. ആരോടും ഒന്നും പറയണ്ട..എന്നായിരുന്നു അദ്ദേഹം പറഞ്ഞിരുന്നതെങ്കിലും രണ്ടു വാക്ക് പറയാതിരിക്കാൻ എനിക്ക് പറ്റില്ലാ..'

ക്ഷമാപണമായി രാഘവൻനായരെ നോക്കി ഒന്ന് കൈകൂപ്പിയിട്ട് അദ്ദേഹം തുടർന്നു..

'പൊള്ളാച്ചിയിലെ ഫാമിൽ നിന്ന് മാത്രം ശരാശരി 20 ലക്ഷം രൂപയുടെ ചരക്കാണ് അദ്ദേഹം എല്ലാ വർഷവും എനിക്ക് ബാംഗ്ലൂരിലേക്ക് അയച്ചു തരുന്നത്.. അങ്ങനെ എവിടെയെല്ലാം ഫാമുകൾ.. മണ്ണിനെയും കൃഷിയെയും എന്നും വിശ്വസിച്ച..തോൽക്കാൻ തയ്യാറാകാത്ത ഒരു കർഷകൻ..അതിലുപരി വന്ന വഴികളൊന്നും മറക്കാത്ത പച്ചയായ ഒരു മനുഷ്യൻ നിങ്ങൾക്കിന്നും മനസ്സിലാകാത്ത അദ്ദേഹത്തോട് സ്നേഹത്തെക്കാളുപരി ബഹുമാനമാണ് എനിക്ക്..'

സ്തബ്ധരായി ഇരുന്നവരുടെ നിറഞ്ഞ കണ്ണുകളിൽ, സർവ്വവും ഇട്ടെറിഞ്ഞ് ഭാര്യയുടെയും കുഞ്ഞുങ്ങളുടെയും കൈപിടിച്ച് പടി കടന്നുപോയ മങ്ങിയ ഒരാൾ രൂപം തെളിഞ്ഞു വന്നു..

'എങ്കിലും.. ഇന്നും നിങ്ങൾ പരസ്പരം എത്രയധികം സ്നേഹിക്കുന്നു എന്നതാണ് എന്നെ ആശ്ചര്യപ്പെടുത്തുന്നത് കാലപ്രവാഹത്തിൽ കൂട്ടുകുടുംബം അണുകുടുംബങ്ങളായി അകന്നകന്ന് പോയിട്ടും.. നിങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നത് ഈ തറവാടും, ഇവിടെ നിന്ന് ലഭിച്ച സ്നേഹവും, കരുതലും, മൂല്യങ്ങളുമാണെന്ന് ഇനിയെങ്കിലും തിരിച്ചറിയണം..'

പുഞ്ചിരിച്ചുകൊണ്ട് സെയ്ദ് സാഹിബ് തുടർന്നു..

'അതുകൊണ്ട് ഞാൻ ഒരു അഭിപ്രായം കൂടി പറയുകയാണ്..'

ആകാംക്ഷ നിറഞ്ഞ കണ്ണുകളിലേക്ക് നോക്കിയിട്ട് അദ്ദേഹം പറഞ്ഞു..

'തറവാട് വിൽക്കുന്നതിനെക്കുറിച്ച് പറഞ്ഞുവല്ലോ..എത്രയാണ് നിങ്ങൾ

ഉദ്ദേശിക്കുന്ന വില?..

വിജയകുമാരൻ നായരെ നോക്കിയായിരുന്നു ആ ചോദ്യം.

അപ്രതീക്ഷിതമായ ചോദ്യം കേട്ട് ഒന്ന് പരുങ്ങിയെങ്കിലും, എല്ലാവരെയും ഒന്നു നോക്കിയിട്ട് പതിഞ്ഞ ശബ്ദത്തിൽ വിജയൻ പറഞ്ഞു.. 'രണ്ടര കോടിയാണ് ഉദ്ദേശിക്കുന്നത്..'

സെയ്ദ് സാഹിബ് ഒന്ന് രണ്ട് നിമിഷം ആലോചിച്ചിട്ട് പറഞ്ഞു..

'സമ്മതിച്ചിരിക്കുന്നു... ഒരു വിലപേശലും ഇല്ല..ഇത് ഞാൻ ഉണ്ണിയുടെയും നാദിറയുടെയും പേരിൽ വാങ്ങുകയാണ്..'

'ങേഹ്..! വിശ്വസിക്കാനാവാതെ അന്ധാളിച്ചിരുന്ന സദസ്സിനെ ആകമാനം ഒന്ന് നോക്കിയിട്ട് അദ്ദേഹം വീണ്ടും പറഞ്ഞു..

'അതെ..ഉള്ളതുതന്നെ... കാരണം അവർക്ക് അത്രയ്ക്ക് ഇഷ്ടമാണ്..നിങ്ങൾക്ക് വേണ്ടാതായ ഈ തറവാടും, തൊടിയും, പാടവും, ഇവിടുത്തെ കാറ്റുമെല്ലാം..അവർ സന്തോഷത്തോടെ ഇവിടെ ജീവിക്കട്ടെ... അവരുടെ സന്തോഷമല്ലേ നമ്മുടെ സന്തോഷം... നമുക്ക് ഇടയ്ക്കിടയ്ക്ക് ഇവിടെ ഒത്തുചേരാം ഇതുപോലെ..എന്തു പറയുന്നു..'

കാർമേഘം പെയ്തിറങ്ങിയ വാനിൽ പൊൻകിരണങ്ങൾ തെളിയുന്നത് പോലെയായിരുന്നു ഓരോ മുഖങ്ങളും..

പറഞ്ഞു തീർന്നതും മുത്തശ്ശി ഒന്ന് ദീർഘ ശ്വാസമെടുത്തു..

'തീർന്നോ മുത്തശ്ശി..' അച്ചുവിന്റെ ചോദ്യം.

'ഇല്ല കുട്ടാ..ഇനിയല്ലേ ക്ലൈമാക്സ്..'

'ങേഹ്.. മുത്തശ്ശി പൊളി ആണല്ലോ..' അച്ചുവിന് ത്രില്ലടിച്ചു.

'അങ്ങനെ തിരുവോണവും കഴിഞ്ഞ്.., അവിട്ടത്തിന്റെ അന്ന് രാവിലെ എല്ലാവരും തിരികെ പോകാനുള്ള തയ്യാറെടുപ്പിലായിരുന്നു..

അതിനിടയ്ക്ക് മാലതിയാണ് 'രാഘവൻ നായരെയും ഉണ്ണിയെയും രാവിലെ മുതൽ കാണാനില്ല..എന്ന കാര്യം എല്ലാവരോടും പറഞ്ഞത്

എല്ലാവരും ആകെ പരിഭ്രാന്തരായി..

തറവാടിന്റെ അകവും, പുറവും, പറമ്പുമെല്ലാം അരിച്ചുപെറുക്കിയെങ്കിലും ഒരിടത്തും അവരെ കണ്ടെത്താനായില്ല..

ആഹ്ലാദവും സന്തോഷവും ഭീതിക്ക് വഴി മാറിയത് പെട്ടെന്നായിരുന്നു..

ഇനി എന്ത് ചെയ്യും? എന്നറിയാതെ പകച്ചു നിൽക്കുമ്പോൾ ആണ്

'താഴെ പാടത്തു കൂടി ഒന്നു നോക്കാം..'

എന്ന് സെയ്താലി പറഞ്ഞത്.

ഉടൻതന്നെ പടിപ്പുര ഇറങ്ങി എല്ലാവരും പാടത്തേക്ക് പാഞ്ഞു..

'അവിടെ കണ്ട കാഴ്ചയോ..? മുത്തശ്ശി അച്ചുവിനെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്തി..

'എന്തായിരുന്നു..പറ മുത്തശ്ശി..' അച്ചുവിന്റെ ക്ഷമ കെട്ടു.

'പഴയ ഒരു കൊയ്ത്തു പാട്ടും പാടിക്കൊണ്ട്.. രണ്ടു മൂരികളെ കെട്ടിയ കലപ്പ പിടിച്ച് നിലം ഉഴുതുമറിക്കുന്ന അച്ചൂന്റെ ഉണ്ണിയച്ചനും അച്ഛച്ചനും..!!

'പൊളിച്ചു..' അച്ചു മുത്തശ്ശിയെ കെട്ടിപ്പിടിച്ച് ഒരു ഉമ്മ കൊടുത്തുകൊണ്ട് ചോദിച്ചു 'അവർ ഏത് പാട്ടാ പാടിയത് മുത്തശ്ശി..'

'ഇന്നീ കൊച്ചു വരമ്പിൻ മേലേ<br>
        കൊയ്തെടുക്കണ കതിരോണ്ട്..<br>
നാടാകെ കല്യാണസദ്യ ഒരുക്കേണ്ടേ..<br>
        ഈ നാടാകെ പൊന്നോണ<br>
ചന്തമൊരുക്കേണ്ടേ..

'അമ്മച്ചി എന്താ ഒറ്റയ്ക്കിരുന്ന് പാട്ടു പാടുവാണോ..'

തൊടിയിൽ നിന്നും കയറിവന്ന സെയ്താലിയുടെ ശബ്ദം ആ പഴകിയ കാതുകളിൽ കേട്ടെങ്കിലും മുത്തശ്ശി ഒന്നും മിണ്ടിയില്ല..

'അവിട്ടം കഴിഞ്ഞിട്ടും ആരും വന്നില്ല അല്ലേ..നാളെ വരുമായിരിക്കും..'

അരികിലിരുന്ന സെയ്താലി ആശ്വസിപ്പിക്കാനായി പറഞ്ഞു..

ഒന്നും മിണ്ടാതെ പടിപ്പുരയിൽ തന്നെ നിറഞ്ഞ കണ്ണുകളും നട്ടിരുന്ന മുത്തശ്ശി ഓർമ്മകളുടെ നടുമുറ്റത്തിട്ട പൂക്കളത്തിലെ പൂക്കളെല്ലാം അപ്പോഴേക്കും വാടിക്കഴിഞ്ഞിരുന്നു..എങ്കിലും പിന്നെയും പിന്നെയും ആ മനസ്സ് മന്ത്രിച്ചുകൊണ്ടേയിരുന്നു..

വരും.. ആരെങ്കിലും വരാതിരിക്കില്ല...

... ശുഭം...

***സമർപ്പണം*** ........................................................

കഥ പറഞ്ഞു കൊടുക്കേണ്ട മുത്തശ്ശിമാരും മുത്തശ്ശന്മാരും ഇരിപ്പുണ്ട്..'കെട്ട'കാലത്തിന്റെ കഥയറിയാതെ അനാഥരായി പൂമുഖങ്ങളിലും, വൃദ്ധസദനങ്ങളിലും..ഈ കഥ അവർക്കായി സമർപ്പിക്കുന്നു...



# ഇനി ഞാൻ ഉറങ്ങട്ടെ...

**കേരളത്തിൽ അങ്ങോളമിങ്ങോളം ഭവന നിർമ്മാണമായും, ചികിത്സാ സഹായമായും മറ്റ് ക്ഷേമ പദ്ധതികളായും അനേകായിരങ്ങൾക്ക് താങ്ങും തണലുമായി മാറിയ ഉമ്മൻ ചാണ്ടി പുതുപ്പള്ളിയിലെ സ്വന്തം മണ്ണിൽ സ്വന്തമായി ഒരു വീട് നിർമ്മിക്കുക എന്ന ചിരകാല സ്വപ്നം ബാക്കി വെച്ചാണ് യാത്രയായത് എന്നത് ജനസേവനത്തിനിടയിൽ സ്വന്തം ജീവിതം മറന്ന് പോയ ഒരു ജനനായകന്റെ നേർചിത്രമാണ് നമ്മുടെ മനസ്സിൽ വരച്ചിടുന്നത്.**

**രാ**പകൽ ഭേദമന്യേ ജനക്കൂട്ടത്തിന് നടുവിൽ ജീവിച്ച ഒരു രാഷ്ട്രീയ വിസ്മയമായിരുന്നു ഉമ്മൻ ചാണ്ടി. മിക്കവാറും ദിവസങ്ങളിൽ 15 മുതൽ 20 മണിക്കൂർ വരെ കർമ്മ നിരതൻ. ഊണും ഉറക്കവുമില്ലാതെ, കഠിനാദ്ധ്വാനവും, സ്ഥിരോൽസാഹവും നിഷ്കളങ്കമായ മനുഷ്യ സ്നേഹവും കൊണ്ട് ജനഹൃദയങ്ങൾ കീഴടക്കിയ ജനനേതാവ്. ജനത്തെ സ്വന്തം ജീവശ്വാസം പോലെ കാണുകയും അവർക്കായി ജീവിതം സമർപ്പിക്കുകയും ചെയ്ത ഒരാൾ. 53 വർഷങ്ങൾ



അബ്ദുസ്സലാം വി. വി.

തുടർച്ചയായി എം എൽ എ ആയിരിക്കുക, അതും ഒരേ മണ്ഡലത്തിൽ നിന്ന്, പരാജയത്തിന്റെ നേരിയൊരു കണിക പോലുമേൽക്കാത്ത ജൈത്രയാത്ര. 1970 സെപ്റ്റംബറിൽ ഏറ്റുവാങ്ങിയ പുതുപ്പള്ളിയുടെ 'മാൻഡേറ്റ്' തന്റെ അവസാന ശ്വാസം വരെ അതിന്റെ പത്തരമാറ്റ് പവിത്രതയോടെ അദ്ദേഹം കാത്ത് സൂക്ഷിച്ചു.

കോൺഗ്രസ് പ്രസ്ഥാനത്തിന്റെ ഒരു സമുന്നത നേതാവായി മാറിയ ഒരാളെന്ന നിലയിൽ ദേശീയ തലത്തിൽ നിറഞ്ഞ് നിൽക്കാൻ ഒട്ടേറെ അവസരങ്ങൾ ഒത്ത് വന്നപ്പോൾ പോലും താഴെ കിടയിൽ തന്റെ നാട്ടുകാരോടൊപ്പം തുടരാനായിരുന്നു അദ്ദേഹത്തിന് താൽപര്യം. കേരളജനതയോടുള്ള അദ്ദേഹത്തിന്റെ ആത്മബന്ധത്തിന്റെ ആഴം അടയാളപ്പെടുത്തുന്ന ഒരു നിലപാടായിരുന്നു അത്. എത് പാതിരാവിലായാലും, എന്ത് ആവശ്യത്തിനും പുതുപ്പള്ളിക്കാർക്ക് മാത്രമല്ല ലോകത്തെവിടെയുമുള്ള മലയാളികൾക്കാകെ കയറി ചെല്ലാവുന്ന ഒരിടമായിരുന്നു ഉമ്മൻ ചാണ്ടിയുടെ കർമ്മ മണ്ഡലം.

വിവിധ ആവശ്യങ്ങളും പരാതികളും പരിഭവങ്ങളുമായി എത്തുന്നവരോട് സ്നേഹത്തിന്റെ, സൗമ്യതയുടെ, സാഹോദര്യത്തിന്റെ, കാരുണ്യത്തിന്റെ, കരുതലിന്റെ പ്രതീകമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ഇടപെടലുകൾ. ജനകീയ വിഷയങ്ങളുടെ കാര്യത്തിൽ 'ഇല്ല' എന്നൊരു വാക്ക് അദ്ദേഹത്തിന്റെ രാഷ്ട്രീയ നിഘണ്ടുവിലുണ്ടായിരുന്നില്ല. അസാദ്ധ്യമായതിനെ സാദ്ധ്യമാക്കുന്ന രാഷ്ട്രീയ കൗശലത്തിന്റെ പര്യായപദം കൂടിയായിരുന്നു ഉമ്മൻ ചാണ്ടി.

ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളിൽ നേരിട്ട് ഇടപെടുക എന്നതായിരുന്നു ഉമ്മൻ ചാണ്ടിയുടെ പ്രവർത്തന ശൈലി. ദു:ഖങ്ങളിലും ദുരിതങ്ങളിലും കഴിയുന്നവർക്ക് ആശ്വാസമെത്തിക്കാനുള്ളതാണ് രാഷ്ട്രീയാധികാരം എന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. സാധാരണക്കാരും പട്ടിണി പാവങ്ങളുമായിരുന്നു ഉമ്മൻ ചാണ്ടിയുടെ ഭരണ സങ്കല്പത്തിൽ ഏറ്റവും അനുകമ്പ അർഹിക്കുന്നവർ. ഉദ്യോഗസ്ഥ തലത്തിൽ അവഗണിക്കപ്പെടുന്ന മനുഷ്യത്ത്വവും കാരുണ്യവും കരുതലുമെല്ലാം പൊതു പ്രവർത്തകരുടെ ഇടപെടലുകളിലൂടെ വീണ്ടെടുക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കെ 2015 മാർച്ച് മാസത്തിൽ കേരളത്തിലെ 14 ജില്ലകളിലും നടത്തിയ ജനസമ്പർക്ക പരിപാടികൾ സമാനതകളില്ലാത്തതായിരുന്നു. ഓരോ ജില്ലയിലും പതിനായിരക്കണക്കിന് പരാതികൾക്കാണ് അദ്ദേഹം നേരിട്ട് പരിഹാരമുണ്ടാക്കിയത്. ചുവപ്പുനാടയിലും നിയമക്കുരുക്കിലും പെട്ട് ദുരിത കയങ്ങളിൽ മുങ്ങി താഴ്ന്ന് കൊണ്ടിരുന്ന ഒരു പാട് ജീവിതങ്ങളെയാണ് അദ്ദേഹം കരകയറ്റിയത്. മുഖ്യമന്ത്രി യെന്ന നിലയിൽ നേരിട്ട് ഇടപെട്ടിട്ടും മുറിച്ചു മാറ്റാനാവാത്ത ചുവപ്പു നാടകളുടെ അഴിയാ കുരുക്കുകൾ അഴിച്ചു മാറ്റാനും അദ്ദേഹം വഴി കണ്ടെത്തി. ജനസമ്പർക്ക പരിപാടി അദ്ദേഹത്തിൽ പുതിയ ചിന്തകളുണർത്തി. അവിടെ കേട്ട സങ്കടങ്ങളിൽ നിന്നും സർക്കാർ പദ്ധതി നടത്തിപ്പിലെ ന്യൂനതകളെ കുറിച്ച് അദ്ദേഹം മനസ്സിലാക്കി. ഭവന നിർമ്മാണം, ജനന മരണ രജിസ്ട്രേഷൻ, ചികിത്സാ സഹായം, ഭക്ഷ്യ പൊതുവിതരണ സംവിധാനം എന്നിങ്ങനെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് 45 ഓളം

നിയമ ഭേദഗതികളാണ് ജനസമ്പർക്ക പരിപാടിയെ തുടർന്ന് ഉമ്മൻ ചാണ്ടി ഗവൺമെന്റ് കൊണ്ടുവന്നത്. ജനസമ്പർക്ക പരിപാടിക്ക് ലഭിച്ച യു എൻ ഒ യുടെ പബ്ലിക് സർവ്വീസ് അവാർഡിനെ കുറിച്ച് ചോദിച്ചവരോട് അദ്ദേഹം പറഞ്ഞത് അവാർഡിനേക്കാൾ എന്നെ സന്തോഷിപ്പിച്ചത് ജനസമ്പർക്ക പരിപാടിയുടെ ഗുണഭോക്താക്കളുടെ മുഖത്ത് തെളിഞ്ഞ് കണ്ട ആത്മ സംതൃപ്തിയാണ് എന്നായിരുന്നു.

ജീവിത വീക്ഷണങ്ങളിലും, പ്രവർത്തന ശൈലിയിലും ശീലങ്ങളിലുമെല്ലാം അദ്ദേഹം തികഞ്ഞൊരു ഗാന്ധിയനായിരുന്നു. കണ്ണൂരിൽ തനിക്ക് നേരെയുണ്ടായ കല്ലേറിൽ പരിക്ക് പറ്റി ചോരയൊലിച്ചിട്ടും ഒന്നും സംഭവിച്ചിട്ടില്ലെന്ന ഭാവത്തിലായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം. 2013 ഒക്ടോബർ 27 നായിരുന്നു ദാരുണമായ ആ സംഭവം. നെറ്റിയിലും കഴുത്തിലുമേറ്റ മുറിവിന്റെ ചോരപ്പാടുമായി വേദിയിലെത്തി മന്ദഹാസത്തോടെ സദസ്സിനെ അഭിമുഖീകരിച്ചതിലൂടെ അദ്ദേഹം കാണിച്ച സംയമനവും പക്വതയും സമാനതകളില്ലാത്തതാണ്. പ്രതിഷേധവും ഹർത്താലാഹ്വാനവുമൊക്കെയായി തെരുവിലിറങ്ങാനൊരുങ്ങിയ പ്രവർത്തകരെ പിന്തിരിപ്പിക്കാൻ അദ്ദേഹം പാടുപെടുകയായിരുന്നു. ആളി കത്താനിരുന്ന അഗ്നിയെ തന്റെ അചഞ്ചലമായ ആത്മത്യാഗത്തിലൂടെ അണച്ചു കളഞ്ഞ ആ സാമൂഹ്യ പ്രതിബദ്ധതയെ അന്ന് കേരളമൊന്നടങ്കം നമിച്ചു പോയിട്ടുണ്ട്. ഒടുവിൽ, കല്ലേറ് കേസിന്റെ സാക്ഷി വിസ്താരത്തിൽ കോടതിയിൽ അദ്ദേഹം നൽകിയ സാക്ഷിമൊഴി അക്ഷരാർത്ഥത്തിൽ 'സ്നേഹിക്കയുണ്ണീ നീ, നിന്നെ ദ്രോഹിക്കുന്ന ജനത്തെയും...' എന്ന ആശാന്റെ അനശ്വര വരികളെ അനുസ്മരിപ്പിക്കുന്നതായി മാറി. പ്രതികളെ തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ലെന്ന് കോടതിയിൽ അദ്ദേഹം കൈ കൊണ്ട നിലപാട് മുഖ്യപ്രതികൾ രക്ഷപ്പെടാനും കേസ് ദുർബലപ്പെടാനുമാണ് വഴിയൊരുക്കിയത്.

പൊതു ജീവിതത്തിലും രാഷ്ട്രീയ നിലപാടുകളിലും അദ്ദേഹം വെച്ചു പുലർത്തിയ ഉയർന്ന മൂല്യ ബോധവും നിസ്വാർത്ഥതയും മാതൃകാ പരമായിരുന്നു. കെട്ടിച്ചമച്ച ആരോപണങ്ങളുടെ മുൾകിരീടം ചാർത്തപ്പെട്ടപ്പോൾ പോലും അദ്ദേഹം അക്ഷോഭ്യനായിരുന്നു. അപ്പോഴും അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ നിന്നും മാന്യതയും മിതത്വവും ഒട്ടും ചോർന്നുപോയില്ല. ഒറ്റപ്പെടുത്തിയും വ്യക്തിഹത്യ ചെയ്തും വേട്ടയാടിയപ്പോൾ പോലും മാന്യമായി പ്രതികരിച്ച അദ്ദേഹത്തിന്റെ അസാമാന്യമായ ആത്മവിശ്വാസവും സഹനശേഷിയും വിവേക ബുദ്ധിയും ആരെയും ആശ്ചര്യപ്പെടുത്തുന്നതായിരുന്നു. അദ്ദേഹത്തിന്റെ പൊതു ജീവിതം ഒരു തുറന്ന പുസ്തകമായിരുന്നു. അടച്ചുകെട്ടില്ലാത്ത ആർക്കും എപ്പോഴും കടന്ന് ചെല്ലാവുന്ന ഒരിടം. ഭരണകൂടവും ഭരണീയരും തമ്മിലുള്ള അനഭിലഷണീയമായ അകലം ജനാധിപത്യ വ്യവസ്ഥിതിക്ക് ഒട്ടും ചേർന്നതല്ല എന്നായിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയ വീക്ഷണം. സ്ഥാപിത താൽപര്യങ്ങൾക്ക് വേണ്ടി അധികാരത്തെ ഉപയോഗിക്കുന്ന സമകാലിക രാഷ്ട്രീയ സംസ്കാരത്തോട് ചേർന്ന് പോകാൻ ഒരിക്കലും ഉമ്മൻ ചാണ്ടി തയ്യാറായില്ല എന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ മഹത്വം.

കേരളത്തിൽ അങ്ങോളമിങ്ങോളം ഭവന നിർമ്മാണമായും, ചികിത്സാ സഹായമായും മറ്റ് ക്ഷേമ പദ്ധതികളായും അനേകായിരങ്ങൾക്ക് താങ്ങും തണലുമായി മാറിയ ഉമ്മൻ ചാണ്ടി പുതുപ്പള്ളിയിലെ സ്വന്തം മണ്ണിൽ സ്വന്തമായി ഒരു വീട് നിർമ്മിക്കുക എന്ന ചിരകാല സ്വപ്നം ബാക്കി വെച്ചാണ് യാത്രയായത് എന്നത് ജനസേവനത്തിനിടയിൽ സ്വന്തം ജീവിതം മറന്ന് പോയ ഒരു ജനനായകന്റെ നേർചിത്രമാണ് നമ്മുടെ മനസ്സിൽ വരച്ചിടുന്നത്. രാഷ്ട്ര പിതാവായ മഹാത്മജി തന്റെ പതിവു സഞ്ചാരത്തിനിടയിൽ ഒരു പുഴയോരത്ത് ഒരു സാധു സ്ത്രീ താൻ ധരിച്ചിരിക്കുന്ന ആകെയുള്ള ഒരു വസ്ത്രത്തിന്റെ ഒരറ്റം കഴുകി, ആ ഭാഗം ധരിച്ച്, വീണ്ടും ആ വസ്ത്രത്തിന്റെ മറ്റെ അറ്റം കഴുകാൻ സാഹസപ്പെടുന്നത് കണ്ടപ്പോൾ തന്റെ മേൽമുണ്ട് ഊരിയെടുത്ത് ആ സ്ത്രീയുടെ അടുത്തേക്ക് ഒഴുക്കി കൊടുക്കുകയും, എല്ലാ ഇന്ത്യക്കാർക്കും മാന്യമായി വസ്ത്രം ധരിക്കാൻ കഴിയുന്ന ഒരു സാഹചര്യം ഉണ്ടാകുന്നത് വരെ ഞാൻ ഇനി അർദ്ധ നഗ്നനായി ജീവിക്കും എന്ന് ശപഥമെടുക്കുകയും ചെയ്ത ചരിത്ര സംഭവം ഇതിനോട് ചേർത്ത് വായിക്കാൻ തോന്നുന്നു.

ജനക്ഷേമ പ്രവർത്തനങ്ങളിൽ ഉമ്മൻ ചാണ്ടിയുടെ കൈയ്യൊപ്പ് പതിയാത്ത മേഖലകൾ അപൂർവ്വമാണ്.1977 ൽ ഉമ്മൻ ചാണ്ടി തൊഴിൽ മന്ത്രിയായിരുന്ന സമയത്താണ് തൊഴിലില്ലായ്മ വേതനം നടപ്പാക്കിയതും ആറളം ഫാമിലെ 1125 ഓളം കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തിയതും.2011 ൽ ഉമ്മൻ ചാണ്ടി സർക്കാർ നടപ്പിലാക്കിയ അദ്ധ്യാപക പാക്കേജിലൂടെ പതിനായിരത്തിലേറെ എയ്ഡഡ് അധ്യാപകർക്കാണ് ജീവിതം തിരിച്ചു കിട്ടിയത്. ശ്രുതി തരംഗം പദ്ധതിയിലൂടെ ആയിരത്തോളം കുഞ്ഞുങ്ങളാണ് കേൾവിയുടെയും സല്ലാപത്തിന്റെയും ലോകത്തേക്ക് ആന

യിക്കപ്പെട്ടത്. ഇങ്ങനെ മനുഷ്യ സ്നേഹം തുളുമ്പുന്ന എണ്ണിയാലൊടുങ്ങാത്ത ക്ഷേമ പദ്ധതികളാണ് ഉമ്മൻ ചാണ്ടിയുടെ കൈയ്യൊപ്പിലൂടെ കേരളം സ്വന്തമാക്കിയത്. മലയാളത്തിന്റെ മഹാനടൻ ഭരത് മമ്മൂട്ടി പറഞ്ഞത് പോലെ ‘ഏതെങ്കിലും സർവകലാശാലകൾ മനുഷ്യ സ്നേഹത്തിന് ഡോക്ടറേറ്റ് നൽകുന്നുണ്ടെങ്കിൽ അതിന് ഏറ്റവും അർഹൻ ഉമ്മൻ ചാണ്ടിയാണ്’. ജനങ്ങളോടുള്ള അദ്ദേഹത്തിന്റെ കരുതലും കാരുണ്യവും അത്രയേറെയുണ്ടായിരുന്നു. കേരള രാഷ്ട്രീയത്തിലെ ആർദ്ര സാന്നിദ്ധ്യമായിരുന്ന അദ്ദേഹം ജന ഹൃദയങ്ങളിൽ എത്രത്തോളം ആഴ്ന്നിറങ്ങിയിരുവെന്ന് വിളിച്ചോതുന്നതായിരുന്നു അദ്ദേഹത്തിന് അന്ത്യോപചാരം അർപ്പിക്കാൻ ഒഴുകി എത്തിയ ജനസാഗരം. അദ്ദേഹം വിട പറഞ്ഞിട്ട് നാളുകൾ ഏറെ കഴിഞ്ഞിട്ടും ഇപ്പോഴും അദ്ദേഹത്തിന്റെ കല്ലറ സന്ദർശിക്കാൻ കേരളത്തിന്റെ നാനാ ഭാഗത്ത് നിന്നും ആയിരങ്ങളാണ് എത്തിക്കൊണ്ടിരിക്കുന്നത്. ‘ ജീവിച്ചിരിക്കുമ്പോൾ നൽകാൻ മറന്നു പോയ ആയിരം പൂക്കളാണ് മലയാള നാട് ഒന്നടങ്കം ഇപ്പോൾ ഉമ്മൻ ചാണ്ടിയെന്ന ഇതിഹാസ തുല്യനായ ജനനായകന്റെ ഓർമ്മയക്ക് മുന്നിൽ അർപ്പിച്ചു കൊണ്ടിരിക്കുന്നത്’. എന്ന് ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് സാമൂഹ്യ മാധ്യമ പേജിൽ കുറിച്ചിട്ടത് അത് കൊണ്ടാവാം. കേരളത്തിലെ മറ്റൊരു രാഷ്ട്രീയ നേതാവിനോടുമില്ലാത്ത ഒരു ഹൃദയബന്ധം മലയാളിക്ക് ഉമ്മൻ ചാണ്ടിയോടുണ്ടായിരുന്നത് കൊണ്ടാവണം ഇങ്ങനെയൊക്കെ സംഭവിക്കുന്നത്. സ്വന്തം ആരോഗ്യമോ, ജീവിതം പോലുമോ ഗൗനിക്കാതെ ഒരു മെഴുകുതിരി കണക്കെ സ്വയം ഉരുകിയൊലിച്ച് മറ്റുള്ളവർക്ക് പ്രകാശം പരത്തി നിത്യതയിലേക്ക് നടന്ന് നീങ്ങിയ ആ സ്നേഹ ഗോപുരം ലോകമുള്ള കാലത്തോളം ജന ഹൃദയങ്ങളിൽ ഒരു കെടാവിളക്കായി ജ്വലിച്ചു കൊണ്ടിരിക്കും.

## 2023 ഫെബ്രുവരി മാസം മുതൽ ആഗസ്റ്റ് മാസം വരെ സർവ്വീസിൽ നിന്ന് വിരമിച്ച സംഘടനാ അംഗങ്ങൾ



**രാധാകൃഷ്ണൻ പി.**
സെക്ഷൻ ഓഫീസർ



**ജോസ് കുര്യൻ പി.**
സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്



**ലിമാന്റ്ലി സക്കറിയാസ്**
അഡീഷണൽ സെക്രട്ടറി



**മനോജ് പി.എൽ.**
ജോയിന്റ് സെക്രട്ടറി



**ഉദയകുമാർ പി.**
ജോയിന്റ് സെക്രട്ടറി



**അബ്ദുൽ അസീസ് കെ.**
ഡപ്യൂട്ടി സെക്രട്ടറി



**മൃദുല കുമാരി എം കെ**
സെക്ഷൻ ആഫീസർ



**അനിത കെ.**
ഓഫീസ് സൂപ്രണ്ട്



**ഉമാദേവി കെ.**
അസിസ്റ്റന്റ് സെക്ഷൻ ആഫീസർ



**വിജയരാജൻ കെ.**
സർജന്റ്



**ദിലീഷ് കൊട്ടിലിക്കൽ**
ക്ലറിക്കൽ അസ്സിസ്റ്റന്റ്



**ഫിലോമിന**
പാർട്ട് ടൈം സ്വീപ്പർ

# 44 വർഷം ഒരേ ഓഫീസിൽ ഒരേ തസ്തികയിൽ ഒരേ സംഘടനയിൽ

## അസോസിയേഷന്റെ സ്വന്തം ഫിലോമിന ചേച്ചി പടിയിറങ്ങുമ്പോൾ

44 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം എഴുപതാം വയസ്സിൽ എറണാകുളം പി.എസ്.സി ഓഫീസിന്റെ പടിയിറങ്ങുമ്പോൾ ഫിലോമിന ചേച്ചിയോടൊപ്പം പടിയിറങ്ങുന്നത് ചരിത്രം കൂടിയാണ്. 1979 ഡിസംബർ 16 ന് 26-ാം വയസ്സിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ എറണാകുളം പി.എസ്.സി ഓഫീസിൽ ജോലി തുടങ്ങിയ ഫിലോമിന ചേച്ചി 70-ാം വയസ്സിൽ വിരമിക്കുന്നതും അതേ തസ്തികയിൽ അതേ ഓഫീസിൽ നിന്നുമാണ്. സർക്കാർ സർവ്വീസിൽ അപൂർവ്വമാണിത്.

വൈറ്റില കണിയാമ്പുഴമാമൂട്ടിൽ സേവ്യർ, ത്രേസ്യ ദമ്പതികളുടെ മകളായ ഫിലോമിന സഹോദരങ്ങളെ നോക്കാൻ മൂന്നാം ക്ലാസിൽ പഠനം നിർത്തി. ആശുപത്രി സ്റ്റാഫ് ക്യാന്റീനിൽ സഹായിയായി ജോലി ചെയ്തായിരുന്നു ആദ്യ തുടക്കം. സുഹൃത്തിനൊപ്പം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്കുള്ള യാത്ര വഴിത്തിരിവായി. 1972 ൽ മൂവാറ്റുപ്പുഴ സർക്കാർ ആശുപത്രിയിൽ 19-ാം വയസ്സിൽ ജോലിയ്ക്ക് കയറി. പിന്നീട് കടളിക്കാട് ഹോമിയോ ആശുപത്രിയിലും ജോലി ചെയ്തു. ഇതിനിടെ മഠത്തിപ്പറമ്പിൽ പൈലി ഈശിയെ വിവാഹം കഴിച്ചു. കൊച്ചി കോർപ്പറേഷനിലെ ജീവനക്കാരനായ ഭർത്താവ് പൈലി മരിച്ച ശേഷം നാല് ആൺമക്കൾക്കു വേണ്ടിയായിരുന്നു ജീവിതം. ഇപ്പോൾ നാല് മക്കളോടും അവരുടെ കുടുംബത്തോടൊപ്പവുമാണ് താമസം.



സ്ഥാനക്കയറ്റം സ്ഥിരീകരിച്ചാൽ തിരുവനന്തപുരത്തേയ്ക്ക് പോകണം. നാല് ആൺമക്കളെയും തന്റെ ഭർത്താവിനെയും ഭർത്താവിന്റെ പ്രായമായ മാതാപിതാക്കളെയും വിട്ടുപോകാൻ കഴിയാത്തതിനാൽ സ്ഥാനക്കയറ്റം വേണ്ടെന്നു വച്ചു. എറണാകുളം പി.എസ്.സി ഓഫീസിൽ ജോലിയിൽ തുടർന്നു.

ഫിലോമിന ചേച്ചി ജോലിക്കു കയറുമ്പോൾ ഷേണായീസ് അമ്മൻകോവിൽറോഡിലെ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പി.എസ്.സി ഓഫീസ് പിന്നീട് മൂന്നു സ്ഥലങ്ങളിലേക്കു മാറ്റിയ ശേഷമാണ് സൗത്ത് റെയിൽവേ സ്റ്റേഷനിലെ ഇപ്പോഴത്തെ കെട്ടിടത്തിലെത്തുന്നത്. വർഷങ്ങളുടെ യാത്രയിൽ പി.എസ്.സി ഓഫീസിന് ഒപ്പമുണ്ടായിരുന്ന വ്യക്തി ഫിലോമിന ചേച്ചി മാത്രമാണ്. പുഞ്ചിരിക്കുന്ന മുഖമായിരുന്ന ഫിലോമിന ചേച്ചി താൻ വിശ്വാസമർപ്പിച്ച ഒരു പ്രസ്ഥാനത്തിന്റെ ആശയങ്ങൾക്കുവേണ്ടി ആ പ്രസ്ഥാനത്തിന്റെ ആശയങ്ങൾ പ്രതിനിധാനം ചെയ്യുന്ന അസോസിയേഷന്റെ ശക്തമായ സാന്നിധ്യമായിരുന്നു. സ്വന്തം പ്രസ്ഥാനത്തെ നിസാര നേട്ടങ്ങൾക്ക് വേണ്ടി തള്ളിപ്പറഞ്ഞ് മറ്റ് പ്രസ്ഥാനങ്ങളിൽ ചേക്കേറിയവർക്ക് ഒരു പാഠപുസ്തകമാണ് ഫിലോമിന ചേച്ചി. 44 വർഷവും എല്ലാ പ്രതിസന്ധി ഘട്ടങ്ങളിലും സംഘടനയുടെ പ്രതിബിംബമായി നിലകൊണ്ട് പ്രവർത്തിച്ച് അസോസിയേഷന് അഭിമാനമായ സ്നേഹമുള്ള ചേച്ചിയ്ക്ക് PSCEA യുടെ സ്നേഹാദരവ്.






# പബ്ലിക് സർവീസ് കമ്മിഷനും ചരിത്രവും



ആർ.സി. സുരേഷ് കുമാർ

എക്സിക്യൂട്ടീവ്, ലെജിസ്ലേച്ചർ, ജുഡീഷ്യറി എന്നിവയോടൊപ്പം ജനാധിപത്യസംവിധാനത്തിൻെറ തൂണായി പ്രവർത്തിക്കുന്ന സ്വതന്ത്രസ്ഥാപനമാണ് പബ്ലിക് സർവീസ് കമ്മിഷൻ. സാമർത്ഥ്യവും കാര്യക്ഷമതയും സത്യസന്ധതയുമുള്ള ഉദ്യോഗസ്ഥരാണ് പൊതു ഭരണസംവിധാനത്തിൻെറ നട്ടെല്ല്. അവരെ തെരഞ്ഞെടുക്കേണ്ട ചുമതല നിക്ഷിപ്തമായിരിക്കുന്നത് പബ്ലിക് സർവീസ് കമീഷനിലും. അതുകൊണ്ടുതന്നെ സുസ്ഥാപിതമായ ഒരു പൊതു ഭരണസംവിധാനത്തിൻെറ ആവിർഭാവവുമായി പബ്ലിക് സർവീസ് കമ്മീഷൻെറ ചരിത്രം ബന്ധപ്പെട്ടിരിക്കുന്നു.

അനിഴം തിരുനാൾ മാർത്താണ്ഡവർമയാണ് ക്രമീകൃതമായ രീതിയിലുള്ള ഉദ്യോഗ നിയമനത്തെപ്പറ്റി ചിന്തിച്ച ആദ്യ തിരുവിതാംകൂർ ഭരണാധികാരിയെന്നു കാണാം. ഭരണയന്ത്രം വിപുലമായി പുനഃസംഘടിപ്പിച്ച അദ്ദേഹം വിവിധ വകുപ്പുകളിലായി നിരവധി ഉദ്യോഗസ്ഥരെ നിയമിച്ചു. റവന്യൂ വകുപ്പിലാണ് ഏറ്റവും കൂടുതൽ പേരെ നിയമിച്ചത്. 1739ൽ മല്ലൻ ശങ്കരൻ എന്നൊരു ഉദ്യോഗസ്ഥനെ ഭൂനികുതി സമ്പ്രദായം ക്രമീകരിക്കുന്നതിനുവേണ്ടി രാജാവ് നിയോഗിച്ചു. ഇദ്ദേഹത്തെ സഹായിക്കാൻ കാര്യക്കാർ, പാർവത്യകാർ അഥവാ അധികാരി, അധികാരി കണക്കൻ, തണ്ടക്കാർ തുടങ്ങിയ ഉദ്യോഗസ്ഥരും നിയമിക്കപ്പെട്ടു.

പകുതി (വില്ലേജ്) അടിസ്ഥാന ദേശഘടകമാക്കി അതിൻെറ ഭരണത്തിനു പ്രവൃത്തിക്കാരെ (പാർവത്യാർ) നിയമിച്ചുകൊണ്ടാണ് മാർത്താണ്ഡവർമ ഭരണസംവിധാനം പുനഃസംവിധാനം ചെയ്തത്. പല പകുതികൾ ചേർന്ന മണ്ഡപത്തും വാതുക്കൽ (താലൂക്ക്) എന്ന ദേശവിഭാഗത്തിൻെറ ചുമതല കാര്യക്കാർ എന്ന ഉദ്യോഗസ്ഥന് ആയിരുന്നു.

സൈനികർക്ക് ശമ്പളം പണമായി നൽകുന്ന രീതി നടപ്പാക്കിയ അദ്ദേഹം അൻപതിനായിരത്തോളം അംഗബലമുള്ള ഒരു സൈന്യത്തേയും സൂക്ഷിച്ചിരുന്നു. ഇവരെയെല്ലാം രാജാവ് നേരിട്ടാണ് നിയമിച്ചിരുന്നത്. എന്നാൽ, കാലക്രമത്തിൽ, കർത്തവ്യബാഹുല്യം കാരണം ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള ചുമതല അദ്ദേഹം തൻെറ ദളവ രാമയ്യനെ ഏൽപിച്ചു. രാമയ്യൻെറ സ്വാധീനഫലമായി തിരുവിതാംകൂർ ഭരണരംഗത്ത് നിരവധി തമിഴ് ബ്രാഹ്മണർ നിയമിതരായി. ഇത് പിൽക്കാലത്ത് രാജ്യത്ത് പല പ്രശ്നങ്ങളും സൃഷ്ടിച്ചു.

തിരുവിതാംകൂറിൽ ഉദ്യോഗനിയമനത്തെ സംബന്ധിച്ച് വ്യക്തമായ മാനദണ്ഡമൊന്നും ആദ്യകാലത്തുണ്ടായിരുന്നില്ല. രാജാവിനും മന്ത്രിക്കും ഇഷ്ടപ്പെട്ട ആരേയും ഏതുദ്യോഗത്തിലും നിയമിക്കാം. വിദ്യഭ്യാസയോഗ്യതയൊന്നും പ്രസക്തമല്ല. മാർത്താണ്ഡവർമ, ധർമരാജാവ്, ബാലരാമവർമ എന്നിവരുടെയെല്ലാം കാലത്ത് ഇതുതന്നെയായിരു

ന്നു അവസ്ഥ. റാണി ലക്ഷ്മീഭായിയുടെ (1810–15) റീജൻസി ഭരണകാലത്ത് ഈ നയത്തിൽ മാറ്റംവന്നു. അക്കാലത്ത് റസിഡൻററും ദിവാനുമായിരുന്ന കേണൽ മൺറോ ഉദ്യോഗനിയമനകാര്യത്തിൽ വ്യക്തമായ ചില നിബന്ധനകൾ ഉണ്ടാക്കി. സൽസ്വഭാവികളും സമർത്ഥരുമായവരെ മാത്രമേ പൊതുഭരണരംഗത്ത് നിയമിക്കാവൂ എന്ന് അദ്ദേഹം വ്യവസ്ഥ ചെയ്തു. പല ഉദ്യോഗസ്ഥൻമാരുടെയും സ്ഥാനപ്പേരുകൾ അദ്ദേഹം പരിഷ്കരിച്ചു. അങ്ങനെയാണ് താലൂക്കിൻെറ ഭരണാധികാരിയുടെ പേര് 'തഹസിൽദാർ' എന്നായത്. ഉയർന്ന ഉദ്യോഗസ്ഥരെ ഇക്കാലത്ത് രാജാവോ ദിവാനോ നേരിട്ടു നിയമിച്ചിരുന്നു. താഴ്ന്നതലത്തിലുള്ള ഉദ്യോഗസ്ഥരെ നിയമിക്കാൻ ജില്ലാ ഓഫീസർമാരെയും താലൂക്ക് ഓഫീസർമാരെയും ചുമതലപ്പെടുത്തി. മിക്കവാറും ഉദ്യോഗങ്ങൾക്ക് തക്കതായ വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്യപ്പെട്ടു. സെക്രട്ടേറിയൽ സംവിധാനം ആവിഷ്കരിച്ച് രാജ്യഭരണം കേന്ദ്രീകൃതമാക്കിയ മൺറോ നീതിന്യായ സംവിധാനവും പുനഃസംഘടിപ്പിച്ചു. അങ്ങനെ, ബ്യൂറോക്രസി നടപ്പാക്കി തിരുവിതാംകൂർ ഭരണത്തെ കാലോചിതമായി പരിഷ്കരിച്ചതിനുള്ള പ്രശംസ മൺറോയ്ക്കു സ്വന്തമായി.

പിന്തുടർച്ചാവകാശമെന്ന നിലയിലാണ് പലരെയും ഉദ്യോഗത്തിൽ നിയമിച്ചിരുന്നത്. ഒരു ഉയർന്ന ഉദ്യോഗസ്ഥൻ വിരമിക്കാറാകുമ്പോൾ, തൻെറ മകനേയും കൂട്ടി രാജാവിനെ മുഖം കാണിക്കാൻ പോകുക പതിവായിരുന്നു. രാജാവിന് ദയ തോന്നിയാൽ അച്ഛൻെറ ഒഴിവിൽ മകൻ നിയമിതനാകും. വിദ്യാഭ്യാസയോഗ്യതയോ മുൻപരിചയമോ കണക്കിലെടുക്കാതെയായിരുന്നു ഇത്തരം നിയമനങ്ങൾ. രാജാവു മാത്രമല്ല, മറ്റു നിയമന അധികാരികളും യോഗ്യതയുള്ളവരെ മറികടന്ന് തങ്ങൾക്കു വേണ്ടപ്പെട്ടവരെ നിയമിച്ചിരുന്നു. ഇത് പൊതുഭരണത്തിൻെറ കാര്യക്ഷമത ഗണ്യമായി കുറയ്ക്കുന്നുവെന്ന് മനസ്സിലാക്കിയ ആയില്യം തിരുനാൾ മഹാരാജാവ് 1874ൽ സ്വജന പക്ഷപാതം നിയന്ത്രിക്കാൻ ഒരു വിളംബരം പുറപ്പെടുവിച്ചു. അനർഹർ സർക്കാർ സർവീസിൽ കടന്നുകൂടുന്നത് ഒരു പരിധിവരെ നിയന്ത്രിക്കാൻ ഈ നടപടിക്കു കഴിഞ്ഞു.

അക്കാലത്ത് തിരുവിതാംകൂർ സർവീസിലെ ഉദ്യോഗനിയമനം ഉന്നത ജാതിക്കാരുടെ കുത്തകയായിരുന്നു. എത്ര സമർത്ഥരായിരുന്നാലും താഴ്ന്ന ജാതിക്കാരെ സർക്കാർ സർവീസിലെടുത്തിരുന്നില്ല. ഗവൺമെന്റിലെ ഉന്നത തസ്തികകൾ പരദേശികളായ തമിഴ് ബ്രാഹ്മണർ കയ്യടക്കിയിരുന്നു. 19–ാം നൂറ്റാണ്ടിൻെറ അവസാനമായപ്പോഴേക്കും, തങ്ങളെയാകമാനം സർക്കാരുദ്യോഗങ്ങളിൽനിന്ന് മാറ്റി നിർത്തിയിരിക്കുന്നതിലുള്ള അമർഷം താണജാതിക്കാർ പ്രകടിപ്പിച്ചു തുടങ്ങി. തങ്ങളിൽനിന്ന് കുറേപ്പേർക്കെങ്കിലും നിയമനം തരണമെന്ന അവരുടെ ആവശ്യം ഗവൺമെന്റ് ചെവിക്കൊണ്ടില്ല. ദേവസ്വം തുടങ്ങിയ ചില വകുപ്പുകളിൽ അവർണ ജാതിക്കാരെ നിയമിച്ചാൽ, മതപരമായ കാരണങ്ങളാൽ പ്രസ്തുത വകുപ്പുകൾ അശുദ്ധമാകുമെന്ന നിലപാടുപോലും ഗവൺമെന്റ് സ്വീകരിച്ചു. സർക്കാർ ഇരട്ടത്താപ്പുനയമാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് പിന്നാക്കവിഭാഗക്കാർ ആരോപിച്ചു.

തിരുവിതാംകൂറിലെ ബഹുഭൂരിപക്ഷം ഉന്നത ഉദ്യോഗങ്ങളും തമിഴ്–ബ്രാഹ്മണർ കയ്യടക്കിവച്ചിരിക്കുന്നത് തദ്ദേശീയരായ അഭ്യസ്തവിദ്യരെ അസ്വസ്ഥരാക്കി. തങ്ങളുടെ അവസരമാണ് അന്യദേശക്കാർ കയ്യടക്കിവച്ചിരിക്കുന്നതെന്ന ബോധം അവർക്കുണ്ടായി. നാനാജാതിമതസ്ഥരായ പതിനായിരത്തിലധികം പേർ ഒപ്പുവെച്ച ഒരു ഹർജി അവർ 1891 ജനുവരിയിൽ ശ്രീമൂലം തിരുനാൾ മഹാരാജാവിനു സമർപ്പിച്ചു. സർക്കാർ സർവീസിൽ തങ്ങൾക്ക് ന്യായമായി ലഭിക്കേണ്ട പ്രാതിനിധ്യം ലഭിക്കാത്തതിലുള്ള പരാതിയായിരുന്നു 'മലയാളി മെമ്മോറിയൽ' എന്നറിയപ്പെടുന്ന ഈ ഹർജിയിലുണ്ടായിരുന്നത്. എന്നാൽ, നിരാശാജനകമായ ഒരു പ്രതികരണമാണ് ഇതിന് സർക്കാരിൻെറ ഭാഗത്തുനിന്നും ലഭിച്ചത്.

രാജ്യത്തെ മൊത്തം ജനസംഖ്യയുടെ അഞ്ചിലൊന്നുഭാഗമുണ്ടായിരുന്ന ഈഴവർക്ക് ഉദ്യോഗങ്ങളിൽ നാമമാത്ര പ്രാതിനിധ്യം പോലും ഇല്ലായെന്ന വസ്തുത അവരെ ക്ഷുഭിതരാക്കി. ബുദ്ധിമുട്ടുകൾ പലതും സഹിച്ച് ഉന്നതവിദ്യാഭ്യാസം നേടിയ പല സമുദായാംഗങ്ങൾക്കും ഉദ്യോഗമന്വേഷിച്ച് രാജ്യത്തിനു വെളിയിൽ പോകേണ്ടിവന്നു. ഉദ്യോഗനിയമനകാര്യത്തിൽ തങ്ങളോടു നീതി പുലർത്തണമെന്നാവശ്യപ്പെട്ടുകൊ



ണ്ട് 13,176 ഈഴവർ ഒപ്പിട്ട ഒരു നിവേദനം ഡോ. പൽപുവിന്റെ നേതൃത്വത്തിൽ 1896 സെപ്തംബർ മൂന്നിന് ഗവൺമെന്റിനു സമർപ്പിച്ചു. ഈഴവരുടെ സാമൂഹിക പിന്നാക്കാവസ്ഥയ്ക്കുള്ള ഒരു കാരണം അവർക്ക് സർക്കാർ സർവീസിൽ പ്രാതിനിധ്യം ഇല്ലാതിരുന്നതാണെന്നും മലബാർ പ്രദേശത്ത് ബ്രിട്ടീഷ് സർക്കാരിന്റെ കീഴിൽ തീയർക്ക് ജോലി ലഭിച്ചുകൊണ്ടിരിക്കുന്നുമുണ്ടെന്ന വസ്തുത 'ഈഴവ മെമ്മോറിയൽ' എന്നറിയപ്പെട്ട ഈ ഹർജിയിൽ ചൂണ്ടിക്കാണിച്ചിരുന്നു. സർക്കാരിന്റെ നയത്തിൽ സത്വരമായ ഒരു സ്വാധീനം ചെലുത്താൻ ഈഴവ മെമ്മോറിയലിനു കഴിഞ്ഞില്ല. 1914നുശേഷം സർക്കാരിന്റെ നയത്തിൽ ചില മാറ്റങ്ങൾ വന്നു. ഈഴവർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിനുള്ള അനുവാദം ലഭിച്ചു. പിന്നാക്കവിഭാഗക്കാർക്ക് നാമമാത്രമായെങ്കിലും സർക്കാരുദ്യോഗം ലഭിച്ചു തുടങ്ങി. 1888ൽ തിരുവിതാംകൂറിൽ ഒരു നിയമനിർമാണസഭ ആരംഭിച്ചിരുന്നു. 1904ൽ ആരംഭിച്ച ശ്രീമൂലം പ്രജാസഭയിലേക്ക് ചില പിന്നാക്കവിഭാഗക്കാരെ നാമനിർദ്ദേശം ചെയ്യുന്ന പതിവ് ദിവാൻ പി. രാജഗോപാലാചാരി ആരംഭിച്ചു. ഈ വിധത്തിൽ ശ്രീമൂലം അസംബ്ലിയിൽ അംഗമായ മഹാകവി കുമാരനാശാൻ ഈഴവർക്കും മറ്റു പിന്നാക്കക്കാർക്കും സർക്കാർ സർവീസിൽ കൂടുതൽ പ്രാതിനിധ്യം നൽകേണ്ടതിന്റെ ആവശ്യകത പലപ്പോഴും സഭയിൽ ചർച്ചാവിഷയമാക്കി. 1915 ആയപ്പോഴേക്കും നിയമനങ്ങളിൽ അവസരസമത്വം നൽകുകയെന്ന ആശയത്തിന്റെ വെളിച്ചത്തിൽ ഗവൺമെന്റ് പിന്നാക്കക്കാർക്ക് ചില പരിഗണനകൾ നൽകിത്തുടങ്ങി.

അവസരസമത്വത്തിനുവേണ്ടി പൊതുജനാഭിപ്രായം ശക്തമായതിന്റെ ഫലമായി 1921 ആയപ്പോഴേക്കും എല്ലാ ജാതിമത വിഭാഗക്കാർക്കും നിയമനകാര്യത്തിൽ പരിഗണന നൽകണമെന്ന നിർദേശം ഗവൺമെന്റ് വകുപ്പുമേധാവികൾക്കു നൽകി. 1925ലെ ഒരു ഉത്തരവനുസരിച്ച് തിരുവിതാംകൂർ ജനതയെ പല വിഭാഗങ്ങളായി തിരിച്ചു. കാലക്രമത്തിൽ, വർഗീയ പ്രാതിനിധ്യം ഉറപ്പാക്കാൻ ജനങ്ങളെ പിന്നെയും പല വിഭാഗങ്ങളായി വിഭജിച്ചു. ഓരോജാതിക്കും പ്രത്യേകം സംവരണം വേണമെന്ന വാദഗതി ഉയർന്നതോടെ പ്രശ്നം ലജിസ്ലേറ്റീവ് കൗൺസിലിന്റെ പരിഗണനയിൽ വന്നു. വലതും ചെറുതുമായ എല്ലാ ജാതികൾക്കും പ്രാതിനിധ്യം അപ്രായോഗികമാണെന്ന നിഗമനത്തിൽ ഗവൺമെന്റ് എത്തിച്ചേർന്നു.



സാമുദായിക പ്രാതിനിധ്യത്തിന്റെ പ്രശ്നം 1929ൽ വീണ്ടും ലജിസ്ലേറ്റീവ് കൗൺസിലിൽ ചർച്ചയ്ക്കുവന്നു. പ്രാതിനിധ്യമില്ലെന്നുള്ള വിവിധ സമുദായങ്ങളുടെ പരാതിക്ക് പരിഹാരമുണ്ടാക്കാനുള്ള ഫലപ്രദമായ മാർഗങ്ങൾ നിർദേശിക്കാൻ ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചു. 1933ൽ സമർപ്പിക്കപ്പെട്ട കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റ് പരിശോധിക്കുകയും ഓരോ വകുപ്പിലും വിവിധ ജാതിക്കാർക്ക് ലഭിച്ചിട്ടുള്ള ഉദ്യോഗങ്ങളുടെ അനുപാതം കണക്കാക്കുന്നതിനുവേണ്ടി സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

ഉദ്യോഗനിയമന പ്രശ്നം വിശദമായി പരിശോധിക്കുന്നതിന് ഗവൺമെന്റ് തിരുവിതാംകൂർ ഹൈക്കോടതിയിലെ ജഡ്ജിയായിരുന്ന ജി. ഡി. നോക്സ് എന്ന ബ്രിട്ടീഷുകാരനെ സ്പെഷ്യൽ ഓഫീസറായി 1934ൽ നിയമിച്ചു. ഉദ്യോഗ നിയമനത്തിനുവേണ്ടി പബ്ലിക് സർവീസ് കമ്മിഷൻ രൂപവൽകരിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുകയായിരുന്നു സ്പെഷ്യലാഫീസറുടെ ചുമതല. സമുദായ പ്രാതിനിധ്യം ക്രമീകരിക്കുന്നതിനുവേണ്ടി ജനങ്ങളെ സൗകര്യപ്രദമായ രീതിയിൽ വർഗീകരിക്കുന്നതിനും നോക്സിനെ ചുമതലപ്പെടുത്തിയിരുന്നു. 1935 മാർച്ച് 14ന് സമർപ്പിക്കപ്പെട്ട നോക്സിന്റെ റിപ്പോർട്ട് പ്രകാരം, മൊത്തം ജനസംഖ്യയുടെ രണ്ടു ശതമാനമെങ്കിലും സംഖ്യാബലമുള്ള സമുദായങ്ങൾക്കെല്ലാം വർഗീയ പ്രാതിനിധ്യത്തിന്റെ പ്രയോജനം നൽകാൻ ഗവൺമെന്റ് തീരുമാനിച്ചു. ജനസംഖ്യയുടെ 1.3 ശതമാനം ഉണ്ടായിരുന്ന ബ്രാഹ്മണ സമുദായത്തെമാത്രം ഈ പൊതുവ്യവസ്ഥയിൽ നിന്നും ഒഴിവാക്കി.

1932-ൽ പ്രഖ്യാപിച്ച നിയമസഭാ ഭരണപരിഷ്കാരത്തിൽ തൃപ്തികരമായ പരിഗണന ലഭിച്ചില്ല എന്നാരോപിച്ച് ഈഴവരും ക്രിസ്ത്യാനികളും മുസ്ലിങ്ങളും ചേർന്ന് 'സംയുക്തരാഷ്ട്രീയസമിതി' എന്ന പ്രസ്ഥാനം ആരംഭിച്ച് നിവർത്തന പ്രക്ഷോഭണം സംഘടിപ്പിച്ചതും ഇതേ

കാലയളവിലാണ്. നിവർത്തന പ്രസ്ഥാനം, നിയമസഭയിലെ വാദപ്രതിവാദങ്ങൾ, പൊതുജനാഭിപ്രായം തുടങ്ങിയവയുടെ സ്വാധീനഫലമായി നിയമനങ്ങളിൽ ചില പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്താൻ ഗവൺമെന്റ് നിർബന്ധിതമായിതീർന്നു. ഉദ്യോഗനിയമനത്തിന് ഒരു പബ്ലിക് സർവീസ് കമ്മിഷണറെ നിയമിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. ഉദ്യോഗാർഥികളെ തെരഞ്ഞെടുക്കുക, യോഗ്യത നിശ്ചയിക്കുക, മൽസരപരീക്ഷകളും ഇൻററർവ്യൂവും നടത്തുക, റിക്രൂട്ട്മെൻറ് നിയമങ്ങൾ തയ്യാറാക്കുക തുടങ്ങിയവയായിരുന്നു 1935 ജൂൺ 25ന് ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിൽ പബ്ലിക് സർവീസ് കമ്മിഷണറുടെ ചുമതലകളായി നിർവചിച്ചിരുന്നത്. ജി.ഡി. നോക്സ് ആയിരുന്നു ആദ്യത്തെ പബ്ലിക് സർവീസ് കമ്മിഷണർ. 1936 ഫെബ്രുവരി മാസത്തിൽ ഉദ്യോഗസ്ഥനിയമനത്തെ സംബന്ധിച്ച വ്യക്തമായ നിയമങ്ങൾ സർക്കാർ പ്രസിദ്ധീകരിച്ചു. 1936 ജൂൺ 14-ാംതീയതി മുതൽ ഈ നിയമങ്ങൾ പ്രാബല്യത്തിൽ വന്നു. ഈ റിക്രൂട്ട്മെൻറ് നിയമങ്ങൾ ചില്ലറ ഭേദഗതികളോടെ 1940 വരെ നിലവിലിരുന്നു. 1940 ഒക്ടോബറിൽ റിക്രൂട്ട്മെൻറ് നിയമങ്ങൾ നവീകരിക്കപ്പെട്ടു. പബ്ലിക് സർവീസ് കമ്മിഷണറുടെ നിയമനത്തോടൊപ്പം താൽക്കാലികമായി രൂപവൽകരിക്കപ്പെട്ട പബ്ലിക് സർവീസ് വകുപ്പ് 1942ൽ ഒരു സ്ഥിരം വകുപ്പായിത്തീർന്നു. 1949ൽ തിരു-കൊച്ചി സംയോജനം നടക്കുന്നതുവരെ പബ്ലിക് സർവീസ് കമ്മിഷണറും അദ്ദേഹത്തിൻെറ കീഴിലുള്ള പബ്ലിക് സർവീസ് വകുപ്പും പ്രവർത്തിച്ചു.

കൊച്ചിയിൽ ക്രമീകൃതമായ രീതിയിലുള്ള ഭരണ സമ്പ്രദായം ആരംഭിച്ചത് ശക്തൻ തമ്പുരാൻ എന്നറിയപ്പെട്ടിരുന്ന രാമവർമ (ഭരണകാലം 1790-1805) യുടെ കാലത്തോടുകൂടിയായിരുന്നു. 1791-ൽ അദ്ദേഹം ബ്രിട്ടീഷുകാരുമായി ഉണ്ടാക്കിയ ഉടമ്പടിയുടെ ഫലമായി കൊച്ചി ബ്രിട്ടീഷ് മേൽക്കോയ്മ സ്വീകരിച്ചു. 1812-ൽ കൊച്ചിയിൽ ദിവാനായി നിയമിക്കപ്പെട്ട കേണൽ മൺറോ രാജ്യത്തിലെ പൊതുഭരണസംവിധാനത്തെ അഴിച്ചു പണിതു. ഭരണപരിഷ്കാരങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളിൽ അനേകം ഉദ്യോഗസ്ഥൻമാരെ പുതുതായി നിയമിക്കേണ്ടതായിവന്നു. ഉയർന്ന തസ്തികകളിൽ ദിവാൻ നേരിട്ടു നിയമനം നടത്തി. താഴ്ന്ന തസ്തികകളിലെ നിയമനത്തിൽ സ്വജനപക്ഷപാതവും ജാതിപരിഗണനയും സ്വാധീനം ചെലുത്തുന്ന പ്രവണത നിലനിന്നു. ഭരണകാര്യങ്ങളിൽ ജനകീയ പങ്കാളിത്തം ആവശ്യപ്പെട്ടുകൊണ്ട് നിരവധി പ്രക്ഷോഭങ്ങൾ ഉണ്ടായി. ഇരുപതാം നൂറ്റാണ്ടോടുകൂടി ഈ ആവശ്യം ശക്തമായിത്തീർന്നു. നിയമസഭയിലും വർത്തമാനപത്രങ്ങളിലും ഉദ്യോഗനിയമനപ്രശ്നം വിവാദവിഷയമായിത്തീർന്നു. സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിലൂടെ നിയമനം നടത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ട സർക്കാർ 1936 സെപ്തംബർ മാസത്തിൽ സ്റ്റാഫ് സെലക്ഷൻ ബോർഡ് രൂപവൽക്കരിച്ചു. നിയമസഭ പാസാക്കിയ ആക്ട് അനുസരിച്ച് 1947-ൽ മൂന്ന് അംഗങ്ങളോടെ കൊച്ചിൻ പബ്ലിക് സർവീസ് കമ്മിഷൻ രൂപവത്കരിച്ചു. 1949-ൽ തിരു-കൊച്ചി സംയോജനത്തെത്തുടർന്ന് തിരു-കൊച്ചി പബ്ലിക് സർവീസ് കമ്മിഷൻ നിലവിൽ വന്നു. മൂന്നംഗ കമ്മിഷന്റെ ചെയർമാൻ സി.കുഞ്ഞിരാമനായിരുന്നു. 1950 ജനുവരി 26 ന് ഇന്ത്യൻ ഭരണഘടന നിലവിൽ വന്നതോടെ അതൊരു ഭരണഘടനാ സ്ഥാപനമായി

മദ്രാസ് പബ്ലിക് സർവീസ് കമ്മിഷന്റെ പരിധിയിലായിരുന്നു 1956 വരെ മലബാർ പ്രദേശത്തെ ഉദ്യോഗനിയമനം. 1956-ൽ സംസ്ഥാന പുനസ്സംഘടനയെത്തുടർന്ന് സംസ്ഥാനമൊട്ടാകെ അധികാരപരിധിയുള്ള കേരള പബ്ലിക് സർവീസ് കമ്മിഷൻ നിലവിൽവന്നു. വി.കെ. വേലായുധനായിരുന്നു ആദ്യത്തെ കെ.പി.എസ്.സി.ചെയർമാൻ.

തിരുവനന്തപുരത്ത് പട്ടത്താണ് കേരള പബ്ലിക് സർവീസ് കമ്മിഷന്റെ ആസ്ഥാന ഓഫീസ്. കൊല്ലം. എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ ഓഫീസുകളുണ്ട്. 14 ജില്ലകളിലും കമ്മിഷന് ജില്ലാ ഓഫീസുകളുണ്ട്.

**കെ.പി.എസ്.സി.ചെയർമാൻമാർ ഇതുവരെ**

| | |
|---|---|
| വി.കെ.വേലായുധൻ | 1956-1962 |
| വി.മരിയാർപൂതം | 1963-1967 |
| എം.കെ.ദേവസി | 1967-1972 |
| എം.കെ.കുമാരൻ | 1972-1975 |
| ടി.എം.സാവൻകുട്ടി | 1975-1981 |
| എം.കെ.ഹേമചന്ദ്രൻ | 1981-1984 |
| കെ.ജി.അടിയോടി | 1984-1984 |
| ഗോപാലകൃഷ്ണക്കുറുപ്പ് | 1985-1991 |
| ആർ.ചന്ദ്രശേഖരൻ നായർ | 1991-1995 |
| ജി.ഗോപാലകൃഷ്ണപിള്ള | 1996-2000 |
| എം.ഗംഗാധരക്കുറുപ്പ് | 2000-2006 |
| കെ.വി.സലാഹുദ്ദീൻ | 2006-2011 |
| ഡോ.കെ.എസ്.രാധാകൃഷ്ണൻ | 2011-2016 |
| അഡ്വ.എം.കെ.സക്കീർ | 2016- 2022 |
| ഡോ.എം.ആർ.ബൈജു | 2022- തുടരുന്നു. |



ചെറുകഥ

# പുറംകോട്ട് നടക്കാൻ കഴിയാത്ത വഴികൾ ...



ജിതിൻ ജോസ്

പച്ചവിരിച്ച പുൽപ്പാടങ്ങൾക്ക് നടുവിലൂടെയായിരുന്നു ഇടയ്ക്കെപ്പോഴോ കണ്ണു തുറന്നപ്പോഴുള്ള യാത്ര. റോഡിനിരുവശവും കാണുന്ന പച്ചപ്പും, പിന്നെ ... നാലുകാലുകളും ചേർത്ത് നിര നിരയായി കെട്ടിപ്പൊക്കിയിട്ടുള്ള Plywood മില്ലുകളും കൂടി കണ്ടതും, ഇറങ്ങാനുള്ള സ്ഥലമെത്താറായെന്നയാൾ സ്വയം ഉറപ്പിച്ചു. പുല്ലുവഴി ജംഗ്ഷൻ... conductor വിളിച്ചു പറഞ്ഞതും, വേറേതോ ലോകത്തായിരുന്ന അയാൾ പൊടുന്നനെ ചാടിയെഴുന്നേറ്റു തിക്കിത്തിരക്കി ഒരു വിധം സ്റ്റോപ്പിലിറങ്ങി. ഒന്നു തലയുയർത്തി പോലും നോക്കാതെ യാന്ത്രികമായി അയാൾ ഇറങ്ങി നടന്നു. ജംഗ്ഷനിലെ പള്ളിയുടെ മുമ്പിലെത്തിയപ്പോഴാണ് ഏതോ ഒരുൾവിളി പോലെ അയാളൊരു നിമിഷം നിന്നത്. ഇടയ്ക്കെപ്പോഴോ പെയ്തു തുടങ്ങിയ ചാറ്റൽ മഴ മേലാകെ ചിതറിത്തെറിക്കുന്നുണ്ട്.പെയ്യട്ടെ ...ശരിക്ക് പെയ്യട്ടെ ... അന്ന് ...വർഷങ്ങൾക്കു മുമ്പ് അവസാനമായി ഈ ജംഗ്ഷനിൽ നിന്ന് വണ്ടി കയറിയപ്പോഴും ഇതുപോലെ മഴ പെയ്യുന്നുണ്ടായിരുന്നു. അന്ന്, ഉള്ളിലെ തേങ്ങൽ ആ ചാറ്റൽ മഴയോടൊപ്പം ഒലിച്ചിറങ്ങിയപ്പോഴും ആരും കാണാതെ കണ്ണുകളടച്ചത് ഈ പള്ളിക്കു മുമ്പിലായിരുന്നു.

പെട്ടെന്നൊരു ലോറി ഹോൺ മുഴക്കി കടന്നുപോയത് അയാളെ ചിന്തകളിൽ നിന്നുമുണർത്തി.

പള്ളിക്കെതിർവശത്തായി താഴേക്ക് നീളുന്ന ഒരിടവഴി. കറുകപ്പുല്ലും തെച്ചിക്കാടുകളും എത്തിനോക്കുന്ന ആ ഇടവഴിയിലൂടെ നടന്നാൽ മൺകൂണുകൾ മുളച്ചത് പോലെ മേൽക്കൂരകൾ പൊന്തി നിൽക്കുന്നു. വലിയ മതിൽക്കെട്ടും ഭംഗിയുള്ള ഇരുനില വീടുകളും കൂടി കണ്ടതോടെ അയാൾ സ്വയം ഓർത്തുപോയി. ഇവിടം വല്ലാതെ മാറിയിരിക്കുന്നു...ഓരോ ചുവട് വയ്ക്കുന്തോറും ഒരാരവം അടുത്തടുത്ത് വരുന്നില്ലേ... ഒരു കൂട്ടം

വിദ്യാർത്ഥികളുടെ ജീവിതമാണത്. ചരൽ നിറഞ്ഞ, കരിയിലകൾ മൂടിയ .. ആ ഇടവഴി ചെന്നവസാനിക്കുന്നിടത്ത് ഒരു ഗ്രോട്ടോയുടെ മുമ്പിൽ അയാൾ നിന്നു. മുമ്പിൽ പ്രൗഢിയോടെ നിൽക്കുന്ന ഒരു നഴ്സിങ് കോളേജ്. ഉറച്ച കാൽവെയ്പ്പോടെ അയാൾ അകത്തേക്ക് കയറി. റിസെപ്ഷനിൽ ചെന്ന് സ്വയം പരിചയപ്പെടുത്തിയിട്ട് തിരിച്ചു വിസിറ്റിംഗ് ചെയറിൽ വന്നിരുന്നപ്പോഴും ആ യുവാവിന്റെ കണ്ണിൽ എന്തൊക്കെയോ മിന്നിമറയുന്നുണ്ടായിരുന്നു. ഇത്രയും നേരം അയാളെത്തന്നെ ശ്രദ്ധിച്ചു കൊണ്ടിരുന്ന ആ റിസപ്ഷനിസ്റ്റ് ഒരു ചെറുപുഞ്ചിരിയോടെ ചോദിച്ചു. 'താങ്കൾ എന്താണ് ഇത്രയും കൗതുകത്തോടെ ചുറ്റും നോക്കുന്നത് ? എന്തൊക്കെയോ പറയാനുണ്ടെന്ന് തോന്നുന്നല്ലോ..' തെല്ലൊരു മൗനത്തിനുശേഷം അയാൾ പറഞ്ഞു തുടങ്ങി. അറിയാതെ തന്നെ അയാൾ പലതും ഓർത്തു പോവുകയായിരുന്നു.

'According to Florence Nightingale, Nursing is the unique function of ....'നേഴ്സിംഗിനെ പറ്റി വളരെ മൃദുവായി പറഞ്ഞു തന്ന ആ ക്ലാസിലിരിക്കുമ്പോഴും മുമ്പിൽ വിശാലമായി കിടക്കുന്ന നാലു വർഷങ്ങളെക്കുറിച്ചായിരുന്നു എന്റെ മനസ്സ് നിറയെ. ക്ലാസ് കഴിഞ്ഞിറങ്ങിയ അധ്യാപികയുടെ കാൽപ്പാടുകൾ വാതിൽ വരെ കണ്ണുകൾ പിന്തുടർന്നതും, വലിയൊരാഹ്ലാദം ഉള്ളിൽ അലയടിക്കുന്നുണ്ടായിരുന്നു. എല്ലാം പുതിയ മുഖങ്ങൾ. നാലുവർഷത്തെ നഴ്സിംഗ് പഠനത്തിനിടയിലെ അപൂർവ്വം ചില പ്രതീക്ഷകൾ ...!

നാലുവർഷം.. പലതരം അനുഭവങ്ങൾ... പലതും കൈപ്പേറിയത്. ഏറ്റവും പ്രധാനം ഒറ്റപ്പെടൽ. professional course-ലകപ്പെട്ട ലക്ഷ്യബോധമില്ലാത്ത ആ കാലത്തെക്കുറിച്ചോർക്കുമ്പോൾ ഇപ്പോഴും ഭയമാണ്. യൂണിവേഴ്സിറ്റി പരീക്ഷ എഴുതാനായി ഹാളിൽ കയറാൻ 5മിനിറ്റ് കൂടിയുണ്ടെന്നറിയുമ്പോൾ ഒരു വിദ്യാർത്ഥിയുടെ മനസ്സിൽ എന്തായിരിക്കും? എന്നാൽ അങ്ങനെ ഒരു വികാരം ആ പഠനകാലയളവിൽ ഒരിക്കൽപോലും ഞാനനുഭവിച്ചിട്ടില്ല എന്ന് പറഞ്ഞാൽ അതുതന്നെയായിരിക്കും ആ കോഴ്സ് എനിക്ക് നേരെ നീട്ടിയ disqualification നുള്ള ഏറ്റവും വലിയ തെളിവ്. പരീക്ഷക്ക് ജയിക്കാനായി ആകെ വേണ്ട പകുതി മാർക്കിനുള്ള ചോദ്യങ്ങൾ മാത്രം ഹൃദ്യസ്ഥമാക്കിക്കൊണ്ട് ഹാളിന് പുറത്തെ തിണ്ണയിൽ ഞാനിരിക്കും. പരീക്ഷാ ഭൂതം നൽകുന്ന അവസാന ആ അഞ്ചു നിമിഷത്തെ നോക്കി സ്വയം പുച്ഛത്തോടെയും, വരാൻ പോകുന്ന അപമാനത്തെയും പറ്റി ഓർത്തുകൊണ്ട് ..സപ്ലിയടിച്ച് year back ആയവരുടെ രൂപങ്ങൾ അന്നേരം ഒന്നൊന്നായി തെളിഞ്ഞു വരും.

ഒറ്റപ്പെടൽ... professional jealousy യും selfishness ഉം വേണ്ടുവോളം ഉണ്ടായിരുന്ന ആ ക്ലാസിന്റെ byproducts ആയിരുന്നു inferiority complex ഉം അതിന്റെ ഫലമായുണ്ടാകുന്ന loneliness ഉം. loneliness.. ഹഹ.. ചിരിക്കാനാണ് തോന്നുന്നത് ഇപ്പോൾ. ഒറ്റപ്പെടുക.. മനസ്സിന് കട്ടിയില്ലാത്തവന്റെ വികാരം. immature ആയ മനസ്സിന്റെ ചിന്തകൾ ...ചിന്തകൾ തന്നെ. self centred thoughts..എന്നാലും ആ കോളേജ് തനിക്ക് മറ്റൊരർത്ഥത്തിൽ പ്രിയപ്പെട്ടതായിരുന്നു. ഒന്നുമില്ലായ്മയിൽ നിന്നും എന്നെ പലതും പഠിപ്പിച്ച, ലജ്ജകൊണ്ട് തൊലിയുരിഞ്ഞു നിൽക്കുമ്പോൾ പോലും നിസ്സംഗതയോടെ സ്വയം ചിരിക്കാൻ.. കഴിവുകേടിന്റെ പാരമ്യത്തിൽ പോലും പ്രതീക്ഷയുടെ ഒരു തീപ്പൊരി ഒരിക്കലും (never and will never) കെടാതെ സൂക്ഷിക്കാൻ.. ആത്മാർത്ഥതയുടെ മുക്കാൽഭാഗവും അഭിനയമാണെന്ന് തിരിച്ചറിയാൻ.. ഒരിക്കലും ആരുടെ മുമ്പിലും താനടിയറ വയ്ക്കാനാഗ്രഹിക്കാതിരുന്ന 'ego' എന്ന വാക്കിന്റെ ചിന്നിച്ചിതറിയ ശകലങ്ങൾ പലരിലുമായി തത്തിക്കളിച്ച് നടക്കുന്നത് കണ്ടു രസിക്കാൻ.. എല്ലാം എന്നെ പഠിപ്പിച്ച, graduate എന്ന വാക്കിന് ഒരുപാടർത്ഥം പകർന്നു നൽകിയ എന്റെ വിദ്യാലയം..

'I solemnly pledge myself before God... 'അവസാനം graduate ceremony യുടെ oath മനസ്സു കൊണ്ടല്ല, നാവുകൊണ്ടേറ്റുവാങ്ങി തിരിഞ്ഞു നടക്കുമ്പോഴും പുറത്ത് മഴ പെയ്യുന്നുണ്ടായിരുന്നു.



Graduation certificate ഒരു Olympic record പോലെ ഉയർത്തിപ്പിടിക്കുകയും ഫോട്ടോ എടുക്കുകയും ചെയ്യുന്നുണ്ടായിരുന്നു അന്നവിടെ. ബഹളങ്ങളിൽ നിന്നെല്ലാം രക്ഷപ്പെട്ട് തിടുക്കത്തിൽ ഞാനിറങ്ങി നടന്നു. കോളേജിന് പുറത്തേക്ക് ... ജംഗ്ഷനിലേക്കുള്ള വഴിയിൽ, സർട്ടിഫിക്കറ്റ് ഒരനാഥ പ്രേതം പോലെ കയ്യിൽ തണുത്ത് മരവിച്ചിരുന്നു. എന്തിന്റെയൊക്കെയോ ഒരു ബാക്കി പത്രം പോലെ ...

പുല്ലുവഴി ജംഗ്ഷൻ അന്ന് പതിവില്ലാത്ത വിധം ആരവങ്ങളാൽ മൂടപ്പെട്ടിരുന്നു. നാലുവർഷം കഷ്ടപ്പെട്ടതിന്റെ സന്തോഷം എല്ലാവരുടെയും മുഖത്ത് കാണാം. ബസ്സ് വരാൻ വൈകുന്നത് ആരുടെയോ പ്രാർത്ഥന പോലെ തോന്നിച്ചു.ബസ്സ്റ്റോപ്പിൽ ഇരുന്ന് പിന്നെയും എന്തെല്ലാമോ പറഞ്ഞു രസിക്കുന്ന വിദ്യാർത്ഥികൾ. കളി പറയാൻ അവർക്കിനിയൊരു ദിവസമില്ല. ബസ്സ് വന്നപ്പോൾ ആശ്വാസമാണ് തോന്നിയത്. നാലു വർഷത്തെ എന്റെ ഇവിടുത്തെ ജീവിതം അങ്ങനെ അവസാനിക്കുന്നു. കയറാൻ നേരം ഒരേയൊരു പ്രാവശ്യം ഒന്ന് തിരിഞ്ഞു നോക്കി. യാത്രയാക്കാൻ വെറുതെയെങ്കിലും ഒരു കൈ ഉയരുമെന്ന പ്രതീക്ഷയിൽ ...window seat വഴി മഴവെള്ളം അരിച്ചിറങ്ങുന്നുണ്ടായിരുന്നു. ഈ മഴത്തുള്ളികൾ എന്റെ മുഖമാകെ നനച്ചിരുന്നെങ്കിൽ ....അങ്ങനെ തന്നെ പുറത്തേക്ക് നോക്കിയിരുന്നതും, എന്റെ മനസ്സ് വായിച്ചിട്ടെന്ന പോലെ കണ്ണുകൾ പള്ളിയുടെ ആ രൂപത്തിലുടക്കി. രൂപത്തിൽ പടർന്നു പന്തലിക്കുന്ന ആ ചെടിയുടെ വേരുകൾ എത്ര നശിപ്പിച്ചാലും പിന്നെയും വളർന്നു വരുമെന്നതാണ് ആ അത്ഭുത ഗ്രോട്ടോയ്ക്കുള്ള കേട്ടുകേൾവി. ചെടികൾക്കിടയിലിരുന്ന് St.Thomas എന്നെ നോക്കി മന്ദഹസിക്കുന്നതായി തോന്നി. പണ്ടേ നിറഞ്ഞു കഴിഞ്ഞിരുന്നതിനാൽ കണ്ണുകൾ വീണ്ടും ഉയർത്തി നോക്കാനെനിക്ക് കഴിഞ്ഞില്ല. ഈറനണിഞ്ഞ് പരസ്പരം പുണർന്നു നിൽക്കുന്ന പീലികളെ ശക്തിയായി ചേർത്തുവച്ച് ഞാനാ സീറ്റിലേക്ക് ചാരിയിരുന്നു.



ഒരു കൂട്ടം വിദ്യാർത്ഥികൾ കോളേജ് ബസ്സിൽ വന്നിറങ്ങുന്നത് കണ്ടാണ് അയാൾ വാച്ചിൽ നോക്കിയത്. സമയം നാലര മണിയാകുന്നു.അഞ്ചുമണിയുടെ ലോങ്ങ് ബെല്ലോടുകൂടി ക്ലാസ്സ് അവസാനിക്കുമായിരിക്കും. എന്നാലും വീട്ടിൽ പോകാതെ വരാന്തയിലും സ്റ്റെപ്പുകളിലുമൊക്കെയായി യുവമിഥുനങ്ങളുണ്ടാകും. നഴ്സിംഗ് കോളേജിന്റെ ambience Arts College ൽ നിന്നു വ്യത്യസ്തമാണെങ്കിലും, കൗമാര ഹൃദയങ്ങളുടെ പൾസ് എല്ലായിടത്തും ഒരുപോലെയാകാനേ തരമുള്ളൂ എന്നാലോചിച്ച് അയാൾ സ്വയം ചിരിച്ചു. 'കോളേജിന്റ monthly accounts statements എടുക്കാൻ ബാങ്ക് വരെ പോകേണ്ട ആവശ്യമുണ്ടായിരുന്നു. താങ്കളുടെ കാര്യം ഞാൻ സൂചിപ്പിച്ചിട്ടുണ്ട്. സിസ്റ്റർ തിരക്കിലാണെന്ന് തോന്നുന്നു. ദയവായി കുറച്ചു സമയം കൂടി കാത്തിരിക്കൂ 'ഇതു പറഞ്ഞിട്ട് ആ റിസപ്ഷനിസ്റ്റ് ഇറങ്ങിയതും, front office ൽ തനിച്ചായിപ്പോയ അയാൾ പതുക്കെ എഴുന്നേറ്റു. നഴ്സിംഗ് വിദ്യാർത്ഥികൾ കൂട്ടമായി അയാൾക്ക് മുൻപിലൂടെ നടന്ന് ലൈബ്രറിക്ക് മുമ്പിലുള്ള coffee dispenser ൽ നിന്നും കോഫി കുടിക്കുന്നു. തരുണീമണികൾ... കോളേജിന് വലിയ മാറ്റങ്ങളൊന്നും സംഭവിച്ചിട്ടില്ലാത്തതു പോലെ തനിക്കും വലിയ മാറ്റങ്ങളൊന്നും സംഭവിച്ചിട്ടില്ലായെന്നത് അയാളെ അത്ഭുതപ്പെടുത്തി. ' It's not my cup of tea... 'മനസ്സിനെ ശാന്തമാക്കി തിരിഞ്ഞു നടന്നതും ,Front office ൽചിതറിക്കിടന്നിരുന്ന ചില കുറിപ്പുകളിൽ അയാളുടെ കണ്ണുകളുടക്കി. ' Expenditure statements reflects the revenue deficits for the present quarter..' മനസ്സിന്റെ സഞ്ചാര പഥത്തെ നിയന്ത്രിക്കാൻ കഴിയാതെ അയാളാ ബാങ്കിംഗ് കുറിപ്പ് വീണ്ടും വീണ്ടും വായിച്ചു.ചിന്തകൾക്ക് സമയത്തേക്കാൾ വേഗത്തിൽ സഞ്ചരിക്കാൻ കഴിയുന്നതുകൊണ്ടാകണം ക്ഷണം ലഭിക്കാത്ത അതിഥിയെ പോലെ ആ രാത്രി വീണ്ടും കൺമുമ്പിലേക്ക് വന്നത്. State Bank ന്റെ final rank list publish ചെയ്ത, ഭാഗ്യമെന്നോ നിർഭാഗ്യമെന്നോ ഇതുവരെ വിശേഷിപ്പിക്കാൻ കഴിയാത്ത ആ രാത്രി ...!

കഴിഞ്ഞ 2 വർഷവും രാത്രികളെ പകലുകളാക്കി പഠിച്ച ഹോസ്റ്റലിലെ തന്റെ മുഴുവൻ ഗ്രൂപ്പംഗങ്ങൾക്കും സെലക്ഷൻ കിട്ടിയ സന്തോഷത്തിൽ അവർ നാട്ടിലേക്ക് വണ്ടി കയറിയപ്പോൾ എന്തു ചെയ്യണമെന്നറിയാതെ ഒറ്റപ്പെട്ടുപോയ ഒരു ഫൈനലിസ്റ്റിന്റെ രാത്രി. സ്വന്തം നിഴലിനെ നേരെ കണ്ട ആ രാത്രിയുടെ ഓരോ മിനിറ്റിനും ഓരോ യുഗങ്ങളുടെ ദൈർഘ്യമാണെന്നറിഞ്ഞ് കൊണ്ടു തന്നെ അന്നാദ്യമായ് പ്രാർത്ഥിച്ചു. മരണമെന്ന കോമാളിയുടെ കൈയിൽ ഏൽപ്പിക്കരുതേയെന്ന്. ഒരു നിമിത്തം പോലെ വീട്ടിൽ നിന്നും വന്ന ഒരു ഫോൺകോളാണ് സത്യത്തിൽ ദൈവം എന്ന അതീന്ദ്രിയ ശക്തിയുണ്ടെന്ന് ഇപ്പോഴും ഇടയ്ക്കിടെ ഓർമ്മിക്കാൻ കാരണമായത്. Secretariat assistant ന്റെ ഷോർട്ട് ലിസ്റ്റിൽ പേരുണ്ടെന്ന് കേട്ട ആ നിമിഷത്തേക്കാൾ സന്തോഷം തോന്നിയ മറ്റൊരു സന്ദർഭവും തന്റെ ജീവിതത്തിലുണ്ടായിട്ടില്ല.

കാലങ്ങൾ പിന്നെയും കടന്നു പോയി. ഇടയ്ക്കെപ്പോഴോ എല്ലാറ്റിനെയും കുളിരണിയിച്ചുകൊണ്ട് ശിശിരവും, പിന്നെ പുതുമണ്ണിനെ ഈറനുടുപ്പിക്കാൻ വരുന്ന ശരത് കാലമേഘങ്ങൾക്കു മുന്നോടിയായി ഗ്രീഷ്മവും പിറന്നു.പിന്നിട്ട വഴികളും, ഇനിയും പറയാതെ ബാക്കിവച്ച വരികളും .. മനസ്സിൽ പതിഞ്ഞ മുഖങ്ങളും .. അങ്ങനെയങ്ങനെ ഓർക്കാൻ സുഖമുള്ളതും കൈപ്പേറിയതുമെല്ലാം ഉള്ളിന്റെയുള്ളിൽ ഓരോന്നായി പുനർജ്ജനിച്ചു കൊണ്ടിരുന്നു. ഇനിയൊരിക്കലും തിരിച്ചു വരില്ലായെന്നറിഞ്ഞിട്ടും എന്തിനോ വേണ്ടി ..

ണിം ണിം ണിം ... ബെല്ലിന്റെ നീളെ മുഴങ്ങുന്ന ശബ്ദം അയാളെ തിരികെ ലോകത്തിലേക്ക് കൊണ്ടുവന്നു. കോളേജ് വിട്ട് വിദ്യാർത്ഥികൾ വീട്ടിലേക്കിറങ്ങുന്നു. നേരത്തെ കണ്ട മുഖങ്ങൾ അവിടെയുണ്ടോ എന്ന് വെറുതെ ഒന്ന് നോക്കി. കഴിഞ്ഞകാലത്തെ ഒരോർമ്മ പുതുക്കൽ പോലെ ..."sir, you are called by the principal ..."receptionist പറഞ്ഞു. തെല്ലൊരു മന്ദഹാസത്തോടെ ആ മനുഷ്യൻ ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റ് റൂമിലേക്ക് കയറി. പ്രൗഢഗംഭീരമായ ആ ചെയറിന് മുമ്പിൽ ഒരു തപസ്വിയെ പോലെ അയാൾ നിലയുറപ്പിച്ചു. തന്റെ മുമ്പിലിരിക്കുന്ന ആ വ്യക്തിക്കുള്ള ഒരു സമർപ്പണം പോലെ. തിരിച്ചുവന്ന അയാളുടെ മുഖത്ത് വല്ലാത്തൊരു ആത്മസംതൃപ്തി ദൃശ്യമായിരുന്നു.അയാളിപ്പോൾ ആരാണെന്നോ എന്താണെന്നോ ആ receptionist തിരക്കിയില്ല. എങ്കിലും വലിയൊരു ലക്ഷ്യം സാക്ഷാത്കരിച്ചതിന്റെ ചാരിതാർത്ഥ്യം ആ കണ്ണുകളിൽ കാണാമായിരുന്നു.

സമയം സന്ധ്യയോടടുക്കുന്നു. ഇളം ചുവപ്പണിഞ്ഞ ആകാശം അതിന്റെ വർണ്ണപ്രഭയാൽ കോളേജാകെ സന്ധ്യയുടെ നിറം ചാലിച്ചു. ഇപ്പോൾ ആരവങ്ങളില്ലാ, തിരക്കുകളില്ലാ ..എങ്ങും ശാന്തം. കോളേജിന്റെ പിന്നിലെ പാടശേഖരങ്ങളിൽ സന്ധ്യയോടെ വന്നിരിക്കാറുള്ള കൊറ്റികൾ ഒന്നൊന്നായി പറന്നു പോയി തുടങ്ങി. അങ്ങനെ കോളേജിന്റെ ചരിത്രത്തിലെ ഒരു ദിവസം കൂടി മെല്ലെ കൊഴിഞ്ഞുപോകുന്നു.. താഴത്തെ ഫ്ളോറിൽ നിന്നും വാതിലുകളടയുന്ന ശബ്ദം കേട്ടു. ഇനി പയ്യെ, ഈ വിദ്യാലയവും രാത്രിയുടെ മടിത്തട്ടിലേക്ക് ചായും. ആ റിസപ്ഷനിസ്റ്റ് നോക്കി. അയാൾ ദൂരേക്ക് നടന്നകന്നു കഴിഞ്ഞിരുന്നു. പുതിയൊരു പ്രഭാതത്തെ വരവേൽക്കാനെന്നോണം കോളേജിന്റെ വലിയ കവാടം മെല്ലെയടഞ്ഞു..



നമ്മെ വിട്ടു പിരിഞ്ഞ
പ്രിയ സഹപ്രവർത്തകയ്ക്ക്
പി.എസ്.സി എംപ്ലോയീസ്
അസോസിയേഷന്റെ
ആദരാഞ്ജലികൾ
ഷൈനി വർഗ്ഗീസ്
അണ്ടർ സെക്രട്ടറി





കെ.പി.സി.സി ജനറൽ സെക്രട്ടറി. അഡ്വ പഴകുളം മധു
ഉമ്മൻ ചാണ്ടി അനുസ്മരണ പ്രഭാഷണം നടത്തുന്നു.







ജനാധിപത്യ ദിനാചരണത്തോടനുബന്ധിച്ച് ജനാധിപത്യവും പൗരാവകാശവും എന്ന വിഷയത്തിൽ
ഡോ. മാത്യു കുഴൽ നാടൻ എം.എൽ.എ. പ്രഭാഷണം നടത്തുന്നു.










# ഓർമ്മകൾ മരിക്കുന്നില്ല

കേരള രാഷ്ട്രീയ ചരിത്രത്തിൽ സ്നേഹം കൊണ്ട് ജനങ്ങളാൽ എഴുതപ്പെട്ട ഏറ്റവും വലിയ വിലാപകാവ്യം...











അന്താരാഷ്ട്ര വനിതാ ദിനാചരണം ശ്രീമതി കെ.കെ. രമ എംഎൽഎ
ഉദ്ഘാടനം നിർവഹിക്കുന്നു. അഡ്വ: ജ്യോതി രാധിക വിജയകുമാർ മുഖ്യ പ്രഭാഷണം നടത്തുന്നു.
കുമാരി ഡൽന തോമസ് ആശംസ അർപ്പിച്ചു.



സർവ്വീസിൽ നിന്ന് വിരമിച്ച ജീവനക്കാർക്കുള്ള യാത്രയയപ്പ് യോഗം. മുൻ കെ.പി.സി.സി. പ്രസിഡന്റ്
വി.എം. സുധീരൻ ഉദ്ഘാടനം ചെയ്തു. ആഡ്വ. ബി.ആർ.എം. ഷബീർ ആശംസകൾ അർപ്പിച്ചു.



# ഒരല്പം ഓഹരി വിപണി എടുക്കട്ടേ...



രാജേഷ് കൃഷ്ണൻ

ഇത് വായിച്ചു തുടങ്ങുന്നതിനു മുൻപ് ഒരു മുന്നറിയിപ്പ് ഉണ്ട്.

""Stock Market Investments are subject to market risks. Read all scheme related documents carefully before Investing"

2023 മാർച്ച് ഒന്നാം തീയതി പത്തനംതിട്ട അടൂരിൽ ഒരു യുവഎഞ്ചിനീയർ ആത്മഹത്യ ചെയ്തു. ഓഹരി വിപണിയിൽ പണം നിക്ഷേപിച്ച് ഏകദേശം രണ്ട് കോടിയോളം കടം കയറി, നിൽക്ക കള്ളി ഇല്ലാതെ ചെയ്തൊരു കടുംകൈ. ഓഹരി വിപണി കാരണം ജീവൻ നഷ്ടപ്പെട്ട അനേകം പേരിൽ ഒരാൾ.

ഇനി മറ്റൊരു കഥയുണ്ട്. 1985 ൽ വെറും അയ്യായിരം രൂപയുമായി ഓഹരി വിപണിയിൽ നിക്ഷേപം നടത്തിയ രാകേഷ് ജുൻജുൻ വാല എന്ന വ്യക്തി, 2022 ൽ രോഗബാധമൂലം മരണപ്പെടുന്ന സമയത്ത്, അദ്ദേഹം ഓഹരി വിപണി യിൽ നിന്ന് ഉണ്ടാക്കിയ ആസ്തി ഏകദേശം നാൽപ്പതിനായിരം കോടി രൂപയാണെന്ന് പറയ പ്പെടുന്നു.

മനുഷ്യനെ ദരിദ്രനും, ധനികനും ആക്കാൻ കഴിവുള്ള stock market (ഓഹരി വിപണി) എന്താണെന്ന് ഒരു പരിചയപ്പെടുത്തൽ മാത്ര മാണ് ഈ ലേഖനം. ഇത് വായിച്ച്, ഓഹരി വിപ ണിയിൽ നിക്ഷേപം നടത്തി നഷ്ടം വന്നാൽ അത് സ്വന്തം ഉത്തരവാദിത്വം ആണെന്നും, ലാഭം വന്നാൽ അതിൽ പകുതി ലേഖകന് അവകാശപ്പെട്ടതാണെന്നും ഓർമ്മപ്പെടുത്തുന്നു.

സാധനങ്ങൾ വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന ചന്ത പോലെ ആണ് Stock Market ഉം . ഇവിടെ ക്രയവിക്രയം ചെയ്യുന്നത് കമ്പനികളുടെ ഷെയറുകൾ ആണെന്ന് മാത്രം. എന്താണ് ഒരു കമ്പനി? നമ്മുടെ രാജ്യത്ത് Company Act 2013 പ്രകാരം രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങളാണ് Company. Company കൾ പല തരത്തിൽ ഉണ്ടെങ്കിലും Private Limited Company യും Public Limited Company യുമാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഒരു ഉദാഹ രണം പറയാം. സുരേഷും രമേശും ചേർന്ന് ഓരോരുത്തരും 50000/- വീതം ഷെയർ ഇട്ട്, ടയർ നിർമ്മിക്കുന്ന ഒരു കമ്പനി തുടങ്ങുവാൻ പദ്ധതിയിട്ടു. SR Tyres എന്ന പേരിൽ ഈ കമ്പനി രജിസ്റ്റർ ചെയ്തു. ഇപ്പോൾ ഈ കമ്പനിയുടെ അവകാശം സുരേഷിനും രമേശിനും മാത്രം ആണല്ലോ. കാരണം ഇതിന്റെ 50 ശതമാനം ഷെയർ വീതം ഇവരുടെ കൈയ്യിൽ ആണ്.

ഇതാണ് Private Limited Company. തികച്ചും ഒരു private സ്ഥാപനം. ഇവരുടെ കുറെ ബന്ധുക്കൾ, ഈ കമ്പനിയിൽ പണം നിക്ഷേപിക്കുവാൻ തയ്യാറായി വരുന്നു എന്നു കരുതുക. ആയത് വേണോ വേണ്ടയോ എന്നത് സുരേഷിനും രമേശിനും തീരുമാനിക്കാം. പണം വേണം എന്നു തീരുമാനിച്ചാൽ നിക്ഷേപിക്കുന്ന പണത്തിനു ആനുപാതികമായി, കമ്പനിയുടെ ഷെയറുകൾ നിക്ഷേപിക്കുന്നവർക്ക് നൽകേണ്ടി വരും. അപ്പോൾ കമ്പനിയുടെ അവകാശം സുരേഷിനും രമേശിനും മാത്രമല്ല, പണം നിക്ഷേ പിച്ചവർക്ക് കൂടി കൈവരും. ഒരു Private Limited Company യിൽ പരമാവധി 50 പേർക്ക് മാത്രമേ പണം നിക്ഷേപിക്കുവാൻ ആകൂ.

കൂടുതൽ ആൾക്കാരെ നിക്ഷേപകരായി

വേണമെങ്കിൽ, പ്രൈവറ്റ് കമ്പനി പബ്ലിക് ലിമിറ്റഡ് ആയി മാറ്റേണ്ടി വരും. അതായതു കമ്പനിയുടെ ഷെയറുകൾ പൊതു ജനത്തിന് വാങ്ങുന്നതിനായി അവസരം നൽകും. അതിലൂടെ കമ്പനിക്ക് തങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുവാനായി പണം ലഭിക്കും. ഒരാൾ എത്ര ഷെയർ വാങ്ങുന്നുവോ, അതിനു ആനുപാതികമായി, കമ്പനിയുടെ നടത്തിപ്പിന് അയാൾക്ക് അവകാശം ഉണ്ടായിരിക്കും. അപ്പോൾ ഇത് Public Limited Company ആയി. ഈ കമ്പനികളിൽ ഷെയർ വാങ്ങുന്നവർക്കെല്ലാം കമ്പനിയുടെ Annual Meeting -ൽ പങ്കെടുക്കുവാൻ സാധിക്കും. ചില തീരുമാനങ്ങൾ Share holders ന്റെ അനുമതിയ്ക്കായി വോട്ടിനിടും. കമ്പനിക്ക് ലാഭം ഉണ്ടാകുമ്പോൾ അതിന്റെ വിഹിതം share holders നും ലഭിക്കാം. വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഇത്തരത്തിൽ ഷെയറുകൾ വാങ്ങാനാകും. LIC എന്ന സ്ഥാപനം, Adani എന്ന കമ്പനിയുടെ ഷെയറുകൾ വാങ്ങി കൂട്ടിയത് ഇടയ്ക്ക് വാർത്ത ആയിരുന്നല്ലോ. ഒരു വ്യക്തിക്ക് ഒരു കമ്പനിയുടെ എല്ലാ ഷെയറും വാങ്ങി, അതിന്റെ ഏക മുതലാളി ആകാം എന്നു കരുതണ്ട. ഷെയറുകൾ നിയന്ത്രിക്കുന്ന ചില നിയമങ്ങൾ ഉണ്ട്. ഇന്ത്യയിൽ Securities and Exchange Board of India (SEBI) ആണ് ഓഹരി വിപണി regulate ചെയ്യുന്നത്.

ഇത്തരത്തിൽ ഒരു കമ്പനിയുടെ ഷെയറുകൾ വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള വിപണിയാണ് Stock Market. ഇവ കൈമാറ്റം ചെയ്യുന്നത് Stock Exchange എന്ന സ്ഥാപനങ്ങൾ വഴി ആണ്. വ്യാപാര സ്ഥാപനങ്ങളുടെ ഷെയറുകൾ ക്രയവിക്രയം ചെയ്യുന്നത് പണ്ടു തൊട്ടുള്ള പ്രക്രിയ ആണെങ്കിലും 1611 ൽ തുടങ്ങിയ Amsterdam Stock Exchange ആണ് ലോകത്തെ ആദ്യത്തെ stock exchange ആയി പൊതുവെ കണക്കാക്കപ്പെടുന്നത്. 1792 ൽ ഒരു മരത്തണലിൽ തുടക്കം കുറിച്ച New York Stock Exchange (NYSE) ആണ് ഇന്ന് ക്രയവിക്രയങ്ങളുടെ കണക്കിൽ ഒന്നാമൻ. 1875 ൽ ബോംബെ Town Hall ന്റെ മുന്നിലെ ഒരു ആൽമരത്തിന്റെ ചുവട്ടിൽ തുടങ്ങിയ Bombay Stock Exchange ആണ് നമ്മുടെ രാജ്യത്തെ ആദ്യ Stock Exchange. 1992 ൽ National Stock Exchange എന്ന exchange ഉം സ്ഥാപിതമായി. SEBI യുടെ കണക്കുപ്രകാരം ഇന്ത്യയിൽ ഇരുപത്തിഎട്ടോളം Stock Exchange ഉണ്ട്. നമ്മുടെ കൊച്ചിയിലും 1978 മുതൽ Cochin Stock Exchange (CSE) ഉണ്ടായിരുന്നെങ്കിലും കമ്പനികളുടെ അഭാവം മൂലം ആയത് പൂട്ടിപ്പോയി.

ഓരോ stock exchange ലെയും ഓഹരികളുടെ പ്രവർത്തനം വിലയിരുത്തുന്ന ഓരോ സൂചികകൾ ഉണ്ട്. BSE യുടെ സൂചിക ആണ് SENSEX. NSE യുടെ NIFTY. അതായത് പരീക്ഷകൾക്ക് ഓരോ വിഷയത്തിന്റെയും മാർക്കിന് അനുസരിച്ച് overall grade ലഭിക്കുന്ന പോലെ ഒരു stock exchange ൽ രജിസ്റ്റർ ചെയ്ത കമ്പനികളുടെ ഷെയർ വിലയിലെ ഉയർച്ചയും താഴ്ചയുമനുസരിച്ച് ആ exchange ന്റെ grade ആണ് ഈ സൂചിക. ഒരു ദിവസം, ഭൂരിപക്ഷ ഓഹരികളുടെയും വില ഉയരുകയാണെങ്കിൽ സൂചിക ഉയരും അല്ലെങ്കിൽ മറിച്ചും. SENSEX 500 പോയിന്റ് ഉയർന്ന് 66589 ൽ എത്തി, 1000 പോയിന്റ് തകർന്ന് 65589 ൽ എത്തി എന്നൊക്കെ വാർത്തയിൽ കാണാറില്ലേ.

ഒരു കമ്പനിയ്ക്ക് തങ്ങളുടെ ഷെയറുകൾ വിൽപ്പനയ്ക്ക് വയ്ക്കണമെങ്കിൽ ആദ്യം ഏതെങ്കിലും stock exchange ൽ register ചെയ്യണം. എന്നിട്ട് ഓരോ ഷെയറിനും ഒരു വില നിശ്ചയിക്കും. കമ്പനിയുടെ പ്രവർത്തനം, ആസ്തി, കടം, ലാഭകണക്ക് എന്നിങ്ങനെ പല മാനദണ്ഡങ്ങൾ പരിശോധിച്ച് ആഡിറ്റർമാരാണ് ഈ വില നിശ്ചയിക്കുന്നത്. അതിനു ശേഷം, ഈ വില പ്രകാരം Initial Public Offering (IPO) ആയിട്ട്, ഷെയർ വിൽപ്പന തുടങ്ങുകയും എക്സ്ചേഞ്ചിൽ list ആകുകയും ചെയ്യും. കമ്പനിയുടെ മൂല്യം അനുസരിച്ച് ആളുകൾ, നിശ്ചയിച്ചിരിക്കുന്ന വിലയിലോ, അതിൽ കുറവിലോ, കൂടുതലായോ വിലയ്ക്ക് ഈ ഷെയറുകൾ വാങ്ങും. ചില കമ്പനികളുടെ എല്ലാ ഷെയറും ആദ്യ ദിനം തന്നെ വിറ്റു പോകാം. ചിലപ്പോൾ വിൽപ്പനയ്ക്ക് വയ്ക്കുന്ന ഷെയറുകൾക്ക് അതിലും പല ഇരട്ടി അപേക്ഷകൾ ഉണ്ടാകാം. ചിലപ്പോൾ ആരും വാങ്ങാൻ ഇല്ലാതെയുമാകാം. 2008 ഫെബ്രുവരി പതിനൊന്നാം തീയതി, Reliance Power എന്ന സ്ഥാപനം, തങ്ങൾ വിൽപ്പനയ്ക്ക് വയ്ച്ച വിലയെക്കാൾ 80% അധിക വിലയിലാണു ഷെയറുകൾ വാങ്ങി കൂട്ടിയത്. ഏകദേശം 11,563 കോടി രൂപയാണ് കമ്പനിയ്ക്ക് ഒരൊറ്റ ദിവസം കൊണ്ട് ലഭിച്ചത്. വിൽക്കാൻ വയ്ച്ച ഷെയറുകളെക്കാൾ 70 ഇരട്ടിയായിരുന്നു അപേക്ഷകൾ പിറ്റേ ദിവസം. ഷെയറിന്റെ വില 21% കുതിച്ചുയർന്നു. എന്നാൽ പിന്നീട് ഈ കമ്പനിയുടെ ലാഭം വെറും



16 ലക്ഷം മാത്രമാണ് എന്നറിഞ്ഞപ്പോൾ, ഷെയറുകളുടെ വില കുത്തനെ ഇടിയുകയും ഒട്ടേറെ പേർക്ക് കനത്ത നഷ്ടം ഉണ്ടാകുകയും ചെയ്തു.

ഒരിക്കൽ കമ്പനി stock exchange ൽ list ചെയ്താൽ, പിന്നീടുള്ള എല്ലാ ദിവസവും ഇതിന്റെ ഷെയറുകൾ stock exchange മുഖേന വാങ്ങുകയോ വിൽക്കുകയോ ചെയ്യാം. കമ്പനിയുടെ പ്രവർത്തനം, മറ്റു കാര്യങ്ങൾ എന്നിവ അടിസ്ഥാനമാക്കി, ഷെയറുകളുടെ വില ഓരോ ദിവസവും കൂടുകയോ കുറയുകയോ ചെയ്യാം. പലപ്പോഴും ചില വാർത്തകൾ, ഊഹാപോഹങ്ങൾ, psychological factors എന്നിവയുടെ അടിസ്ഥാനത്തിൽ ആയിരിക്കും ഷെയർ വിലകളിൽ വ്യത്യാസം വരുന്നത്. ഉദാഹരണത്തിനു, Maruti Suzuki എന്ന കമ്പനി, Invicto എന്ന പുതിയ കാർ launch ചെയ്ത ദിവസം കമ്പനിയുടെ ഷെയർ വിലയിൽ നാല് ശതമാനം ആണ് വർദ്ധന ഉണ്ടായത്. അദാനി ഗ്രൂപ്പ് ക്രമക്കേട് നടത്തി എന്നൊരു റിപ്പോർട്ട് പുറത്തു വന്നപ്പോൾ, ഗ്രൂപ്പിലെ കമ്പനികളുടെ ഷെയർ വില കുത്തനെ ഇടിഞ്ഞല്ലോ. Anil Ambani യുടെ Reliance Infrastructure എന്ന കമ്പനിയുടെ ഷെയർ വില January 2008 ൽ 2,486.05 രൂപ ആയിരുന്നു. ഇന്നത് ഏകദേശം 184 രൂപയാണ്. കമ്പനിയുടെ പ്രവർത്തനത്തിൽ ഓഡിറ്റർമാർ സംശയം രേഖപെടുത്തിയത് മുതലാണ് ഈ തകർച്ച കമ്പനികളുടെ പ്രവർത്തന ലാഭം പ്രഖ്യാപിക്കുന്ന ദിവസം, ലാഭനഷ്ടം അനുസരിച്ച് ഷെയർ വിലകളിൽ വ്യത്യാസം വരാറുണ്ട്. ഈയിടെ അമേരിക്കയിലെ ഒരു പ്രമുഖ IT കമ്പനിയുടെ ലാഭം കുറഞ്ഞപ്പോൾ ഇന്ത്യയിലെ IT കമ്പനികളുടെ ഷെയർ ഇടിയുകയുണ്ടായി.

ഒരു സാധാരണ വ്യക്തിയ്ക്ക്, ഒരു കമ്പനിയുടെ ഷെയർ എങ്ങനെ വാങ്ങാം? നേരെ stock exchange ൽ കയറി ചെന്ന് വാങ്ങാൻ കഴിയില്ല. ഒരു broker മുഖേന മാത്രമേ ആയതിനു കഴിയൂ. പണ്ട് വ്യക്തികൾ ആയിരുന്നു stock brokers എങ്കിൽ ഇന്ന് കൂടുതലും Online Platform വഴിയാണ് ഈ പ്രക്രിയ. അതിനായി ബാങ്കുകൾ ഉൾപ്പെടെ പല ആപ്പുകൾ ഈ സൗകര്യം ചെയ്തു തരുന്നുണ്ട്. ഉദാഹരണത്തിന് SBI നൽകുന്ന app ആണ് SBI Securities. ICICI യുടെ ICICI direct, പ്രൈവറ്റ് ആപ്പുകളായ Upstox, Groww എന്നിങ്ങനെ പലതുമുണ്ട്. ആയതിൽ ആവശ്യമായ രേഖകൾ നൽകി, നമ്മുടെ ബാങ്ക് account link ചെയ്ത് trading account ആരംഭിക്കാം. അതിനോടൊപ്പം ഒരു demat account ഉം സൃഷ്ടിക്കപ്പെടും. Trading account ലൂടെ കമ്പനികളുടെ ഷെയറുകൾ വാങ്ങാം. ഈ ഷെയറുകൾ digital രൂപത്തിൽ demat account ൽ സൂക്ഷിക്കപ്പെടും. ഈ ആപ്പുകളിലും Internet ലും കമ്പനികളെ കുറിച്ചുള്ള വിവരങ്ങൾ പരിശോധിക്കുവാൻ ലഭിക്കും. അതിലൂടെ ഒരു കമ്പനിയെ കുറിച്ച് നന്നായി പഠിച്ച്, ഭാവിയിൽ ആ കമ്പനി വൻ ലാഭം നേടും എന്നു കണക്കാക്കി ഷെയർ വാങ്ങുന്നവർ ഉണ്ട്. ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിലും വിശ്വാസത്തിന്റെ പേരിലും, logic ന്റെ അടിസ്ഥാനത്തിലും ചില കമ്പനികളുടെ ഷെയർ വാങ്ങുന്നവർ ഉണ്ട്. Warren Buffet എന്ന ശതകോടീശ്വരനായ നിക്ഷേപകൻ Gillette എന്ന കമ്പനിനിയുടെ ഒട്ടനവധി ഷെയറുകൾ വാങ്ങി കൂട്ടി. അക്കാലത്ത് ആരും സ്വന്തമായി ഷേവ് ചെയ്യാറില്ലായിരുന്നു. ബാർബർ ഷോപ്പിൽ പോയി ആണ് ഷേവ് ചെയ്തിരുന്നത്. Gillette എന്ന കമ്പനി, സ്വന്തമായി Shave ചെയ്യാനുള്ള ഉപകരണങ്ങൾ നിർമ്മിച്ചപ്പോൾ, ഇതാണ് ഭാവി എന്ന് മനസ്സിലാക്കി, അതിന്റെ ഷെയറുകൾ വാങ്ങിക്കൂട്ടിയ Buffet, ഇതിലൂടെ നേടിയത് കോടികണക്കിന് ഡോളറുകൾ ആണ്. ഒരു കമ്പനിയുടെ ലാഭനഷ്ട കണക്കുകൾ നോക്കാതെ, ആ കമ്പനിയുടെ ഭാവിയിലെ പ്രസക്തി മാത്രം നോക്കി, ഷെയർ വാങ്ങുന്നതാണ് ഇദ്ദേഹത്തിന്റെ രീതി.

ഒരു കമ്പനിയുടെ ഷെയറുകൾ നാം വാങ്ങുമ്പോൾ, ആ കമ്പനിയുടെ stock നമുക്ക് ഉണ്ടെന്ന് പറയും. അത് ഒരു ഷെയറോ അതിൽ കൂടുതലോ ആകാം. സ്റ്റോക്കുകളെ മൂന്നായി തിരിക്കാം. Large cap, Mid cap, Small cap. ഉയർന്ന മൂലധനമുള്ള വൻകിട കമ്പനികളുടെ സ്റ്റോക്കുകൾ ആണ് large capital അല്ലെങ്കിൽ large cap. SBI, Reliance എന്നിവ ഇതിനുദാഹരണമാണ്. ഇതിൽ നിക്ഷേപിച്ചാൽ വലിയ നഷ്ടം സംഭവിക്കില്ല. എന്നാൽ വൻകിട ലാഭം പെട്ടെന്ന് ലഭിക്കില്ല. ചെറിയ മൂലധനമുള്ള കമ്പനികളുടെ stock ആണ് Small cap. അതായത് 5000 കോടിക്ക് താഴെ. ഇവ വളർന്നു വരുന്ന കമ്പനികളാണ്. ചിലപ്പോൾ തകരുകയും ചെയ്യാം. ഇവയിൽ നിക്ഷേപിക്കുന്നത് റിസ്ക് ഉള്ള പരിപാടിയാണ്. ഇവ ഒരു കാലത്ത് large cap ആകുവാൻ സാധ്യതയുണ്ട്. Appolo Tyres, Thyrocare എന്നിവ Small cap stocks ആണ്. ഇവയ്ക്ക് രണ്ടിനും ഇടയിലുള്ളതാണ് Mid cap stocks. ഉദാ: Castrol India, Blue dart express എന്നിവ. ഇത് കൂടാതെ മറ്റൊരു കൂട്ടർ ഉണ്ട്. Penny Stocks. ഇവയുടെ വില വളരെ കുറവായിരിക്കും. (ഉദാ: ARC Finance 63 പൈസ, GVK Power 2 രൂപ 75 പൈസ). അതായത് കുറഞ്ഞ കാശിന് കൂടുതൽ Share കിട്ടും. പക്ഷേ ഇവ നല്ല കമ്പനികൾ ആകണമെന്നില്ല. ആണെങ്കിൽ, ഇവയുടെ വളർച്ചയ്ക്കനുസരിച്ച് ലാഭശതമാനം വളരെ കൂടും.

എങ്ങനെയാണ് stock market ൽ നിന്നും ലാഭവും നഷ്ടവും ലഭിക്കുന്നത് എന്നു നോക്കാം. SBI എന്ന കമ്പനിയുടെ ചില ദിവസങ്ങളിലെ ഒരു ഷെയറിന്റെ വില നോക്കാം.

| | |
|---|---|
| Jul 17 2023 | 587.70 രൂപ |
| Jul 14 2023 | 584.40 രൂപ |
| Jul 11 2023 | 588.55 രൂപ |
| Jul 7 2023 | 593.60 രൂപ |
| Jun 23 2023 | 554.60 രൂപ |
| Jun 19 2023 | 568.85 രൂപ |

ഒരാൾ SBI യുടെ 100 ഷെയറുകൾ Jun 19 ന് വാങ്ങി എന്നിരിക്കട്ടെ. ടിയാന് ചെലവായത് 568.85 × 100 = 56,885/ രൂപ

അയാൾ അത് June 23 ന് വിറ്റാൽ ടിയാന് ലഭിക്കുന്നത് 554.60 × 100 = 55,460/- രൂപ. അതായത് 56885 - 55460 = 1425 രൂപ നഷ്ടം.

എന്നാൽ ടിയാൻ July 7 നാണ് ഇത് വിറ്റിരുന്നതെങ്കിൽ 593.60 × 100 = 59360/- രൂപ. അതായത് 59360 - 56885 = 2475/- രൂപ ലാഭം

ഇങ്ങനെ പെട്ടെന്ന് വാങ്ങി പെട്ടെന്ന് വിൽക്കുന്നതിന് Short term Investing എന്നു പറയും. എന്നാൽ ചിലർ ഷെയർ വാങ്ങിയാൽ വർഷങ്ങൾക്ക് ശേഷമായിരിക്കാം വിൽക്കുക. Infosys എന്ന കമ്പനി 1993 ൽ ആദ്യമായി stock market ൽ list ചെയ്തപ്പോൾ 95 രൂപ ആയിരുന്നു ഒരു ഷെയറിൽ വില നിശ്ചയിച്ചിരുന്നത്. എന്നാൽ ആളുകൾ വാങ്ങിയത് ഒരു ഷെയറിന് 145 രൂപ നൽകിയായിരുന്നു. അന്ന് Infosys ന്റെ ഷെയറുകൾ വാങ്ങുവാൻ 10,000 ചിലവിട്ടിരുന്നെങ്കിൽ ഇന്നത്തെ കണക്കനുസരിച്ച് അത് 12.8 കോടി രൂപ ആകും. കമ്പനി നൽകിയ ബോണസിനു പുറമേ ആണിത്.

ഇതുപോലെ ഭാവിയിൽ വൻകിട കമ്പനികൾ ആകാൻ ഇടയുള്ള രത്നങ്ങൾ കണ്ടുപിടിച്ച് അതിൽ ദീർഘകാലത്തേക്ക് നിക്ഷേപം നടത്തിയാൽ വൻ ലാഭം പ്രതീക്ഷിക്കാം. എന്നിരുന്നാലും ചിലപ്പോൾ Stock Market തകരാം. അതായത് രാജ്യത്തുണ്ടാകുന്ന വൻ പ്രതിസന്ധികൾ, യുദ്ധം എന്നിങ്ങനെയുള്ള കാരണങ്ങൾ മൂലം ഷെയറുകളുടെ വില കുത്തനെ ഇടിഞ്ഞു എന്നുവരാം. 100 രൂപ വിലയുള്ള ഒരു ഷെയറിന്റെ വില പെട്ടന്ന് ഒരു ദിവസം 10 രൂപ ആയാലുള്ള അവസ്ഥ ഒന്നാലോചിച്ച് നോക്കു. 90 ശതമാനം നഷ്ടം. ലോകത്തെ എല്ലാ ഓഹരി വിപണികളും ഇത്തരത്തിലുള്ള തകർച്ചകൾ നേരിട്ടിട്ടുണ്ട്. ഓഹരി വിപണിയിൽ നിക്ഷേപകരുടെ വിശ്വാസം വർദ്ധിക്കുകയും കമ്പനികളുടെ പ്രവർത്തനം ലാഭകരമാകുകയും, positive ആയ മറ്റു ഘടകങ്ങൾ മൂലം ഷെയറുകളുടെ വില വർദ്ധിക്കുമ്പോൾ Bull Market എന്നും, കമ്പനികൾ നഷ്ടത്തിലാകുകയും, രാജ്യത്തെ സാമ്പത്തിക പ്രതിസന്ധി തുടങ്ങിയ കാരണങ്ങൾ കൊണ്ട് വില ഇടിയുമ്പോൾ Bear Market എന്നുമാണ് പറയാറ്.

ഇത് കൂടാതെ മറ്റു ഘടകങ്ങളും ഷെയറുകളുടെ വിലയെ ബാധിക്കാറുണ്ട്. അതിൽ പ്രധാനമാണ് Manipulation. അതായത് മനഃപൂർവ്വം ഒരു കമ്പനിയെ കുറിച്ച് ഊഹാപോഹങ്ങൾ ഉണ്ടാക്കി, അതിന്റെ വില കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നവരുണ്ട്. വില കുറയുമ്പോൾ ഇവർ തന്നെ അത് വൻ തോതിൽ വാങ്ങി, പിന്നീട് വില കൂടുമ്പോൾ അവ വിറ്റ് ലാഭമെടുക്കും. ഇത്തരത്തിൽ നിക്ഷേപകരെ പറ്റിച്ച് ലാഭമുണ്ടാക്കിയ stock broker മാരായ Harshad Mehta, Ketan Parekh, Satyam Computers Scam എന്നിങ്ങനെ ഒട്ടനവധി ക്രമക്കേടുകൾ ഇന്ത്യൻ ഓഹരി വിപണിയിൽ നടന്നിട്ടുണ്ട്. കാശു നൽകിയാൽ അത് ഓഹരി വിപണിയിൽ നിക്ഷേപിച്ചു വൻ ലാഭം നൽകാം, എന്ന മോഹന വാഗ്ദാനം നൽകി തട്ടിപ്പു നടത്തുന്നവരും ഉണ്ട്. ശബരിനാഥൻ എന്ന വ്യക്തി ഇത്തരത്തിൽ നടത്തിയ തട്ടിപ്പ് ഓർമയുണ്ടല്ലോ

ഓഹരി വിപണിയിൽ നിക്ഷേപിക്കുവാൻ നേരിട്ട് ഷെയർ വാങ്ങണമെന്നില്ല. പകരം മറ്റൊരു മാർഗ്ഗമുണ്ട്, Mutual Funds. ഇതിൽ ഒരാൾ നേരിട്ട് ഷെയർ വാങ്ങുന്നില്ല. പകരം Mutual Fund നടത്തിപ്പുകാരന് (Fund Manager) നിശ്ചിത തുക നാം നൽകുന്നു. ടിയാൻ ആ തുക ഉപയോഗിച്ച് നല്ല ഷെയറുകൾ വാങ്ങുന്നു. പല ധനകാര്യ സ്ഥാപനങ്ങളും mutual funds നടത്തുന്നുണ്ട്.

ഉദാഹരണമായി SBI Banking and Financial Services Fund. ഈ Mutual Fund കൈകാര്യം ചെയ്യുന്ന ഒരു Fund Manager ഉണ്ടായിരിക്കും. ടിയാൻ banking ഉം financial services മായി ബന്ധപ്പെട്ട കമ്പനികളുടെ stock കൾ നമ്മൾ കൊടുക്കുന്ന കാശ് ഉപയോഗിച്ച് നിക്ഷേപം നടത്തും. നല്ല return ലഭിക്കുന്നതിനായി, നല്ല കമ്പനികളുടെ stock കൾ ആയിരിക്കും ടിയാന്റെ ശേഖരത്തിലുള്ളത്. ഈ ശേഖരത്തിന് portfolio എന്നു പറയും. ഈ Mutual fund ന്റെ, പ്രവർത്തനം അളക്കുന്നതിന്, അതിന്റെ port folio യിലെ സ്റ്റോക്കുകളുടെ എണ്ണം അനുസരിച്ചു ഒരു യൂണിറ്റായി കണക്കാക്കി അതിനു ഒരു വില നിശ്ചയിക്കും. Net Asset Value (NAV) എന്നാണ് ഇതിനു പറയുക. ഷെയറിന്റെ വില പോലെ, Mutual Fund ന്റെ വിലയാണ് NAV എന്നു വേണമെങ്കിൽ പറയാം.

മേൽപ്പറഞ്ഞ mutual fund ന്റെ port folio യിൽ ICICI bank, SBI, Kotak Mahindra Bank, Muthoot Finance എന്നീ കമ്പനികളുടെ ഷെയറുകളാണ് കൂടുതലും ഉള്ളത്. ഇതിൽ ഏതെങ്കിലും കമ്പനികളുടെ ഷെയർ മോശമായിട്ടാണ് perform

ചെയ്യുന്നതെങ്കിൽ, Fund Manager അത് വിറ്റൊഴിഞ്ഞ്, മറ്റൊന്ന് വാങ്ങും. അതായത് നമ്മൾ കാശ് കൊടുത്താൽ മതി, നമുക്ക് വേണ്ടി fund manager, ഷെയറുകൾ കൈകാര്യം ചെയ്തോളും.

വളരെ റിസ്ക് ഉള്ള mutual fund മുതൽ, നിശ്ചിത ശതമാനം വരവ് വാഗ്ദാനം ചെയ്യുന്ന mutual fundകൾ വരെ ഉണ്ട്. ഒറ്റ തവണ നിക്ഷേപമായോ മാസം തോറും നിശ്ചിത തുകയായോ (Systematic Investment Plan - SIP) Trading Account വഴി ഇതിൽ നിക്ഷേപിക്കാം. ഒറ്റ തവണ നിക്ഷേപിച്ചാൽ നിക്ഷേപിക്കുന്ന ദിവസത്തെ NAV യ്ക്ക് ആനുപാതികമായി unit കൾ നമുക്ക് ലഭിക്കും. ഉദാ: ഒരു Mutual Fund ന്റെ 6 മാസത്തെ NAV താഴെ നൽകുന്നു.

| മാസം | NAV (ഒരു യൂണിറ്റിന്റെ വില) |
|---|---|
| Jan 1 2023 | 50 |
| Feb 1 2023 | 40 |
| Mar 1 2023 | 60 |
| Apr 1 2023 | 20 |
| May 1 2023 | 70 |
| Jun 1 2023 | 80 |

ജനുവരി ഒന്നിന് Suresh 500 രൂപ ഒറ്റ തവണ നിക്ഷേപമായി ഇട്ടു എന്നു കരുതുക. Suresh ന് ലഭിക്കുന്ന യൂണിറ്റുകൾ 500/50= 10 യൂണിറ്റ്

ഈ കാശ് പിൻവലിക്കുന്ന ദിവസത്തെ NAV അടിസ്ഥാനമാക്കിയായിരിക്കും ഇദ്ദേഹത്തിന് return ലഭിക്കുക.

മാർച്ച് 1 ന് പിൻവലിച്ചാൽ
10 Unit × 60 = 600 രൂപ

ഏപ്രിൽ 1 ന് പിൻവലിച്ചാൽ
10 Unit × 20 = 200 രൂപ

ജൂൺ 1 ന് പിൻവലിച്ചാൽ
10 Unit × 80 = 800 രൂപ

മറിച്ച് Ramesh ഓരോ മാസവും ഒന്നാം തീയതി, 100 രൂപ വീതം Systematic Investment Plan ൽ ഇടുന്നു എന്നു കരുതുക. ഓരോ മാസവും രമേശിനു ലഭിക്കുന്ന യൂണിറ്റുകൾ നോക്കാം

| | | | |
|---|---|---|---|
| Jan 1 2023 | 100/50 | = | 2 |
| Feb 1 2023 | 100/40 | = | 2.5 |
| Mar 1 2023 | 100/60 | = | 1.7 |
| Apr 1 2023 | 100/20 | = | 5 |
| May 1 2023 | 100/70 | = | 1.4 |
| | | | 12.6 Unit |

April 1 ന് ഓഹരി വിപണി താഴ്ന്നപ്പോൾ, Mutual fund ന്റെ NAV കുറഞ്ഞു. അതിനാൽ ആ മാസം രമേശിന് കൂടുതൽ Unit കൾ ലഭിച്ചു. ഈ യൂണിറ്റുകൾ June 1 ന് വിറ്റാൽ 12.6 × 80 = 1008 രൂപ ലഭിക്കും. ലാഭം = 508 രൂപ

1963 ൽ Unit Trust of India ആണ് ഇന്ത്യയിൽ ആദ്യമായി mutual fund അവതരിപ്പിച്ചത്. Mutual Fund നടത്തുന്ന സ്ഥാപനങ്ങളെ Asset Management Company എന്നാണ് പറയുക. ഈ രംഗത്തും തട്ടിപ്പുകളും തകർച്ചയും ഉണ്ടാകാറുണ്ട്. Axis Mutual Fund മാനേജർമാർ പണം വകമാറ്റി ചിലവഴിച്ചത്, Franklin Templeton എന്ന കമ്പനി, ചില mutual fund scheme ഏകപക്ഷീയമായി നിർത്തലാക്കിയത് എന്നിങ്ങനെയുള്ള കേസുകൾ നടന്നുകൊണ്ടിരിക്കുന്നു .

ഷെയറുകളുടെയും mutual ഫണ്ടുകളുടെയും വില കുറഞ്ഞു, പൂജ്യത്തിൽ എത്തിച്ചേരുമോ? ഷെയറുകളുടെ കാര്യത്തിൽ ഇത് സംഭവിക്കാം . അങ്ങനെ വന്നാൽ ആ കമ്പനി പൊട്ടിപ്പോയി എന്ന് തന്നെ ആണ് അർത്ഥം. ഒരു കമ്പനിയുടെ ഷെയർ വില ക്രമാതീതമായി ഉയരുകയോ താഴുകയോ ചെയ്താൽ, അതിന്റെ വ്യാപാരം നിർത്തിവയ്ക്കാനുള്ള സംവിധാനം ഓഹരി വിപണിയിൽ ഉണ്ട്. ആയതിനാൽ ഷെയർ വില പൂജ്യം ആകുന്നതിനു മുൻപ് തന്നെ ആ കമ്പനിയെ exchange ൽ നിന്ന് delist ചെയ്യും. Mutual ഫണ്ടുകൾ പല സ്റ്റോക്കുകളിൽ നിക്ഷേപിക്കുന്നത് കൊണ്ട് അത്തരത്തിൽ ഒരു സാധ്യത വിരളമാണ് .

2006ൽ വിൽ സ്മിത്ത് എന്ന നടൻ അഭിനയിച്ച 'The Pursuit of Happyness" എന്ന സിനിമ പുറത്തിറങ്ങിയിരുന്നു. ഭാര്യ ഉപേക്ഷിച്ചു പോയ., ചെറിയ മകനുമായി, സമ്പാദ്യമോ ജോലിയോ കിടപ്പാടമോ ഇല്ലാതെ തെരുവിൽ കഴിയേണ്ട വന്ന ഒരാളുടെ കഥ. ഒരു ഷെയർ ബ്രോക്കറിങ് കമ്പനിയിൽ ശമ്പളമില്ലാതെ ജോലി ചെയ്യേണ്ടി വന്ന നായകൻ, ബുദ്ധിപരമായ നിക്ഷേപങ്ങളിലൂടെ ധനികനായി മാറുന്നു. Chris Gardner എന്ന ഒരു വ്യക്തിയുടെ യഥാർത്ഥ ജീവിതം അടിസ്ഥാനമാക്കി ആയിരുന്നു ഈ സിനിമ. മുൻപ് പറഞ്ഞത് പോലെ സൂക്ഷിച്ചു കൈകാര്യം ചെയ്താൽ ലാഭവും അല്ലെങ്കിൽ ജീവിതം വരെ തകരുന്ന അവസ്ഥയിലും കൊണ്ടെത്തിക്കും ഈ മാന്ത്രിക ലോകം. An investor without investment objective is like a travellor without destination. Happy Investing.

■

# പുനർജ്ജന്മം



ലളിത എസ്.

ഡിഗ്രി രണ്ടാം വർഷം... ദിവസം ഓർമയില്ല... വർഷം 1995... വിവാഹം കഴിഞ്ഞ് ഏറെ നാൾ ആയില്ല... കൊല്ലം ശ്രീ നാരായണ വനിതാ കോളേജിൽ പഠിക്കുന്ന സമയം....

Rough record.... Lab....Practical.... Fair record.... തുടങ്ങിയ കലാ പരിപാടികൾ അരങ്ങേറുന്ന, കൊടുമ്പിരികൊണ്ട പരീക്ഷ സമയം...

Fair record എടുക്കാൻ തെക്കുംഭാഗത്തു (ഭർത്തൃ ഗൃഹം) പോകണം.....

അന്നുച്ചയ്ക്ക് കോളേജിൽ നിന്ന് പോകാൻ തീരുമാനിച്ചു. ഒറ്റയ്ക്കു തെക്കുംഭാഗം വരെ പോകാനുള്ള പരിചയം എനിക്കായിട്ടില്ല. കാരണം അന്ന് അതൊരു സഹസിക യാത്രയാണ്. അതുകൊണ്ട് തെക്കുംഭാഗത്തു അടുത്തുള്ള വീട്ടിലെ കുട്ടി ഉച്ചയ്ക്ക് പോകുന്നു എന്ന് പറഞ്ഞപ്പോൾ ഞാനും കൂടി..

കൊല്ലത്തു കോളേജ് ജംഗ്ഷനിൽ നിന്നു ബസ് കയറി ചിന്നക്കടയിലും, അവിടുന്ന് ദളവാപുരം ബസിൽ കയറി last stop ലും ഇറങ്ങണം.. ഈ രണ്ടു ഘട്ടങ്ങളും കഴിഞ്ഞു കിട്ടി.... ഇനി കായൽ കടന്ന് അക്കരെ ചെല്ലണം.....നട്ടുച്ച സമയം..... കത്തുന്ന വെയിൽ.... അഷ്ടമുടി കായലിന്റെ ഉപരിതലം ശാന്തമാണ്. നേർത്ത ഓളങ്ങളിൽ വെള്ളിപോലെ തിളങ്ങുന്നുണ്ട്..... കടുത്ത വിശപ്പും ക്ഷീണവും ഉള്ളത് കൊണ്ടായിരിക്കും..... കായലിന് ആ സമയത്ത് അത്ര ഭംഗി പോരാ എന്ന് തോന്നി. ഒരു മനുഷ്യ ജീവിയെയും കാണാനും ഇല്ല. എല്ലാവരും ഉച്ചഭക്ഷണത്തിന് പോയിട്ടുണ്ട്. ഈ സമയം പൊതുവെ യാത്രക്കാർ കുറവാണ്....,

ഞങ്ങളെ കണ്ടിട്ടാണ്....അക്കരേന്ന് ഒരു സ്പീഡ് ബോട്ട് വേഗം വന്നു. ഒരു കൊച്ചു പയ്യൻ ആണ് തലപ്പത്ത് ഇരിക്കുന്നത്. കഷ്ടിച്ച് ഒരു 15 വയസുണ്ടാവും.ഒരു പക്ഷെ കുറച്ചു സമയത്തേയ്ക്ക് ബോട്ട് അവനെ ഏല്പിച്ചിട്ട് ഉടമസ്ഥൻ ഭക്ഷണം കഴിക്കാൻ പോയതാകാം.

അവൻ ബോട്ട് അടുപ്പിച്ചു. ഞങ്ങൾ രണ്ടുപേരും കയറി....

Bus തിരികെ പോയത് കൊണ്ട് ഇനി ആരും



വരാനില്ല എന്നുറപ്പിച്ചു കൊണ്ട്

അവൻ ബോട്ട് അക്കരയ്ക്കു വിട്ടു. കുറച്ചു മുന്നോട്ട് പോയപ്പോൾ ഒരാൾ വിളിച്ചു കൂവി ഓടി വന്നു.... അക്കരയ്ക്ക് പോകാൻ വേണ്ടിയാണ്.

പയ്യന് അലിവ് തോന്നി.....

അവൻ വേഗം ബോട്ട് തിരിച്ചു കരയ്ക്കടുപ്പിച്ചു. അയാളെയും കയറ്റി....

ഞങ്ങൾ 4 പേരും ഒന്നും മിണ്ടാതെ അക്കരെ ലക്ഷ്യമാക്കിയിരുന്നു. വിശപ്പുകൊണ്ടും വെയില് കൊണ്ടും കരിയുന്നുണ്ടായിരുന്നു... പിന്നെ എന്ത് വിശേഷം പറയാനാ....

അക്കരെ എന്നാൽ പള്ളിക്കോടി എന്നാണ് സ്ഥലം....

ഇനി ബോട്ട് അവിടെ അടുപ്പിക്കും.. എരിയുന്ന വെയിലിൽ ഞങ്ങളെയും കൊണ്ട് അവൻ അക്കരെയ്ക്ക് പാഞ്ഞു..

കടവ് അടുത്തു.. അവസാനം കയറിയ ആ ആൾ ബോട്ട് അടുക്കുന്നതിനു മുൻപ് തന്നെ ചാടികടന്ന് നടന്നകലുന്നത് ഞാൻ കണ്ടിരുന്നു.

ദേശീയ ജലപാതയാണ് അവിടം. കൊല്ലത്തു നിന്നുള്ള ലൈൻ ബോട്ട് ഒക്കെ നിർത്തുന്ന സ്ഥലം. ബോട്ട് ചാൽ ആണ്.ആഴക്കൂടുതൽ ആണ്. അവിടെയാണ് ഞങ്ങളുടെ ബോട്ട് അടുപ്പിച്ചത്. കൂടെയുള്ള കുട്ടി പടവിലേയ്ക്ക് കയറുന്നത് ഞാൻ കണ്ടു....

പക്ഷെ ഞാൻ......കായലിലേയ്ക്ക് വീണു.

ആ പയ്യൻ ബോട്ടിന്റെ കയർ ചവിട്ടി പിടി ച്ചിരുന്നില്ല...

ബോട്ട് അകന്നുപോയതും ചരിഞ്ഞതുമാണ് ഞാൻ കായലിൽ വീഴാൻ കാരണം....

കായലിലേക്ക് താഴുമ്പോൾ രക്ഷിക്കാൻ ഞാൻ എന്റെ ഒരു കൈ മുകളിലേയ്ക്കുയർത്തി.. പക്ഷെ അത് കായലിനു മുകളിൽ വന്നില്ല.... ഞാൻ മെല്ലെ താഴേയ്ക്ക് പൊയ്ക്കൊണ്ടിരുന്നു....

കൂടെയുള്ള കുട്ടിയും ബോട്ട് കാരൻ പയ്യനും കരയുന്നത് എനിക്ക് കാണാം..

പക്ഷെ പിന്നെ മെല്ലെ....ഒരു കാഴ്ചയും ഇല്ലാതായി......നട്ടുച്ച സമയത്തും കായലിനടി യിൽ നല്ല ഇരുട്ടായിരുന്നു....

ഞാൻ മരണത്തിലേയ്ക്കാണ് പോകുന്നതെന്ന് എനിക്ക് മനസിലായി...കാരണം കരയിൽ അവർ രണ്ടുപേരും അല്ലാതെ മറ്റാരും ഇല്ലായിരുന്നു...

ഞാനായിട്ട് വെള്ളം കുടിച്ചില്ല,... മൂക്കിൽ കൂടി, ചെവിയിൽ കൂടി, വായിൽ കൂടി ഒക്കെ വെള്ളം കയറി..പിന്നെ ഇരുട്ട് മാത്രമായി.....

ഒരു നിമിഷം.....ഇരുട്ടിൽ ഒരു വെള്ള തുണി കണ്ടപോലെ തോന്നി... ഞാൻ വെളിച്ചം കാണുന്നു.... ബോട്ടിലേയ്ക് വീഴുന്നു.....

കൂടെയുള്ള കുട്ടിയും പയ്യനും അപ്പോഴും കരയിൽ നിന്ന് കരയുന്നു.....എനിക്കൊന്നും മനസിലാ യില്ല...

ഞാൻ നോക്കുമ്പോൾ .....അവസാനം ഓടിവന്നു ബോട്ടിൽ കയറി കരയെത്തുന്നതിനു മുൻപ് ഇറങ്ങി ഓടിയ ആ ആൾ..... എന്നെ കായലിന ടിയിൽ നിന്ന് പൊക്കിയെടുത്തു ബോട്ടിൽ ഇട്ടു. അവിടുന്ന് എന്റെ കൈ പിടിച്ചു കരയി ലേക്കും ജിവിതത്തിലേയക്കും കയറ്റി വിട്ടു... രണ്ടാംജന്മം!!!

എന്റെ ബോട്ടിന്റെ കൂലിയും കൂടി ആ പയ്യന്റെ കയ്യിൽ വച്ചു കൊടുത്തിട്ട് നനഞ്ഞൊട്ടിയ വെള്ളമുണ്ടും വെള്ള ഷർട്ടുമിട്ട, താടിയുള്ള, മെലിഞ്ഞിരിക്കുന്ന ആ ആൾ പഴയതിലും വേഗത്തിൽ ഓടി മറഞ്ഞു....

നേർത്ത പച്ച നിറമുള്ള പേപ്പർ സിൽക്ക് സാരി നനഞ്ഞു ഒട്ടിയിരുന്നു. കായലിൽ വീണപ്പോൾ നെഞ്ചോട് ചേർത്ത് പിടിച്ചിരുന്ന ബുക്ക്, തോ ളിൽ കിടന്ന ബാഗ് എല്ലാം അതുപോലെയുണ്ട്.. കാലിൽ കിടന്ന ഓപ്പൺ ഷൂ വരെ...

ഈ പരുവത്തിൽ bus stop ൽ പോകണമെങ്കിൽ അവിടുന്ന് കുറഞ്ഞത് ഒരു കി മി എങ്കിലും നടക്കണം..... അപ്രതീക്ഷിതമായുണ്ടായ സംഭവ ത്തിൽ ആകെ വിഷമിച്ച് വിറയ്ക്കുന്നുണ്ടായിരുന്നു ഞാൻ...

ആ സമയം ഒരു ഓട്ടോ അവിടെ വന്നു.... അവന് എന്നെ അറിയാമായിരുന്നു... നാട്ടിൻ പുറ ത്തിന് അങ്ങനൊരു നന്മയുണ്ടല്ലോ... ഞാൻ പുതിയ ആൾ ആണെങ്കിലും ആ നാട്ടിലെ പുതിയ ആളിനെ നാട്ടുകാർക്ക് അറിയാം... അവൻ എന്നെ വീട്ടിലെത്തിച്ചു. കൂലി വാങ്ങാതെ. പുനർ ജന്മമാണെന്ന് അവനും മനസിലായിട്ടുണ്ട്.... കായലിൽ നിന്ന് എന്നെ രക്ഷിച്ച ആ ആൾ എന്നോട് ഒന്നും ചോദിച്ചില്ല... പേരോ... ജാതി യോ... മതമോ... ഒന്നും...

തിരിച്ചു ഞാനും...

ഒന്ന് മാത്രം ഞാനറിഞ്ഞു....

അന്ന്.....അവിടെ....എനിക്ക് ചുറ്റും ഉണ്ടായിരുന്ന ആ നാലുപേരും നന്മയുടെ നൂലിഴകളാൽ അദൃശ്യ മായി ബന്ധിക്കപ്പെട്ടിരുന്നു ...

ആ ആളിനെ കയറ്റാൻ വേണ്ടി ബോട്ട് തിരിച്ചു വിട്ട ആ പയ്യൻ...

ഓടിവന്നു കയറിയ ആ ആൾ...

എനിക്കുവേണ്ടി കരഞ്ഞു ബഹളം വച്ച കുട്ടി....

ഓട്ടോക്കാരൻ പയ്യൻ......

അങ്ങിനെ എല്ലാവരും നന്മയുടെ മാലാഖമാരായിരുന്നു....

നമ്മൾ ജിവിക്കുന്ന ഈ സമൂഹത്തിൽ ന മുക്കൊപ്പം ജീവിക്കുന്ന നന്മ നിറഞ്ഞ മജ്ജയും മാംസവുമുള്ള മനുഷ്യ ദൈവങ്ങൾ....

കഥ

# പ്രകാശം തേടുന്നവർ





അമ്പിളി ആർ.

**ചി**ലയാളുകൾ എത്ര പെട്ടെന്നാണ് നമ്മുടെ ജീവിതത്തിന്റെ ഭാഗമാകുന്നത്. അതുപോലൊരാൾ ആയിരുന്നു രാഹുൽ. ഞാൻ അവനെ ആദ്യമായി കാണുന്നത് പെട്രോൾ പമ്പിൽ വച്ചാണ്. സ്കൂട്ടറുമായെത്തിയ എന്റെ മുന്നിൽ ചിരിച്ചു നില്ക്കുന്ന നിഷ്കളങ്കമായ മുഖം ''ചേച്ചീ ഒരു ടിക്കറ്റെടുക്കുമോ.''

''എനിക്കു വേണ്ട.'' ലോട്ടറി ടിക്കറ്റ് വില്ക്കുന്ന ഏതോ ഒരു ചെറുപ്പക്കാരൻ മാത്രമാണവൻ. ജീവിതത്തിലേക്ക് ഭാഗ്യം ഓടിക്കയറി വരുമെന്ന് തീരെ വിശ്വാസമില്ലാത്ത എന്റെ പ്രതികരണം അവനിൽ ഒരു ഭാവഭേദവും വരുത്തിയില്ല. നിമിഷനേരത്തിൽ എതിർവശത്തെ കാറുകാരന്റെ അടുക്കൽ അവൻ എത്തിക്കഴിഞ്ഞിരുന്നു.

''എന്റെ ചേച്ചീ ഒരു ടിക്കറ്റെടുക്കൂ - ആ പാവം ജീവിച്ചുപോട്ടെ.'' പമ്പിലെ പെൺകുട്ടികൾ നിർബന്ധിക്കുകയാണ്. ഇനി എന്തായാലും അടുത്ത ദിവസമാകട്ടെ. സമയം വൈകി.

**ചുറ്റുപാടും പ്രകാശം പരത്തുമ്പോഴും അവന്റെ ഹൃദയം നിറയെ ഇരുട്ടാണ്. അനാഥത്വം ഒരു മഹാവ്യാധിയായി അവനെ കാർന്നു തിന്നുകൊണ്ടിരിക്കുകയാണ്.**

രണ്ടു ദിവസങ്ങൾക്കുശേഷം പമ്പിൽ വച്ചുതന്നെ ഞങ്ങൾ വീണ്ടും കണ്ടുമുട്ടി. അന്നു ഞാൻ ഒരു ടിക്കറ്റ് എടുത്തു. പെട്രോൾ അടിക്കാൻ ഊഴം കാത്തു നില്ക്കുന്നതിനിടയിൽ അവൻ എന്റെ പേര്, വീട്, നാട്, ജോലി എന്നിങ്ങനെ സകല കാര്യങ്ങളും ചോദിച്ചു മനസ്സിലാക്കി. സംസാരത്തിനിടയിൽ അവനെ സംബന്ധിച്ച അത്യാവശ്യകാര്യങ്ങൾ ഞാനും മനസ്സിലാക്കി. പേര് രാഹുൽ, ജോലി ലോട്ടറി വില്പന. വീട്ടിൽ തനിച്ചു താമസം.

അതിനുശേഷം എല്ലാ ദിവസവും ഞാൻ രാഹുലിനെ കാണുമായിരുന്നു. പച്ചക്കറിക്കടയിൽ നില്ക്കുമ്പോൾ എന്തൊക്കെയാ ചേച്ചി വാങ്ങിയത് എന്നു ചോദിച്ച് രാഹുൽ എത്തുമായിരുന്നു. ചാർജർ വാങ്ങാൻ കയറിയപ്പോൾ ''പഴയ ചാർജർ കേടായിപ്പോയോ'' - തൊട്ടു പിന്നിൽ നിന്നൊരു ചോദ്യം. സൂപ്പർ മാർക്കറ്റിലും ടെക്സ്റ്റയിൽസിലും ബേക്കറിയിലും എല്ലാം - അവന്റെ സാന്നിധ്യം ഞാൻ അറിഞ്ഞു തുടങ്ങി.

പിന്നീടെനിക്കു മനസ്സിലായി - രാഹുൽ എല്ലാവരോടും ഇങ്ങനെ തന്നെയാണ്. സ്നേഹം നിറഞ്ഞ കണ്ണുകളും സൗഹൃദം വഴിയുന്ന പെരുമാറ്റവും കൊണ്ട് പ്രകാശം പരത്തുന്ന ചെറുപ്പക്കാരൻ. പമ്പിലെ മിനിയു

ടെയും ഉഷയുടെയും കുഞ്ഞനിയൻ. ഒരുപാട് അനുജന്മാരും അനുജത്തിമാരും ഉള്ള ഒരു ചേട്ടൻ. മനസ്സുകൊണ്ട് ഞാനും അവനെ അനുജനാക്കി. എടുത്തു പറയത്തക്ക സവിശേഷതകൾ ഒന്നുമില്ലാത്ത സാധാരണക്കാരൻ ആണെങ്കിലും സ്വഭാവത്തിലെ ലാളിത്യം അവന്റെ പ്രത്യേകതയായിരുന്നു. എല്ലാവരെയും സ്നേഹിക്കാൻ മാത്രമേ അവനറിയൂ. ഇങ്ങനെയൊക്കെയാകാൻ ഒരു മനുഷ്യനു കഴിയുമോ – ഈ ലോകത്തിൽ. അതിസങ്കീർണതകളാൽ കെട്ടുപിണഞ്ഞ ഈ കാലഘട്ടത്തിൽ – എനിക്കു കഴിയില്ല ഉറപ്പ്.

ചിലപ്പോൾ രാഹുൽ അപ്രത്യക്ഷനാകാറുണ്ട്. പതിവു സ്ഥലങ്ങളിലൊന്നും കാണാതാവുമ്പോൾ ''ഇവൻ എവിടെപ്പോയി കിടക്കുന്നു'' എന്ന് മനസ്സിലൊരു ചോദ്യവുമായി ഞാൻ പമ്പിലെത്തും. ''രാഹുൽ എവിടെ, കാണുന്നില്ലല്ലോ.''

''ആർക്കറിയാം, ചിലപ്പോൾ അങ്ങനെയാണ്.''

പെട്രോൾ നിറയ്ക്കുന്നതിനിടയിൽ മിനി അലസമായി പറഞ്ഞു. എങ്കിലും രണ്ടാഴ്ച കഴിഞ്ഞ് ഒരു ദിവസം അവൻ എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു.

''എവിടെയായിരുന്നു ഇത്ര നാൾ.'' മറുപടി ചിരിയിലൊതുക്കി ലോട്ടറിയെടുക്കുകയാണ് ആൾ.

''എനിക്ക് ടിക്കറ്റൊന്നും വേണ്ട.''

''ഒരെണ്ണം എടുത്തുകൂടാ''. ഒരിക്കലും വല്ലാതെ നിർബന്ധിക്കാറില്ലവൻ.

''കാശ് ഞാൻ തരാം. നീ തന്നെ എന്റെ ടിക്കറ്റ് മാറ്റി വച്ചോളൂ.'' OK പറഞ്ഞ് പണവും വാങ്ങി രാഹുൽ പോകാൻ തിരിഞ്ഞു.

''നിനക്കെന്തു പറ്റി, മുഖത്തൊരു ക്ഷീണഭാവം ആണല്ലോ. രാഹുൽ വല്ലാതെ മാറിപ്പോയതായും അവന്റെ മുഖത്തെ ഭംഗിയും കുട്ടിത്തവും എല്ലാം കളഞ്ഞു പോയതായും അനുഭവപ്പെട്ടെങ്കിലും അതെല്ലാം ചൂണ്ടിക്കാട്ടിയാൽ അവനു വേദനിച്ചെങ്കിലോ എന്നു ഞാൻ ഭയന്നു.

''ഞാൻ ഡിപ്രഷന് ചികിത്സയിലായിരുന്നു.'' ചിരിച്ചു കൊണ്ടാണ് മറുപടി – പക്ഷേ എന്നെ അങ്ങേയറ്റം ഞെട്ടിച്ചു കളഞ്ഞു.

''എന്റെ അമ്മ മരിച്ചതിൽ പിന്നെ ഞാൻ ഒറ്റയ്ക്കല്ലേ ആ വീട്ടിൽ.''

''അതൊക്കെത്തന്നെ.'' എത്ര ലളിതമായാണ് ഡിപ്രഷൻ എന്ന സ്വന്തം അവസ്ഥയെ അവൻ വിശദീകരിച്ചത്. എന്റെ മനസ്സിൽ Abnormal വ്യക്തികളുടെയും ചങ്ങലയ്ക്കിട്ട ഭ്രാന്തന്മാരുടെയും ചിത്രങ്ങൾ മാറിമാറിവന്നു.

''ഏയ് ചേച്ചീ.'' അമ്പരപ്പിൽ നിന്ന എന്നെ രാഹുൽ ഉണർത്തി.

''എനിക്കിപ്പോൾ ഒരു കുഴപ്പവും ഇല്ലന്നേ.'' എന്നിട്ടും എനിക്ക് മിണ്ടാൻ കഴിഞ്ഞില്ല. ഇടയ്ക്കിടെ വരുന്ന മാനസിക പ്രശ്നങ്ങൾ, അതിനു പരിഹാരമായി കഴിക്കുന്ന മരുന്നുകൾ അതിന്റെ Side effects, അമിതമായ ഉറക്കം ഇവയെപ്പറ്റിയെല്ലാം അവൻ വിശദമായി പറഞ്ഞു തന്നു.

''ഞാനൊരു അനാഥനല്ലേ ചേച്ചീ.''

''നീയെങ്ങനെ അനാഥനാകും. നിന്നെ സ്നേഹിക്കുന്ന എത്രയോ ആളുകളാണ് നിനക്കു ചുറ്റും.''

''പക്ഷേ അവരാരും എന്റെ സ്വന്തമല്ല – എനിക്കറിയാം.''

എനിക്ക് അവനോട് അതിയായ കാരുണ്യം തോന്നി. ആരുമില്ലാത്ത കുട്ടി – അച്ഛനോ അമ്മയോ സഹോദരങ്ങളോ ആരും. ചുറ്റുപാടും പ്രകാശം പരത്തുമ്പോഴും അവന്റെ ഹൃദയം നിറയെ ഇരുട്ടാണ്. അനാഥത്വം ഒരു മഹാവ്യാധിയായി അവനെ കാർന്നു തിന്നുകൊണ്ടിരിക്കുകയാണ്.

''ഒറ്റയാണെന്നുള്ള ചിന്ത കളയൂ. ഒരു കണക്കിന് നാമെല്ലാം ഒറ്റയല്ലേ.'' ഞാൻ ഒരു തത്വജ്ഞാനിയെപ്പോലെ പറഞ്ഞു. അവനെ സാന്ത്വനിപ്പിക്കാൻ വേണ്ടി പിന്നെയും എന്തൊക്കെയോ പറഞ്ഞു. എന്റെ വാക്കുകളിൽ എനിക്കുപോലും വിശ്വാസം ഇല്ലായിരുന്നു. എങ്കിലും, പഠിക്കാൻ മിടുക്കനായ സ്കൂൾ കുട്ടിയെപ്പോലെ രാഹുൽ എന്റെ വാക്കുകൾ ശ്രദ്ധയോടെ കേൾക്കുകയും തലകുലുക്കി സമ്മതിക്കുകയും ചെയ്തു.

ഒരു ദിവസം ഒരു സംഭവം ഉണ്ടായി. ചെറിയൊരു സംഭവം – എങ്കിലും ഞങ്ങൾ രണ്ടുപേർക്കും അല്പം സങ്കടം വരുത്തി. രാഹുൽ ടിക്കറ്റുമായി വരുമ്പോൾ ''ബമ്പർ മാത്രമേ ഞാൻ വാങ്ങൂ'' എന്ന് പറഞ്ഞ് ഒഴിയാൻ നോക്കുക എന്റെ പതിവാണ്.

''ശരി, നാളെ ബമ്പർ തരാം.''

പിറ്റേദിവസം തന്നെ വിഷുബമ്പറുമായി അവൻ മുന്നിലെത്തി. പെട്രോൾ അടിച്ചു കഴിഞ്ഞ് ടിക്കറ്റ് വാങ്ങുന്നതിനിടയിൽ ഒരു കാർ പിന്നിൽ വന്നു നിന്നു. വഴി തടഞ്ഞു നിന്ന സ്കൂട്ടർ കണ്ടതും ഡ്രൈവർ രോഷാകുലനായി ഹോൺ നീട്ടി മുഴക്കി. ''എന്തൊരു മനുഷ്യനാണിയാൾ'' എന്നു തിരിഞ്ഞു നോക്കിയതും അയാൾ കേട്ടാൽ അറയ്ക്കുന്ന ഭാഷയിൽ എന്നെയും രാഹുലിനെയും ചീത്ത വിളിക്കാൻ തുടങ്ങി. ഇത്രയേറെ പറയാൻ എന്തുണ്ടായി.

''ലോട്ടറീം തൂക്കിപ്പിടിച്ചോണ്ടെറങ്ങീരിക്കുന്നു'' – നികൃഷ്ടപദങ്ങൾ വേണ്ടതിലേറെ ഛർദ്ദിച്ച് അയാൾ പോയി. ഞാൻ രാഹുലിനെ നോക്കി. ദൈന്യതയോടെ നില്ക്കുകയാണ് പാവം. ഒന്നും മിണ്ടാതെ ഞാൻ സ്കൂട്ടർ സ്റ്റാർട്ടാക്കി ഓടിച്ചു പോയി. അന്നത്തെ ദിവസം എനിക്ക് ഒരുപാട് വിഷമം തോന്നി. എന്തിനാണയാൾ അത്രയേറെ ദേഷ്യപ്പെട്ടത്. അഹന്ത തലയ്ക്കു പിടിച്ച മനുഷ്യൻ. ലോട്ടറി ടിക്കറ്റിൽ ജീവിതം തള്ളിനീക്കുന്നവനോടുള്ള പുച്ഛവും അവഗണനയും എല്ലാം ഉള്ളിൽ കിടന്നു വീർത്തു പൊട്ടിയൊലിച്ച ചലവും ദുർഗന്ധവും വമിക്കുന്ന പ്രതീകം. ഓർമ്മയിൽ മനം പിരട്ടലുമായി അന്നു വൈകുന്നേരം തന്നെ ഞാൻ പമ്പിലെത്തി.

''ചേച്ചീ സോറി'' – രാഹുൽ ഓടി അടുത്തു വന്നു.

''എന്തിന്''

''ഞാൻ കാരണമല്ലേ ചേച്ചിക്കു കൂടി അയാളുടെ വഴക്ക് കേൾക്കേണ്ടി വന്നത്.''

''അതൊന്നും  സാരമില്ല രാഹുൽ. ആളുകൾ ഏതെല്ലാം തരക്കാരാണ്. എല്ലാവരിൽ നിന്നും നല്ല പെരുമാറ്റം പ്രതീക്ഷിക്കാൻ ഞാനൊരു വിഡ്ഢിയല്ല.''

''എങ്കിലും എത്ര മോശമായാണ് അയാൾ സംസാരിച്ചത്. എത്ര ഷാർപ്പായിരുന്നു വാക്കുകൾ''. രാഹുലിന്റെ അമർഷം അടങ്ങുന്നില്ല.

''അത് ബാലൻസ് ചെയ്യാനല്ലേ എനിക്ക് നീയുള്ളത്.'' അവന്റെ മുഖത്തു പടർന്ന ആശ്വാസവും ചിരിയും – ഈ ലോകത്തെ ഏറ്റവും മനോഹര കാഴ്ചയായി ഒപ്പിയെടുത്തുകൊണ്ട് ഞാൻ യാത്രയായി.

നറുക്കെടുപ്പു ദിവസം രാത്രി അവൻ എന്നെ വിളിക്കും. ''ചേച്ചീടെ ടിക്കറ്റിന് സമ്മാനം ഒന്നുമില്ലെന്നു'' പറയാൻ. ''പോട്ടെ അടുത്ത പ്രാവശ്യം നോക്കാം.'' ഞാൻ മറുപടി പറയും. ഭാഗ്യദേവത തിരിഞ്ഞുപോലും നോക്കാത്ത എന്റെ ജീവിതത്തിലേക്ക് രാഹുലിന്റെ നിരവധി ഫോൺ കോളുകളും വോയിസ് മെസേജുകളും കടന്നുപോയി. ഓണം ബമ്പറും മൺസൂൺ ബമ്പറും കടന്നുവരികയും നിഷ്ഫലമായി കൊഴിയുകയും ചെയ്തു. എന്നിട്ടും പരിഭവമേതുമില്ലാതെ രാഹുലിനെ പണം ഏല്പിച്ചു കൊണ്ടിരുന്നു.

''ഇത്തവണത്തെ പൂജാബമ്പർ ചേച്ചിക്കാണ്, ഉറപ്പ്.''

''പകുതിയൊന്നും വേണ്ട – എന്റെ വീടൊന്നു നന്നാക്കണം. അതിനുള്ളതു തന്നാൽ മതി.''

''OK ഡാ – എനിക്കു ബമ്പർ – നിനക്കു വീട്.''

രാഹുലിന്റെ വീട് റോഡ് സൈഡിൽ തന്നെയാണ്. അത്യാവശ്യം വലിപ്പം ഉണ്ടെങ്കിലും അറ്റകുറ്റപ്പണികൾ നടത്താതെ വിണ്ടടർന്ന ഭിത്തിയും ഉറപ്പില്ലാത്ത വാതിലും ഒക്കെയായി അതിനൊരു ശോകഭാവം ആയിരുന്നു. ആ വീടിന്റെ മറ്റൊരു സവിശേഷത ''ദാഹിക്കുന്നവർക്ക് വെള്ളം'' എന്നെഴുതിയ ഒരു ബോർഡായിരുന്നു. ബോർഡ് വീട്ടുമുറ്റത്ത് റോഡരികിലായി സ്ഥാപിച്ചിരിക്കുകയാണ്. ഇതൊക്കെ ഇന്നത്തെക്കാലത്തെ ഒരു ഫാഷനാവും. പക്ഷികൾക്കു വെള്ളം – തെരുവുനായ്ക്കൾക്ക് ഭക്ഷണം. അങ്ങനെ ഓരോരോ...

''ടിക്കറ്റെടുക്കുന്ന എല്ലാവർക്കും സമ്മാനം'' എന്ന മറ്റൊരു ബോർഡും അവിടെ കാണാം. അതേപ്പറ്റി ഒരിക്കൽ രാഹുലിനോടു ചോദിച്ചു.

''അതിലൊരു ട്രിക്കുണ്ട്. ഞാൻ പറയുന്ന നമ്പറുകളിൽ ഉള്ള കുറച്ചു ടിക്കറ്റുകൾ എടുക്കണം. പഠിപ്പിച്ചുതരാം.'' ഒരു ടിക്കറ്റ് എടുക്കുന്നതു തന്നെ വിഷമിച്ചാണ് – അപ്പഴാണ് കുറേയെണ്ണം. എങ്കിലും ഞാൻ സമ്മതിച്ചു. പക്ഷേ ഒരിക്കലും അത് നടപ്പിലായില്ല. അവന് നല്ല തിരക്കാണ്– എനിക്കും. ചിലപ്പോൾ പമ്പിൽ അവനെ കാണുകയുമില്ല. ക്രിസ്മസ് കേക്ക് മിനിയെ ഏല്പിക്കേണ്ടിവന്നു. എങ്കിലും പിറ്റേദിവസം 'കണിയാംപടിക്കൽ' ഷോപ്പിൽ നിന്നു ചെരിപ്പു വാങ്ങി തിരിഞ്ഞു നോക്കിയത് രാഹുലിന്റെ മുഖത്തേയ്ക്കാണ്.

''കേക്ക് ഇഷ്ടപ്പെട്ടോ'' എന്റെ ചോദ്യം കേട്ട് രാഹുൽ അനങ്ങാതെ നില്ക്കുകയാണ്. എന്താണിങ്ങനെ. ഇവന്റെ ബോധം പോയോ

''ഇഷ്ടപ്പെട്ടില്ലേ'' ഞാൻ വീണ്ടും ചോദിച്ചു.

''ഇഷ്ടപ്പെട്ടു ചേച്ചീ''

''പിന്നെന്താ മറുപടി വരാൻ ഇത്ര താമസം.''

''അതല്ല – ചേച്ചി തന്ന എന്നു പറഞ്ഞ് മിനി ചേച്ചി ഇന്നലെത്തന്നെ കേക്ക് എന്നെ ഏല്പിച്ചതാണ്. പക്ഷേ ഏതു ചേച്ചിയാണതെന്ന് ഇപ്പഴാ മനസ്സിലായത്.''

''ആരൊക്കെയാ നിന്റെ ചേച്ചിമാര്.''

''ഈ നാട്ടിലുള്ള എല്ലാ ചേച്ചിമാരും. പക്ഷേ കേക്കു തന്നത് ഈ ചേച്ചി മാത്രം'' – ആ വാക്കുകൾ എന്നെ ആഹ്ലാദിപ്പിച്ചു.

കുറച്ചുനാളുകൾക്കുശേഷം ''വിശക്കുന്നവർക്ക് ആഹാരം – ഇത് നമ്മ കട'' എന്ന ബോർഡും വീട്ടുമുറ്റത്ത് പ്രദർശിപ്പിക്കപ്പെട്ടു.
''നിനക്കെന്താ വട്ടാണോ, ഒരു പരോപകാരി.

നിന്റെ കയ്യിൽ ഒരുപാട് പണമുണ്ടോ'' – ഞാൻ ചോദിച്ചു.

''എനിക്ക് ഒരുപാട് കാശൊന്നും വേണ്ട. എല്ലാവരേയും സ്നേഹിച്ച്, എല്ലാവരോടും കൂട്ടുകൂടി ഇങ്ങനെ കഴിഞ്ഞാൽ മതി.''

''ഈ ലോട്ടറിപരിപാടി നിർത്തി മറ്റുവല്ല പണിക്കും പൊയ്ക്കൂടേ.''

''ഇതാണ് ചേച്ചീ ലോകത്തിലെ ഏറ്റവും നല്ല പണി. എനിക്ക് എത്ര ഫ്രണ്ട്സ് ഉണ്ടെന്നറിയാമോ. അതും ഏതെല്ലാം തരക്കാർ. ഈ ജോലി കാരണമല്ലേ അതൊക്കെ.''

എന്തു പറയാനാണ്. ഞാൻ കൈകൂപ്പി നമസ്കരിച്ചു സ്കൂട്ടറിൽ കയറി.

നോക്കിയപ്പോൾ ചിരിച്ചുകൊണ്ട് എന്നെത്തന്നെ നോക്കി നില്ക്കുകയാണ് രാഹുൽ. ഞാനും ചിരിച്ചു കൈവീശി.

ഇടയ്ക്കെപ്പൊഴോ വീണ്ടും അവനെ കാണാതായി. ഈ 'കാണാതാകൽ' പതിവു പരിപാടി ആയതിനാൽ ഞാൻ അത്ര കാര്യമാക്കിയില്ല. അവൻ ജോലി ആരംഭിക്കുമ്പോൾ സന്ധ്യയാകും എന്ന് പമ്പിലെ ഉഷയാണ് പറഞ്ഞത്. മരുന്നുകളുടെ മയക്കത്തിലാണ് പകൽ മുഴുവൻ. ലോട്ടറിക്കച്ചവടം പൊടിപൊടിക്കുന്നുണ്ടെങ്കിലും ഞങ്ങൾ തമ്മിൽ കാണാതായി. ഒരു ദിവസം വാട്സാപ്പിൽ സ്ക്രോൾ ചെയ്യുന്നതിനിടയിൽ ലോക്കൽ ഗ്രൂപ്പിലേക്ക് അവൻ ചാടിവീണു. നിരവധി ആദരാഞ്ജലികൾക്കിടയിൽ ചിരിച്ചു നില്ക്കുന്ന മുഖം അവന്റേതാണെന്ന് ഞാൻ ഞെട്ടലോടെ തിരിച്ചറിഞ്ഞു.

''എന്റെ ദൈവമേ – എന്താണിത്. ഇതെങ്ങനെ സത്യമാകും. ഇങ്ങനെയൊന്നും ആയിരിക്കരുതേ – ഞാൻ എന്തൊക്കെയോ പ്രാർത്ഥിച്ചു. മനമുരുകി ഈശ്വരനെ വിളിച്ചു. എന്റെ മനസ്സിൽ പ്രകാശം പരത്തിക്കൊണ്ടിരുന്ന രാഹുൽ– അവനില്ലെങ്കിൽ ലോകം മുഴുവൻ ഇരുട്ടിലാകും. ഈശ്വരാ, എന്നെ ഇരുട്ടിലാക്കരുതേ....

വ്യർത്ഥമായ പ്രാർത്ഥനകൾ – ഹാർട്ടറ്റാക്ക് ആയിരുന്നു എന്നും ആശുപത്രിയിൽ എത്തും മുൻപ് മരണം സംഭവിച്ചു കഴിഞ്ഞു എന്നും അറിഞ്ഞു. വിഷ്ണുജയോടൊപ്പം ഞാൻ രാഹുലിന്റെ വീട്ടിൽ എത്തി. വീട്ടുമുറ്റത്ത് വഴക്കു നടക്കുകയാണ്. അച്ഛനും അമ്മയും വ്യത്യസ്ത ജാതിക്കാരാണ്.

ലോട്ടറി വാങ്ങിയ ചേട്ടന്മാരും ചേച്ചിമാരും ആവാം – മുറ്റത്ത് അങ്ങിങ്ങായി ആളുകൾ വർത്തമാനം പറഞ്ഞു നില്ക്കുന്നുണ്ടായിരുന്നു. ചിലരൊക്കെ വന്നു പോയി. പതിവു മരണവീട്ടിലെ കരച്ചിലോ ഏങ്ങലടിയോ ഇല്ല. തിണ്ണയിൽ കിടത്തിയ മൃതദേഹത്തിനരികിൽ കസേരകൾ ഉണ്ടായിരുന്നു. എന്നാൽ അതെല്ലാം ഒഴിഞ്ഞു കിടന്നു – അനാഥത്വം എന്ന അപ്രിയസത്യം വിളിച്ചു പറയുന്ന മരണം. അവനെയോർത്ത് വേദനിക്കാൻ ഒരു തുള്ളി കണ്ണീരൊഴുക്കാൻ ആരുമില്ലേ –

''സങ്കടമാവുന്നല്ലോ മോളേ'' ഞാൻ വിഷ്ണുജയുടെ കൈയിൽ മുറുകെപ്പിടിച്ചു. അവളുടെ കണ്ണുകളും നിറഞ്ഞിരിക്കയാണ്.

''ആന്റീ നമുക്ക് വരാന്തയിൽ കയറി ആ ചേട്ടന്റെ അടുത്തിരിക്കാം.''

''എന്നിട്ട് ?'' ഞാൻ ചോദിച്ചു.

''എന്നിട്ട് നമുക്ക് പ്രാർത്ഥന ചൊല്ലാം.'' അവൾ വിങ്ങിപ്പൊട്ടി. മരണവീട്ടിലെ പ്രാർത്ഥനയും നാമജപവും നാട്ടാചാരമാണ്. പാവം കുട്ടി. അവൾക്കെന്തറിയാം.

''അവിടെ തല്ലു നടക്കുന്നത് കാണുന്നില്ലേ.'' എത്രയും പെട്ടെന്ന് നമുക്ക് പോകാം.

പലരുടെയും താടിക്കു കൈ കൊടുത്തും മുക്കത്ത് വിരൽ വച്ചും അല്പസമയം നില്ക്കയും തിരികെപ്പോവുകയും ചെയ്തു. ലോട്ടറി വില്പന കൊണ്ടു നേടിയ സുഹൃത്തുക്കളേയും കണ്ടില്ല. അച്ഛന്റെയും അമ്മയുടെയും വീട്ടുകാർ ചേരിതിരിഞ്ഞ് അടി കൂടുകയാണ്. ശവംതീനികൾ! ഇതൊക്കെ എവിടന്നു വരുന്നോ എന്തോ. ജീവിച്ചിരുന്നപ്പോൾ ഒരിറ്റു സ്നേഹം കൊടുക്കാൻ ആരുമില്ലായിരുന്നു. എല്ലാവരിലേക്കും സ്നേഹത്തിന്റെ പരിമളം പരത്തി ജീവിച്ച ഈ ചെറുപ്പക്കാരൻ സ്നേഹത്തിന്റെ ഒരു കുഞ്ഞുകിരണത്തിനായി എത്രമാത്രം കൊതിച്ചിരിക്കും. ഓരോ ദിവസവും ലോട്ടറി ടിക്കറ്റുമായി അലയുമ്പോൾ അനാഥത്വത്തിന്റെ ഒടുങ്ങാത്ത വേദനയിൽ ആത്മാവ് വെന്തുനീറിയിട്ടുണ്ടാകില്ലേ ? അവന്റെ ഹൃദയം പൊട്ടിത്തകർന്നതാണ്. ദയവില്ലാത്ത ലോകം അവനെ കണ്ടില്ല –അറിഞ്ഞില്ല. അല്ലെങ്കിലും ആർക്കാണ് ഇതിനൊക്കെ നേരം. സ്നേഹകാരുണ്യങ്ങൾ വറ്റിവരണ്ട ഒരു മരുഭൂമിയാണിത്. രാഹുലിനെപ്പോലൊരാൾക്ക് ഇവിടെ ഒരു അതിജീവനം സാധ്യമല്ല.

ഞാൻ എന്തിനാണ് ലോകത്തെ പഴിക്കുന്നത്. എനിക്കറിയാമായിരുന്നു അവന്റെ അവസ്ഥ. എനിക്ക് എന്തെല്ലാം ചെയ്യാമായിരുന്നു. അവനില്ലാത്ത ലോകത്തിരുന്ന് ഞാൻ അവനുവേണ്ടി വീടുപണിതു.

സ്നേഹം എന്നു പേരുള്ള വീട്. അവന്റെ വീട്ടുമുറ്റത്തിരുന്ന ബോർഡ് ഞാൻ കവർന്നെടുക്കുകയും ''ദാഹിക്കുന്നവർക്ക് സ്നേഹം'' എന്നു തിരുത്തിയെഴുതി വീട്ടുമുറ്റത്ത് വയ്ക്കുകയും ചെയ്തു. ഒരുപാടാളുകൾ വീട്ടിനുള്ളിൽ തിക്കിത്തിരക്കി കയറുകയും ഞാൻ അവർക്ക് മനോഹരമായ തളികകളിൽ സ്നേഹം വിളമ്പിക്കൊടുക്കുകയും ചെയ്തു. സന്ധ്യയ്ക്ക് പെയ്ത മഴയിലേക്ക് പരസ്പരം തള്ളിയിടുകയും കുറുമ്പുകാട്ടുകയും ചെയ്തു. എല്ലാവരും ചിരിക്കുന്ന, ആനന്ദിക്കുന്ന അനാഥത്വത്തിന്റെ വേദനകളില്ലാത്ത ലോകം പക്ഷേ അദൃശ്യമായ ചങ്ങലകളിൽ കുടുങ്ങിക്കിടക്കുന്ന ജീവിതത്തെ നിസ്സഹായതയോടെ നോക്കിക്കാണാൻ മാത്രമേ എനിക്കു കഴിയൂ. എന്റെ സുഹൃത്ത് എഴുതി :

''നമ്മൾ, വിലങ്ങിട്ട കൈകളാൽ
വീണ വായിക്കുവോർ'' - ഈ കൈകളാൽ അപശ്രുതികൾ മാത്രമേ ഉണരൂ.

രാഹുൽ! എനിക്കു മാപ്പുതരൂ. ഞാൻ നിനക്ക് സൗഹൃദം തന്നു. നീ ആവശ്യപ്പെട്ടപ്പോൾ എല്ലാം ടിക്കറ്റുകൾ എടുത്തു. നിനക്ക് കൊച്ചുകൊച്ചു സമ്മാനങ്ങൾ തന്നു. എന്റെ ഉറ്റവരെ നിനക്ക് പരിചയപ്പെടുത്തുകയും അവരെ നിന്റെ സുഹൃത്തുക്കളാക്കുകയും ചെയ്തു. ഇതിൽ കൂടുതൽ ഒന്നും നിനക്കുവേണ്ടി ചെയ്യാൻ എനിക്കു കഴിയുമായിരുന്നില്ല.

ലോകം മുഴുവൻ എന്നോട് പിണങ്ങിയതോർത്ത് ഞാൻ നൊമ്പരപ്പെട്ടു. പമ്പിൽ കയറുമ്പോൾ മനസ്സുകൊണ്ട് പരതും രാഹുലിനായി. ''ചേച്ചീ ഒരു ടിക്കറ്റെടുക്കൂ'' - ഓരോ ലോട്ടറിക്കാരനും എന്നിൽ രാഹുലിന്റെ ഓർമ്മകൾ ഉണർത്തും. വിളിച്ചാൽ കിട്ടാത്തപ്പോൾ ടെക്സ്റ്റും വോയിസും അയച്ചിരുന്ന രാഹുലിന്റെ വാട്സപ്പ് ചാറ്റ് ഞാൻ എടുത്തുനോക്കി. അവന്റെ ശബ്ദമൊന്നു കേൾക്കാൻ. അവന്റെ മെസേജുകൾ കാണാൻ. പക്ഷേ അതെല്ലാം 'disappear' ആയിപ്പോയിരുന്നു. ''ചേച്ചീടെ ടിക്കറ്റിന് സമ്മാനം ഒന്നുമില്ല.'' - എത്ര തവണ അയച്ചതാണ്. ഒന്നും അവശേഷിപ്പിക്കാതെ അവൻപോയി. പ്രൊഫൈൽ പിക്ചർ മാത്രം എന്നെ നോക്കി ചിരിച്ചുകൊണ്ടിരുന്നു. ഒരുപാട് സ്നേഹം വാരിവിതറിയിട്ടും തിരിച്ചുകിട്ടാത്ത സ്നേഹത്തിന്റെ കൊതിതീരാതെ... ഹൃദയം തകർന്ന് അപ്രത്യക്ഷനായ എന്റെ പ്രിയ മിത്രം......

# ഇതൾ



ലത എൻ.

ഞെട്ടറ്റു വീഴുന്നൊരിതളിനെ കണ്ടോ
പൂവിന്റെ ഹൃത്തിൻ പകർച്ച കണ്ടോ
കൂടെപ്പിറപ്പാകും ഇതളുകളെല്ലാം
ഞെട്ടിത്തരിച്ചങ്ങു നിന്നുപോയി

കരിവണ്ട് മൂളുന്നൊരലർച്ച കേട്ടോ
തേനീച്ച തേങ്ങിക്കരഞ്ഞു പോയി
ആരാധ്യനാകുമാ ശലഭരാജൻ
ഇതളിനെ ചുറ്റി പറന്നുപോയി

ആ വഴി വന്നൊരുറുമ്പിൻ ഗണങ്ങൾ
ഇതളിനെ തഴുകി കടന്നുപോയി
വെയിലേറ്റു വാടുന്നൊരിതളിന്നുടൽ
മേഘങ്ങൾ വർഷത്താൽ കുതിർത്തിടുന്നു

കാറ്റിൽ കുഴഞ്ഞാടി നിൽക്കുമാപ്പൂക്കൾ
മീട്ടുന്നു തോരാതെ തേങ്ങലുകൾ
മഴയത്തും വെയിലത്തുമിടറാതെ നിൽക്കും
ഇരുട്ടിന്റെ അജ്ഞതയേഷാതിരിക്കും

വർണ്ണശബളമാം പൂന്തോട്ടത്തിൽ
ഏവർക്കും തോഴനായി വാഴുന്നേരം
പൂന്തേൻ നുകരുവാനെത്തുന്നിതാ
പ്രാണികളെല്ലാമണിയണിയായ്

ആദ്യം വിടർന്നൊരിതളായ്കയാൽ
വേദനയെല്ലാമങ്ങേറ്റിടുന്നു
അവസാനം വന്നൊരു പൂമ്പാറ്റയാൽ
മുട്ടകളെല്ലാം പൊഴിച്ചിടുന്നു

മുട്ടകളെല്ലാം പുഴുക്കളായി
ഞെട്ടിനെ തിന്നുവിശപ്പകറ്റി
മാരുതൻ തഴുകിക്കടന്നുപോയി
ഭൂവിൽ പതിയുന്നൊരനാഥനായി





വനജ

കവിത

# കലിയുഗം

'യുഗം നാലിലും നല്ലൂ
കലിയുഗം
സുഖമേ തന്നെ
മുക്തിവരുത്തുവാൻ '
എന്നൊരീണമായ്
മാറുന്ന മുത്തശ്ശി,
എന്താണീ കലിയെന്ന
ചോദ്യത്തിന്ന്,
പേരക്കുഞ്ഞിനെ
ചേർത്തു ചിരിക്കുന്നു.
ധർമ്മബോധത്തിന്റെ
നാലാംപാദത്തെയും
വെട്ടിമാറ്റാൻ കുതിയ്ക്കു-
മൊരുവന്റെ
ചിത്രമെൻ ചിത്തിൽ
കിതച്ചു നിന്നീടുന്നു.
ഇരുമ്പു തൊപ്പിയും
കുറുമ്പു മോറുമായ്
പരിഹാസച്ചിരിയവൻ
ചിരിക്കുന്നു.
ദയയില്ലാ ദാന
മനസ്ഥിതിയില്ല.
സത്യമിത്തിരിയു-
ള്ളതിൽ മാത്രം
ഊന്നിനില്ക്കുമീ
കലിയുഗത്തിൽ നാം
മലിനമാക്കിയ
കടൽ ചിരിക്കുന്നു.
മാധ്യമങ്ങളിൽ
ഊളിയിട്ടീടുമ്പോൾ
സത്യാസത്യങ്ങൾ
പുണരും കാഴ്ചയിൽ,
വായന വിഡ്ഢിച്ചിരി
ചിരിക്കുന്നു.
പ്രണയനൈരാശ്യം
ആസിഡിൽ തീർത്ത്
ഗൂഢമായിട്ടു മകൻ
ചിരിക്കുന്നു.
ജ്യൂസ് ചാലഞ്ചു
ചെയ്തിട്ടൊരുവനെ
ത്തേച്ച് പോയതിൽ
മകൾ ചിരിക്കുന്നു.
അന്യനൊപ്പം കിടക്കാനനുമതി
നല്കും നിയമത്തിൽ
ഭാര്യതൻ ചിരി.
യുഗം നാലിലും
നല്ലൂ കലിയുഗം
എന്നു മൂളി ഞാൻ
ജോലിയ്ക്കെത്തുന്നു.
പൂർവ്വസൂരികൾ
ത്രികാലജ്ഞാനികൾ,
എന്നെന്നോടു ഞാൻ
പറഞ്ഞ നേരത്ത്,
മനസ്സറിഞ്ഞു ഞാൻ
ചിരിച്ചു ചാവുന്നു.
എന്റെ മനസ്സറിഞ്ഞു
ഞാൻ ചിരിച്ചുചാവുന്നു.

അനുഭവ കഥ



# സ്വയംവരത്തിന്റെ മോക്ക് ഡ്രില്‍



വി.ലോറന്‍സ്

അടുത്ത സുഹൃത്തിനൊപ്പം ഒരു പെണ്ണുകാണല്‍ ചടങ്ങില്‍ പങ്കെടുത്ത രസകരമായ ഓര്‍മ്മയാണ് പങ്കുവയ്ക്കാനുള്ളത്. പയ്യന്‍ നല്ല സുന്ദരനാണ്. ഒപ്പം നല്ല ബുദ്ധിമാനും. അതുകൊണ്ടാണല്ലോ മറ്റൊരു സുന്ദരനെ കൊണ്ടുപോയി പാരയാകാതിരിക്കാന്‍ എന്നെ കൂടെ കൂട്ടുന്നത്. എന്തായാലും സ്വന്തം പെണ്ണുകാണല്‍ ചടങ്ങുകള്‍ക്ക് മുന്‍പ് ഇദ്ദേഹത്തിനൊപ്പമുള്ള യാത്രാനുഭവങ്ങള്‍ നല്ല അനുഭവസമ്പത്താണ് നല്‍കിയത്.

അവധിദിനങ്ങൾ സജീവമാക്കുന്നതിന് ഇത് ഉപകരിക്കുകയും ചെയ്തു.

ഓണാട്ടുകരയിൽ കെട്ട് കാഴ്ച യ്ക്കൊക്കെ പ്രശസ്തമായ ദേവീക്ഷേ ത്രത്തിനടുത്തുള്ള ഒരു വീട്ടിലായിരുന്നു അന്നത്തെ ഊഴം. ബൈക്കിലെ യാത്ര അല്പം കുറച്ചിലായതിനാൽ മിക്കപ്പോഴും ടാക്സി വിളിച്ചായിരുന്നു പോകുന്നത്. സ്ഥിരം ഓട്ടം വരുന്ന ടാക്സിഡ്രൈവർ ഒരിക്കൽ പറഞ്ഞത് നല്ല ഒരു ട്രോളായിരുന്നു. സാമാന്യം നല്ല തടിയുള്ള ചെക്കൻ, പെണ്ണിനെ കണ്ടിറങ്ങിയപ്പോൾ 'എന്തൊരു വണ്ണമാണ്, ഇതൊന്നും ചേരില്ല....' എന്നൊക്കെ പറഞ്ഞ പ്പോൾ 'സാറും ഒട്ടും മോശമല്ല, ഇത്രയെ ങ്കിലും വേണം സാറിന്' എന്നായി ഡ്രൈവർ ഇത് കേട്ട് 'തന്റെ അഭിപ്രായം ചോദിച്ചി ല്ലല്ലോ' എന്ന് പറഞ്ഞ പയ്യൻ അയാളുടെ നാവടക്കി.

ചെലവു ചുരുക്കലിനൊപ്പം പൊങ്ങച്ചം ഒട്ടും കുറക്കാതിരിക്കാൻ പെൺകുട്ടിയുടെ വീട്ടിനടുത്തുള്ള കവലയിൽ ബൈക്ക് വെച്ചിട്ട് അവിടെ നിന്നും ടാക്സിയിൽ പെൺവീട്ടിലെത്തി കുട്ടിയുടെ അച്ഛനുമായി നാട്ടുകാര്യവുമൊക്കെ പറഞ്ഞിരു ന്നപ്പോൾ പുറത്ത് മറ്റൊരു കാർ വന്ന് നിന്നു. പുറത്തേക്ക് നോക്കിയ ഞങ്ങൾ കണ്ടത് ഒരു ചെറുപ്പക്കാരൻ കാറിൽ നിന്നും പുറത്തിറങ്ങി റിയർവ്യൂ മിററിൽ നോക്കി മുടി ഒതുക്കുന്ന തും ഇൻസേർട്ട് ചെയ്ത് ഷർട്ട് നേരെ പിടിച്ചിടുന്നതുമാണ്. ആരെന്ന ഭാവത്തിൽ പെണ്ണിന്റെ അച്ഛനെ നോക്കിയപ്പോൾ അദ്ദേഹത്തിന്റെ മുഖം വിവർണ്ണമാകുന്നതും അങ്കലാപ്പോടെ എഴുന്നേറ്റ് പുറത്ത് പോകുന്നതുമാണ് കണ്ടത്.

വന്നവർ രണ്ടു പേരുണ്ടായിരുന്നു, ഞങ്ങളെപ്പോലെ. പ്രധാന വാതിലിന ടുത്തെത്തി 'കയറി വരൂ' എന്നവരോട് പറഞ്ഞ ഗൃഹനാഥന്റെ ശബ്ദം അല്പം പതറിയോ എന്ന് എനിക്ക് തോന്നി. അവർ ഞങ്ങളുടെ അടുത്ത് സോഫയിൽ ഇരുന്നപ്പോൾ ഞാൻ പതിയെ ചോദിച്ചു, 'ബന്ധുക്കളാണോ' എന്ന്. 'അല്ല, പെണ്ണുകാണാനാണ്' എന്ന മറുപടി കേട്ട് ഞെട്ടിയ എന്നോട് ആരാണിതെന്ന് സുഹൃത്ത് ആംഗ്യരൂപേണ ചോദിച്ചപ്പോൾ നമ്മളെപ്പോലെ തന്നെയെന്ന് ഞാൻ ശബ്ദം താഴ്ത്തി പറഞ്ഞു. ഇത് കേട്ട് കോപാകുല നായ സുഹൃത്ത് ചാടി എഴുന്നേറ്റ് സ്ഥലം കാലിയാക്കാം എന്ന് പറഞ്ഞപ്പോൾ വേണ്ട എന്ന് പറഞ്ഞ് ഞാൻ ബലമായി പിടിച്ചിരുത്തി. എന്തായാലും മെനക്കെട്ടു ചായകുടിയും കടിയും കഴിഞ്ഞിട്ട് പോകാം എന്നു കരുതി.

അപ്പോഴേക്കും ചായയും പലഹാ രങ്ങളുമായി അമ്മയും മകളുമെത്തി. മകൾക്ക് ധൈര്യത്തിനാവും അമ്മയും കൂടെ വന്നതെന്ന് തോന്നി. രണ്ട് പയ്യന്മാർക്കും ചായ എടുത്ത് കൊടുത്ത കുട്ടിയുടെ മുഖത്തേക്ക് ഞാൻ നോക്കി. സുന്ദരിയെങ്കിലും മ്ലാന വദനയായിരുന്നു. സ്വയംവരത്തിന്റെ മോക്ക് ഡ്രില്ലിന് സാക്ഷ്യം വഹിച്ച സമ്മർദ്ദത്തിലായിരുന്നു അപ്പോൾ വീട്ടുകാർ. അന്തരീക്ഷത്തിന് അയവു വരുത്തുന്നതി നായി ഞാൻ ചില ചെറു തമാശകൾ ഇറക്കിയെങ്കിലും 'ഹോട്ടലാണെന്ന് കരുതി ബാർബർഷോപ്പിൽ കയറിയ വൃദ്ധന്റെ കഥ പോലെ' നനഞ്ഞ പടക്കമായി അത്. അവിടെ നിന്നും ഇറങ്ങിയ സുഹൃത്തിന് കലിപ്പ് മാറുന്നില്ല. പെണ്ണിന്റെ അച്ഛനെയും ബ്രോക്കറെയും വിളിച്ച് നാല് വർത്തമാനം പറഞ്ഞേ തീരൂ. ആ പ്രായമായ മനുഷ്യനെ ടെൻഷനാക്കേണ്ട എന്ന് പറഞ്ഞതിനാൽ ബ്രോക്കറെ മാത്രം വിളിച്ചു സംസാരിച്ചു. അപ്പോഴല്ലേ അറിയുന്നത്, തെറ്റ് ഞങ്ങളുടെ ഭാഗത്താണ്. ഞങ്ങൾ അനുവദിച്ച സമയത്തിനേക്കാൾ താമസിച്ച് എത്തിയ കാരണം അടുത്ത സ്ലോട്ടുമായി ഓവർലാപ്പ് ചെയ്തതാണ്. അങ്ങനെ എന്നും ഓർക്കാൻ ഒരു ദിവസം കൂടി. പതിവുപോലെ ആ ആലോചനയും മുടങ്ങി, എല്ലാ ആലോചന കളും മുടങ്ങാൻ ഓരോ കാരണം വേണമല്ലോ. പ്രതിബന്ധങ്ങളൊക്കെ മറികടന്ന് കൂടിച്ചേരാൻ ഒരാൾ കട്ട വെയ്റ്റിങ്ങിലായിരി ക്കുമല്ലോ, എല്ലായ്പ്പോഴും.....

■




# ചന്ദ്രയാൻ-3
# ആകാംക്ഷയുടെ മുൾ മുനയിൽ നിന്നും ചരിത്ര നിയോഗത്തിലേക്ക്....

> ആഹാരത്തിന് വകയില്ലാത്ത രാജ്യത്ത് ശാസ്ത്ര പരീക്ഷണത്തിന് ധനം ധൂർത്തടിക്കുന്നു എന്നായിരുന്നു നെഹ്റുവിനെതിരെയുള്ള അന്നത്തെ പ്രതിപക്ഷ കക്ഷികളുടെ രൂക്ഷ വിമർശനങ്ങൾ. 'ഭാരതത്തിൽ പിറക്കാൻ പോകുന്ന യുവ തലമുറയ്ക്ക് വേണ്ടിയുള്ള നീക്കിയിരിപ്പാണ് രാജ്യത്തിന്റെ ബഹിരാകാശ പദ്ധതികൾ' എന്നായിരുന്നു നെഹ്റുവിന്റെ മറുപടി.



ഷെമീല സലിം

**ഭൂ**മുഖത്ത് മനുഷ്യന്റെ ആവിർഭാവ കാലം മുതൽ തന്നെ ചന്ദ്രൻ എന്ന പ്രതിഭാസം അവന്റെ ചിന്താ മണ്ഡലത്തിലേക്ക് പ്രവേശിച്ചിട്ടുണ്ടാവണം. അത് കൊണ്ടാവാം ഭൂമിയുടെ ഈ ഉപഗ്രഹം അന്നും ഇന്നും ഒരു നിത്യ വിസ്മയമായി നിലകൊള്ളുന്നത്. ആദിമ മനുഷ്യന് അത് രാവും പകലും വേർതിരിക്കുന്ന ഒരു ഇടനിലക്കാരൻ മാത്രമായിരുന്നെങ്കിൽ ലോകം വളരുന്തോറും അതിന്റെ മറ്റ് സാദ്ധ്യകളെ കുറിച്ചും മനുഷ്യൻ ആലോചിക്കാൻ തുടങ്ങി, അവിടെ അന്തരീക്ഷമുണ്ടോ, വെള്ളമുണ്ടോ, എന്നെങ്കിലും ജീവന്റെ തുടിപ്പുകൾ അവിടെയുണ്ടായിരുന്നോ, ചന്ദ്രന്റെ ഉപരിതലത്തിന്റെ ഘടനയെന്തായിരിക്കും, ചന്ദ്രോപരിതലത്തിൽ മണ്ണും പാറയും ഗർത്തങ്ങളും കൊടുമുടികളുമുണ്ടാവുമോ ഇങ്ങനെ അനവധി നിരവധി ചോദ്യങ്ങൾ അവന്റെ ചിന്തകളെ ഉത്തേജിപ്പിച്ചു. കുട്ടിക്കാലത്ത് ചന്ദ്രൻ നമുക്ക് ഒരു

കൗതുകമാണെങ്കിൽ വളരുന്തോറും നാം അതിന്റെ അനന്ത സാധ്യതകളെ കുറിച്ച് അറിയുന്നു. ചിലർക്ക് ആരാധനാ മൂർത്തിയായും കർഷകർക്ക് വഴി കാട്ടിയായും കാലഗണനാ സൂചകമായും സാഹിത്യ രചനകളിൽ അതിരുകളില്ലാത്ത ഭാവനാ സാമ്രാജ്യമായുമൊക്കെ ചന്ദ്രനെന്ന വിസ്മയം നിറഞ്ഞ് നിൽക്കുന്നു. അത് കൊണ്ടാവാം ആ അത്ഭുത പ്രതിഭാസത്തെ ക്കുറിച്ച് അറിയാനുള്ള മനുഷ്യന്റെ ആകാംക്ഷയും ആവേശവും സമാനതകളില്ലാത്ത അന്വേഷണ ഗവേഷണങ്ങളിലേക്ക് അവനെ നയിച്ചത്. ഈ വിസ്മയങ്ങൾ തേടിയുള്ള യാത്രയാണ് നമ്മെ ചന്ദ്രയാൻ ദൗത്യങ്ങളിലേക്ക് എത്തിച്ചത് എന്ന് വേണം കരുതാൻ. രണ്ടാം ദൗത്യത്തിൽ അവസാന നിമിഷത്തിൽ ചെറിയൊരു തിരിച്ചടി നേരിട്ടെങ്കിലും അനുഭവങ്ങൾ പാഠങ്ങളാക്കി മുന്നേറിയ ഇന്ത്യയുടെ ചന്ദ്രയാൻ 3 ദൗത്യത്തിന്റെ വിജയം ലോകത്തെ മുൻനിര വികസിത രാജ്യങ്ങളെ പോലും അമ്പരിപ്പിച്ചിരിക്കുന്നു.

അതെ, ഇത് ഓരോ ഭാരതീയനും അഭിമാനിക്കാവുന്ന ചരിത്ര നിമിഷങ്ങളാണ്, അമേരിക്കയ്ക്കും റഷ്യയ്ക്കും ചൈനയ്ക്കും പിന്നാലെ നാലാമതായി ഇന്ത്യയും ചന്ദ്രയാൻ-3 ദൗത്യത്തിലൂടെ ചന്ദ്രോപരിതലം തൊട്ടിരിക്കുന്നു. മാത്രവുമല്ല, ഇത് വരെ മറ്റൊരു രാജ്യത്തിനും പര്യവേക്ഷണം നടത്താൻ കഴിഞ്ഞിട്ടില്ലാത്ത ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിലാണ് (South pole) ഇന്ത്യയുടെ ചന്ദ്രയാൻ 3 ലാൻഡിങ്ങ് നടത്തിയിരിക്കുന്നത് എന്നത് നമ്മുടെ ഈ സുവർണ്ണ നേട്ടത്തിന്റെ തിളക്കം വർദ്ധിപ്പിക്കുന്നു. ഇന്ത്യയുടെ ചന്ദ്രയാൻ 3 ദൗത്യം ആരംഭിച്ചതിന് ശേഷം ചന്ദ്രനിലേക്ക് പുറപ്പെട്ട റഷ്യയുടെ 'ലൂണ 25' എന്ന പര്യവേക്ഷണ ഉപഗ്രഹം തകർന്ന് വീണ അതേ സ്ഥാനത്താണ് ഇന്ത്യയുടെ ചന്ദ്രയാൻ 3 പര്യവേക്ഷണ ദൗത്യം വിജയക്കൊടി പാറിച്ചത് എന്നതും ഇവിടെ ശ്രദ്ധേയമാണ്. ലോക രാഷ്ട്രങ്ങൾക്ക് മുന്നിൽ ഇന്ത്യയുടെ യശസ്സും ആത്മാഭിമാനവും വാനോളമുയർത്തിയ വിജയം.

ലോകത്ത് പല ഘട്ടങ്ങളിലായി വിവിധ രാജ്യങ്ങൾ ചന്ദ്ര പര്യവേക്ഷണത്തിന് വേണ്ടി ശ്രമിച്ചിട്ടുണ്ടെങ്കിലും ഇന്ത്യയടക്കം നാല് രാജ്യങ്ങൾക്ക് മാത്രമാണ് ഇതിനോടകം പര്യവേക്ഷണ ദൗത്യം വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞത്. ആകെ നടന്ന 38 ദൗത്യങ്ങളിൽ 34 ഉം ലക്ഷ്യം കണ്ടില്ല.ശാസ്ത്ര സാങ്കേതിക വിദ്യകൾ അതിവേഗം അഭിവൃദ്ധിപ്പെട്ടിട്ടും ചന്ദ്ര പര്യവേക്ഷണ മെന്ന ചിരകാല സ്വപ്നം സാക്ഷാത്ക്കരിക്കാനാവാതെ പല രാജ്യങ്ങളും നിരാശരാവുമ്പോൾ നമ്മുടെ ശാസ്ത്ര സാങ്കേതിക വിദഗ്ധരുടെ, പ്രത്യേകിച്ച് ഐ എസ് ആർ ഒ പ്രതിഭകളുടെ കഠിന പ്രയത്നവും, അർപ്പണ മനോഭാവവുമാണ് നമ്മുടെ പര്യവേക്ഷണ ദൗത്യങ്ങളുടെ വിജയ രഹസ്യം എന്ന് അനുമാനിക്കാം.

ചന്ദ്രയാൻ-3 ദൗത്യത്തിന്റെ അവസാന ഘട്ടത്തിൽ സോഫ്റ്റ് ലാന്റിംഗ് നടക്കുമ്പോൾ കണ്ണിമ വെട്ടാതെ ശ്വാസമടക്കിപ്പിടിച്ച് നാം നോക്കി നിന്ന നിർണ്ണായകമായ അവസാനത്തെ ആ പതിനഞ്ച് മിനുട്ട് സമയത്തെ '15 Minutes of terror' എന്നാണ് ശാസ്ത്ര ലോകം വിശേഷിപ്പിച്ചത്.

രാജ്യം ഏറെ പ്രതീക്ഷയർപ്പിച്ച സ്വപ്ന പദ്ധതിക്ക് എന്തും സംഭവിച്ചേക്കാവുന്ന അത്യന്തം നിർണ്ണായകമായ നിമിഷങ്ങൾ...2019 സെപ്റ്റംബർ 6 ന്റെ ദുർവിധിയുടെ ഓർമ്മ ചിത്രങ്ങളായിരുന്നു മനസ്സ് നിറയെ. ലാന്റിംഗിനോടടുത്തപ്പോൾ സോഫ്റ്റ്‌വെയർ ഫങ്ഷനിലെ പാളിച്ചകൾ കാരണം തകർന്ന് പോയ ചന്ദ്രയാൻ 2 ന്റെ ദുരനുഭവത്തെ കുറിച്ചുള്ള ചിന്തകൾ മനസ്സിനെ വല്ലാതെ വേട്ടയാടുന്നുണ്ടായിരുന്നു. അത് വലിയൊരു കടമ്പയായിരുന്നു. ആ പരാജയത്തിൽ നിന്നും പാഠമുൾക്കൊണ്ടാണ് ISRO ചന്ദ്രയാൻ 2 വിക്ഷേപിച്ച ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പെയ്സ് സെന്ററിൽ നിന്നും 2023 ജൂലൈ 14 ന് ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തെ ലക്ഷ്യമാക്കി കൊണ്ട് ചന്ദ്രയാൻ-3 ന്റെ വിക്ഷേപണ ദൗത്യം ആരംഭിച്ചത്. 41 ദിവസങ്ങൾ നീണ്ട് നിന്ന യാത്രയ്ക്കൊടുവിൽ ചന്ദ്രോപരിതലത്തിൽ എത്തി ചേർന്ന ചന്ദ്രയാൻ 3, 2023 ആഗസ്ത് 23 ന് ഒരു രാജ്യത്തിന്റെ മുഴുവൻ പ്രതീക്ഷകളുടെയും പ്രാർത്ഥനകളുടെയും പ്രതീകമായി ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ നിലയുറപ്പിച്ചു. ആഗസ്റ്റ്



19ന് റഷ്യയുടെ ചന്ദ്ര പര്യവേക്ഷണ പേടകമായ 'ലൂണ 25' തകർന്ന് വീണ ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ തന്നെയാണ് ഇന്ത്യൻ ദൗത്യം ചരിത്രം സൃഷ്ടിച്ചത് എന്ന വസ്തുത നമ്മുടെ ബഹിരാകാശ ദൗത്യത്തിന്റെയും ശാസ്ത്ര സാങ്കേതിക വിദ്യയുടെയും കാര്യക്ഷമതയുടെ സാക്ഷ്യപത്രങ്ങളാണ്.

ആസൂത്രിതമായ വിവിധ ഘട്ടങ്ങളിലൂടെയാണ് ചന്ദ്രയാൻ 3 ന്റെ സോഫ്റ്റ് ലാന്റിങ്ങ് യാഥാർത്ഥ്യമാക്കിയത്. 2023 ആഗസ്ത് 17 ന് ചന്ദ്രയാൻ 3 ന്റെ വിക്രം ലാന്റർ propulsion module ൽ നിന്ന് വേർപിരിഞ്ഞ് ചന്ദ്രോപരിതലത്തെ ലക്ഷ്യമാക്കി കൊണ്ട് ലാന്റിങ്ങിനായുള്ള പ്രഥമ ഘട്ടത്തിലേക്ക് കടന്നു. അതോടെ 168 km/ second വേഗതയിൽ സഞ്ചരിച്ചു കൊണ്ടിരുന്ന വിക്രം ലാന്ററിന്റെ വേഗത പതിയെ കുറച്ച് 358 mtr/second velocity യിലേക്ക് കൊണ്ട് വന്ന് ഏകദേശം 11 മിനുട്ട് ദൈർഘ്യമുള്ള Rough Breaking phase പൂർത്തിയാക്കി.

രണ്ടാം ഘട്ടമായ Altitude hold phase ൽ വിക്രം ലാൻഡറിന്റെ വേഗത 358 mtr/second ൽ നിന്നും 336 mtr/second ലേക്ക് വീണ്ടും താഴ്ത്തി ലാന്റിങ്ങിനായി കൂടുതൽ സജ്ജമാക്കി. തുടർന്ന് velocity കുറച്ച് കൊണ്ട് യഥാക്രമം Fine Breaking phase, Vertical Decent phase എന്നീ ഘട്ടങ്ങളിലൂടെ ലാന്ററിന്റെ horizontal velocity കുറച്ചു പൂജ്യത്തോട് അടുത്തെത്തിച്ച്, പതിയെ വേഗത കുറച്ച് ചന്ദ്രോപരിതലത്തിൽ നിന്നും കൃത്യമായ ഉയരത്തിലെത്തിച്ച് ലാന്റിങ്ങിന് വേണ്ടി പൂർണ്ണമായും സജ്ജമായി എന്ന് ഉറപ്പ് വരുത്തി. ലാന്റിങ്ങിന് സാധിക്കാത്ത വിധത്തിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടായാൽ ചെയ്യേണ്ട മുൻകരുതലുകളായിരുന്നു ഈ ഘട്ടത്തിന്റെ പ്രധാന ലക്ഷ്യം. ചന്ദ്രയാൻ 2 നെ അപേക്ഷിച്ച് വലിയൊരു ലാന്റിങ്ങ് മേഖല തന്നെ ചന്ദ്രയാൻ 3 ന് വേണ്ടി സജ്ജമാക്കിയിരുന്നു. എന്നിരുന്നാലും യാതൊരു തടസ്സങ്ങളുമില്ലാതെ നിശ്ചയിച്ച അതേ സ്ഥലത്ത് തന്നെ വിക്രം ലാൻഡറിനെ ലാന്റ് ചെയ്യിക്കാൻ ഐ എസ് ആർ ഒ സാങ്കേതിക വിദഗ്ദ്ധർക്ക് കഴിഞ്ഞു. ലാൻഡറിൽ നിന്നും റോവർ പുറത്തിറങ്ങിയതോടെ ദൗത്യം പൂർണ്ണതയിലെത്തി. ചന്ദ്രോപരിതലത്തിൽ സഞ്ചരിച്ച് ചിത്രങ്ങളെടുക്കാനും പരിശോധനകൾ നടത്താനും ഇനി ഇതിന് സാധിക്കും. പണ്ടു കാലത്ത് സമുദ്രാന്തര യാത്രകളിലൂടെ മനുഷ്യർ പുതിയ ഭൂപ്രദേശങ്ങൾ കണ്ടെത്തി കീഴടക്കിയത് പോലെ ഇനിയുള്ള പര്യവേക്ഷണ യാത്രകളെല്ലാം ഒരു പക്ഷെ ഭൂമിക്ക് പുറത്തേക്കായിരിക്കാം. അത് കൊണ്ട് തന്നെ തികച്ചും ദീർഘവീക്ഷണത്തോടെയുള്ള ധീരമായ ഒരു കാൽ വെപ്പാണ് ചന്ദ്രയാൻ-3 വിക്രം ലാൻഡറിലൂടെ ഇന്ത്യ യാഥാർത്ഥ്യമാക്കിയിരിക്കുന്നത് എന്ന് നിസ്സംശയം പറയാം.

ചന്ദ്രയാൻ-3 ന്റെ വിജയകരമായ ലാന്റിങ്ങിനെ ശാസ്ത്ര ലോകം വലിയ ശുഭ പ്രതീക്ഷയോടെയാണ് കാണുന്നത്. ചന്ദ്രയാൻ-1 ദൗത്യത്തിലൂടെയായിരുന്നു ചന്ദ്രനിലെ ജലത്തിന്റെ സാന്നിദ്ധ്യം കൃത്യമായി നിർണ്ണയിച്ചത്. ചന്ദ്രോപരിതലത്തിൽ സൾഫർ സാന്നിദ്ധ്യമുണ്ടെന്നതിന്റെ ആദ്യ സൂചനകൾ ചന്ദ്രയാൻ-3 നൽകി കഴിഞ്ഞു. അലൂമിനിയം, കാൽസ്യം, ക്രോമിയം, ഹീലിയം-3 (trace element) എന്നീ മൂലകങ്ങൾ ചന്ദ്രനിലുണ്ടെന്ന് നേരത്തെ തന്നെ സ്ഥിരീകരിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള വിപുലമായ വിവരങ്ങൾ ശേഖരിക്കാനും, അവ മനുഷ്യ നന്മയ്ക്ക് ഉപയോഗപ്പെടുത്താനുമുള്ള വൻ സാദ്ധ്യതകളാണ് ചന്ദ്രയാൻ-3 ദൗത്യം തുറന്ന് തരുന്നത്.

ഈ ചരിത്ര മുഹൂർത്തത്തിൽ നാം ഏറെ കടപ്പെട്ടിരിക്കുന്നത് പതിറ്റാണ്ടുകളായി ബഹിരാകാശ ഗവേഷണ രംഗത്ത് സ്വയം സമർപ്പിച്ച് കഠിനാദ്ധ്വാനം ചെയ്ത് വരുന്ന നമ്മുടെ ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധരോടും, അതിന് നിർലോപമായ പിന്തുണ നൽകിയ ഭരണാധികാരികളോടുമാണ്. അവരിൽ പ്രധാനിയാണ് ഇന്ത്യയുടെ റോക്കറ്റ് പര്യവേക്ഷണത്തിന് അമൂല്യമായ സംഭാവനകൾ നൽകിയ ഇന്ത്യയുടെ മിസൈൽ വികസന പദ്ധതിയുടെ പിതാവ് (missile man of India) എന്നറിയപ്പെടുന്ന ഡോ: എ.പി. ജെ. അബ്ദുൽ കലാം. അദ്ദേഹത്തിന്റെ വിലപ്പെട്ട സംഭാവനയാണ് ഇന്ത്യയുടെ ആദ്യ Satellite Launching Vehicle ആയ SLV-3, ഇതോടു കൂടിയാണ് ബഹിരാകാശ മേഖലയിൽ ഇന്ത്യയ്ക്ക് വലിയ രീതിയിലുള്ള കുതിച്ചുചാട്ടമുണ്ടായത്. രാജ്യം സ്വാതന്ത്ര്യം നേടി ഒട്ടും വൈകാതെ തന്നെ 1950 ൽ ഇന്ത്യാ ഗവൺമെന്റ് ബഹിരാകാശ പദ്ധതികൾക്ക് അംഗീകാരം നൽകുകയും, അതിന്റെ രൂപരേഖ തയ്യാറാക്കാൻ വിഖ്യാത ശാസ്ത്ര പ്രതിഭ ഡോ: ഹോമി ജെ. ഭാഭയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. അന്ന് മുതൽ തന്നെ ബഹിരാകാശ പദ്ധതികൾക്കെതിരെയുള്ള വിമർശനങ്ങളും ഉയർന്നു തുടങ്ങിയിരുന്നു. ബഹിരാകാശ പര്യവേക്ഷണങ്ങളുടെ അനന്ത സാദ്ധ്യതകൾ തിരിച്ചറിഞ്ഞ നമ്മുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ പ്രചോദനത്തിൽ ഡോ : ഹോമി ജെ ഭാഭയുടെയും, വിക്രം സാരാഭായിയുടെയും നേതൃത്വത്തിൽ ബഹിരാ

കാശ ഗവേഷണം സജീവമാവുകയും പിന്നീട് 1969 ഓഗസ്റ്റ് 15 ന് ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന ( ഐ എസ് ആർ ഒ) രൂപം കൊള്ളുകയും ചെയ്തു. ആഹാരത്തിന് വകയില്ലാത്ത രാജ്യത്ത് ശാസ്ത്ര പരീക്ഷണത്തിന് ധനം ധൂർത്തടിക്കുന്നു എന്നായിരുന്നു നെഹ്റുവിനെ തിരെയുള്ള അന്നത്തെ പ്രതിപക്ഷ കക്ഷികളുടെ രൂക്ഷ വിമർശനങ്ങൾ. 'ഭാരതത്തിൽ പിറക്കാൻ പോകുന്ന യുവ തലമുറയ്ക്ക് വേണ്ടിയുള്ള നീക്കിയിരിപ്പാണ് രാജ്യത്തിന്റെ ബഹിരാകാശ പദ്ധതികൾ' എന്നായിരുന്നു നെഹ്റുവിന്റെ മറുപടി. ഏതായാലും നമ്മുടെ പൂർവ്വികരായ ഭരണാധികാരികളുടെയും ശാസ്ത്ര സാങ്കേതിക വിദഗ്ധരുടെയുമൊക്കെ നേതൃത്വത്തിൽ നാന്ദി കുറിച്ച നമ്മുടെ സ്വപ്ന പദ്ധതികൾ അതിന്റെ ആത്യന്തിക ലക്ഷ്യത്തിലേക്ക് കുതിച്ചു കൊണ്ടിരിക്കുന്ന ഈ ശുഭ മുഹൂർത്തത്തിൽ പതിറ്റാണ്ടുകളായി ഈ സ്വപ്ന സാക്ഷാത്കാരത്തിനായി ധൈഷണികമായും സാങ്കേതികമായും കഠിനാദ്ധ്വാനം ചെയ്ത് കൊണ്ടിരിക്കുന്ന ഇതിന്റെ അണിയറ ശില്പികളെ നമുക്ക് അഭിവാദ്യം ചെയ്യാം. ഇത് പുതിയൊരു ചാന്ദ്രയുഗത്തിന്റെ അരങ്ങേറ്റമാവട്ടെ എന്ന് പ്രത്യാശിക്കാം.

# ആത്മാവിനൊരു ഗീതം



ശ്രീഹരി ആർ. മേനോൻ
S/o. ചന്ദ്രിക ബാലചന്ദ്രൻ

നിളാനദിയുടെ മടിത്തട്ടിൽ
വിടരും ഒരു കാവ്യം
ശോകാർദ്രമീ നിമിഷമതിൽ
കടലും കരയുന്നു (2)

എൻ മനോമുകുരം മീട്ടും ഒരു രാഗം
ശുഭപന്തുവരാളി ആകുന്നു
ശുഭപന്തുവരാളിയാകുന്നു (നിളാനദി)

കരയിൽ എരിയും ചിതകൾതൻ
കനലോ നിറയും എൻ ഉള്ളിൽ
പ്രിയരുടെ നഷ്ടങ്ങൾ ഒഴിയാതെ
തുടരുകയായി വേർപാട്
കണ്ണീർമഴയത്ത് ഒഴിയാതെ (നിളാനദി)

ഉരുകും ഹൃദയത്തിൻ നോവറിയാൻ
ആരുമേ ശ്രമിക്കില്ല
ചിലരോ ഉള്ളിൽ കരഞ്ഞിടാം
പുറമെ അതിനെ കാട്ടില്ല

മറ്റുചിലർക്കോ വിഷമം കണ്ടേക്കാം
പക്ഷേ അവർക്ക് കൂസലില്ല
എന്നുവെച്ചു അവർ ദുഃഖിതരല്ല
എന്നുമേ ആരും നിനക്കേണ്ട
അവരെ പഴിക്കേണ്ട (നിളാനദി)





# മാറുന്ന വസ്ത്രധാരണവും മാറ്റാത്ത ചിന്തകളും



ദേവി ശരണ്യ.വി
D/o. രാധി.കെ.എസ്

ഏതാനും ദിനങ്ങൾക്കു മുൻപ് നാം വിദേശ ശക്തികളിൽ നിന്നും മുക്തമായതിന്റെ 77-ാം വർഷം ആഘോഷിക്കുകയുണ്ടായി. വളരെ വിപുലമായിത്തന്നെ രാജ്യത്തെ പല ഭാഗത്തും സ്വാതന്ത്ര്യദിനാഘോഷങ്ങൾ അത്യധികം സന്തോഷത്തോടെ ഒരു പോലെ ആഘോഷിക്കാൻ പറ്റുന്നുണ്ടോയെന്നത് രണ്ടു വട്ടം ചിന്തിക്കേണ്ടിയിരിക്കുന്നു.

ഞാൻ ഇനി പറയാൻ പോകുന്ന കാര്യങ്ങൾ ചിലപ്പോൾ ചില സദാചാര സമൂഹത്തിന് സഹിക്കാൻ കഴിഞ്ഞെന്നുവരില്ല. എന്നാലും പറയാതിരിക്കാൻ വയ്യ.

സാമൂഹികപരമായി പല കാര്യങ്ങളിൽ മാറ്റം വന്നിട്ടുണ്ടെങ്കിലും ഇന്നും 'സ്ത്രീസുരക്ഷ' അതിന്റെ താഴെത്തട്ടിൽ തന്നെ ഒതുങ്ങി നിൽക്കുന്നു.

കേരള പോലീസ് പുറത്തുവിട്ട കണക്കുപ്രകാരം 2022 ൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം 18943 ആണ്. 2023 ൽ 9735. എന്നാൽ കുട്ടികൾക്കെതിരെയുള്ള അതിക്രമം 2023 ൽ 2479 ആണ്.

ദിനംപ്രതി ഇത്തരം സാഹചര്യം പെരുകുമ്പോഴും ഇതിനെതിരെ ശബ്ദമുയർത്തുന്നതിനുപകരം ജാമ്യത്തിലിറങ്ങുന്ന മൃഗതുല്യരെ മാലയിട്ടു സ്വീകരിക്കുകയും കുറ്റം എന്നാൽ ഇരയുടെ വസ്ത്രധാരണത്തിലും ഒതുക്കി അഭിമാനം കൊണ്ട നാടാണ് നമ്മുടെ കേരളം.

ഒരു പെൺകുട്ടി റേപ്പിന് ഇരയാകുന്നതിനെ അവളുടെ കുറ്റമായി ന്യായീകരിക്കാൻ പല കണ്ടെത്തലുകൾ സമൂഹം നടത്തിയിട്ടുണ്ടെങ്കിലും ഇന്നും പ്രസക്തമായി നിൽക്കുന്നത് അവരുടെ വസ്ത്രധാരണം തന്നെയാണ്. പെൺകുട്ടികൾ മാന്യമായി വസ്ത്രം ധരിക്കാത്തതാണ് ഇത്തരം കൃത്യങ്ങൾക്ക് പ്രചോദനം നൽകുന്നതെന്ന് പറയുന്നവർക്കുള്ള മറുപടിയായിക്കൊള്ളട്ടെ ഈ കുത്തിക്കുറിക്കലുകൾ.

ആദ്യമേ തന്നെ പറഞ്ഞുകൊള്ളട്ടെ, ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം, അവരുടെ ആത്മവിശ്വാസത്തിന്റെ പ്രതീകമാണ് വസ്ത്രം. സൗന്ദര്യമെന്നത് കാണുന്നവന്റെ കണ്ണിലെന്ന പോലെയാണ് ഒരു മനുഷ്യനെ ലൈംഗികച്ചുവയോടെ വീക്ഷിക്കുന്നതും, ആക്രമിക്കുന്നതും അങ്ങനെ പ്രവത്തിക്കുന്നവരുടെ അഥവാ Rapist ന്റെ ചിന്താഗതിയുടെ പ്രശ്നമാണ്.

പെണ്ണിന് ഭംഗി സാരിയും ചുരിദാറും മാത്രമാണെന്നും അത് കാമക്കണ്ണുകളിൽ നിന്നും രക്ഷിക്കുമെന്നും ''കേരളീയരായ നമുക്ക് ഒരു സംസ്ക്കാരമുണ്ട്, അതനുസരിച്ചേ നടക്കാവൂ'' എന്നും പറയുന്ന കുലസ്ത്രീ ജന

തയോട് എനിക്ക് ഒന്നേ പറയാനുള്ളൂ. 'വസ്ത്രം' കാലഘട്ടത്തിനനുസരിച്ച് മാറി വരുന്ന ഒന്നാണ്. മനുഷ്യന്റെ പരിണാമങ്ങൾക്കൊപ്പം വിവിധ രീതിയിൽ അവർക്ക് ലഭ്യമായ വസ്തുക്കൾ കൊണ്ട് മാനം മറച്ചിരുന്നു. അതിൽ നിന്നും പരിണാമം കൈകൊണ്ട ഒന്നു മാത്രമാണ് 'സാരി' എന്ന വസ്ത്രം. അത് കേരളത്തിൽ പ്രചാരമാവുന്നത് 1800 കളിലെ അവസാന കാലഘട്ടത്തിലാണ്. അന്ന് ഭരിച്ചിരുന്ന ആയില്യം തിരുനാളിന്റെ പത്നിയായ കല്യാണിക്കുട്ടിയമ്മയാണ് കേരള സാരിയണിഞ്ഞ ആദ്യ വനിതയെന്ന് പറയപ്പെടുന്നു. മഹാരാജാവായ ബാലവർമയും മന്ത്രിയായ ഉമ്മിണി തമ്പിയുമാണ് കേരളത്തിലേക്ക് സാരിയെന്ന വസ്ത്രം അവതരിപ്പിച്ചത്. ഇവയ്ക്കൊക്കെ മുൻപ് വരെ പല ജാതിയിലെ സ്ത്രീകൾക്കും മാറു മറയ്ക്കാൻ വരെ കരം കൊടുക്കേണ്ടി വന്ന നാടായിരുന്നു നമ്മുടെ കേരളം.

അതിനാൽ കേരള സംസ്ക്കാരത്തിനു ചേർന്നതാണ് സാരിയെന്നതുകൊണ്ടും ശരീരഭാഗം മുഴുവനായി മറയ്ക്കുന്നത് കൊണ്ട് ചുരിദാർ എന്ന വേഷം എന്നതുകൊണ്ടും, ഇവയാണ് ഏറ്റവും മികച്ചവയെന്ന് പട്ടം ചാർത്തേണ്ട കാര്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

ജാതിവ്യവസ്ഥയിൽ ഉടലെടുത്ത താഴ്ന്ന ജാതിപ്പെണ്ണുങ്ങൾക്ക് മുല മറയ്ക്കാൻ ഉള്ള അവകാശം നിഷേധിച്ച് കാമക്കണ്ണുകളിൽ വീക്ഷിച്ച് സംതൃപ്തിയടഞ്ഞ ആ കറുത്ത കാലഘട്ടത്തിനെയാണ് നിങ്ങൾ നല്ല സംസ്ക്കാരമുണ്ടായിരുന്ന കാലഘട്ടം എന്ന് അഭിമാനപുളകിതരായി പറയുന്നതെങ്കിൽ, അത് തികച്ചും ശുദ്ധ മണ്ടത്തരമാണ്. നന്നായി വസ്ത്രം ധരിച്ചുവെന്ന് പറയപ്പെടുന്ന കാലഘട്ടങ്ങളിൽ നടന്നത് വെറും അധഃപതിച്ച പ്രവർത്തികളായിരുന്നുവെന്നത് ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. പെൺക്കുഞ്ഞുങ്ങൾക്കെതിരെയുള്ള അതിക്രമം നിത്യസംഭവം തന്നെയായിരുന്നു അന്നും. അത് മാധ്യമങ്ങളുടെ അഭാവത്തിൽ ലോകം അറിഞ്ഞില്ലായെന്നതേയുള്ളൂ വ്യത്യാസം.

കുലസ്ത്രീകളോടും തറവാടികളായ പുരുഷന്മാരോടും ഒരു ചോദ്യം. ലൈംഗിക അക്രമങ്ങളുടെ അടിസ്ഥാനം വസ്ത്രധാരണമാണെങ്കിൽ, എന്തുകൊണ്ട്, മാസങ്ങൾ പോലും പ്രായമുള്ള കുഞ്ഞുങ്ങൾ ക്രൂരതകൾക്കിരയാവുന്നു. ആർക്കും വാത്സല്യ ത്തോടെ മാത്രം നോക്കാൻ തോന്നുന്ന അവർ എന്ത് ലൈംഗിക ആകർഷണമാണ് മറ്റൊരാളിൽ ചെലുത്തുന്നത് ? Belgium ലെ Brussesls ൽ നടന്ന 'Is it my fault ?' എന്ന ലൈംഗിക അക്രമങ്ങൾക്ക് ഇരയായവരുടെ വസ്ത്രം പ്രദർശിപ്പിച്ച വേദിയിൽ Track suit -ും പൈജാമയും മുതൽ പിഞ്ചുകുഞ്ഞുങ്ങളുടെ വസ്ത്രങ്ങൾ പോലും ഉണ്ടായിരുന്നു.

ഇതിൽ നിന്നും ഒരു കാര്യം തീർച്ചപ്പെടുത്താതെ വയ്യ. വസ്ത്രധാരണം അല്ല ലൈംഗിക അതിക്രമങ്ങളുടെ കാരണഹേതു. പിന്നെയെന്തായിരിക്കാം ? എന്തെങ്കിലും ഒരു കാരണം കാണും. അതെ ഉണ്ടായേ പറ്റൂ.

Rape എന്ന പ്രവർത്തിയിലേക്ക് പല കാരണങ്ങളാൽ നയിക്കപ്പെടാം. Sexual frustration emotions നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥ, Male dominance attitude അഥവാ പുരുഷ മേധാവിത്വ മനോഭാവം, വ്യക്തിപരമായ വൈരാഗ്യം, ലഹരിയുപയോഗം അങ്ങനെ പല സാഹചര്യങ്ങൾ ഉണ്ടാകാം. അത് ഫിസിയോളജിക്കലോ അല്ലെങ്കിൽ സൈക്കോളജിക്കൽ കാരണങ്ങളോ ആവാം.

മറ്റുള്ളവരിൽ മാത്രമല്ല, സ്വന്തം ജീവിത പങ്കാളികൾ പോലും Rape അനുഭവിക്കുന്നുണ്ട്. ഒരു വ്യക്തിയുടെ സമ്മതമില്ലാതെ, ലിംഗഭേദമെന്യേ ലൈംഗിക അതിക്രമങ്ങൾ നേരിടേണ്ടി വരുന്ന സാഹചര്യത്തിനെ Rape ആയി കണക്കാക്കാം.

ഇത്തരത്തിൽ ലൈംഗിക ദാരിദ്ര്യത്തിന്റെ കാരണം Sex education (ലൈംഗിക വിദ്യാഭ്യാസം) ന്റെ അഭാവമാണ്. മറ്റൊരാളുടെ ശരീരം ആരുടെയും അവകാശ പരിധിയിൽ ഉള്ളവയല്ല എന്നുള്ള അവബോധം ഉണ്ടാകണം. എന്താണെന്നോ അതിന്റെ ഭീകരതയുടെ അളവ് എത്രയാണെന്നോ പോലും അറിയാത്ത നമ്മുടെ മക്കളെ നിഷ്കളങ്കരാക്കി വളർത്താതെ, Good Touch & Bad Touch തിരിച്ചറിയാൻ പ്രാപ്തരാക്കുകയും എന്തും തുറന്നു പറയാൻ കഴിയുന്ന നല്ല സുഹൃത്തുക്കളായി മാതാപിതാക്കൾ മാറുകയും ചെയ്യണം.

ശക്തമായ നിയമവ്യവസ്ഥയും ഭരണഘടനയുമുണ്ടായിട്ടും സ്ത്രീസുരക്ഷയുടെ വീഴ്ചയും കുട്ടികക്കെതിരെയുള്ള അതിക്രമങ്ങളും പെരുകുന്നു. അതിനുകാരണം നമ്മുടെ തെറ്റായ മനോഭാവമാണ്. ഈ മനോഭാവത്തിന് കാരണമായ ചിന്തകൾക്ക് മാറ്റം വരുന്നില്ലായെങ്കിൽ അവസാനം കാലഘട്ടത്തിനനുസൃതമായി നിയമവ്യവസ്ഥകളും നീതിപീഠവും മാറേണ്ടിയിരിക്കുന്നു.

ആദ്യം ചോദിച്ച ചോദ്യം ഞാൻ ഒന്നു കൂടെ ചോദിക്കട്ടെ,

നമ്മൾ സ്വതന്ത്രരാണോ ? ■



# കാകദൃഷ്ടി

ഓണവിശേഷങ്ങൾ കണ്ടു പറന്ന കിളിക്ക് എങ്ങും കാണാനായത് വിലക്കയറ്റത്താൽ നട്ടം തിരിയുന്ന കേരള ജനത്തെയാണ്. ഇതെല്ലാം കണ്ട് തുളസിക്കുന്നിലെ ആൽമരക്കൊമ്പിൽ വന്നിരുന്ന കിളിയുടെ ഉള്ളു പിടഞ്ഞു. എങ്ങും ടാർജറ്റുകളും അന്തമില്ലാത്ത ഡ്യൂട്ടികളും മാത്രം. ദിവസവും ഓൺലൈൻ ഉൾപ്പെടെ 10 വരെ പരീക്ഷകൾ. സ്കൂൾ സമയത്തിന് മുമ്പുള്ള പരീക്ഷകൾക്കായി രാവിലെ 5 മണിക്ക് മുമ്പ് എത്തേണ്ടതിനാൽ പലരും തലേ ദിവസം തന്നെ ഓഫീസിൽ തങ്ങേണ്ട അവസ്ഥ ഇത് പൂർത്തിയാക്കി നേരത്തെ വീട്ടിൽ പോകാമെന്നു വച്ചാൽ വെരിഫിക്കേഷൻ ഉൾപ്പെടെ മറ്റു ജോലികൾ തീർക്കുമ്പോഴേക്കും അടുത്ത രാത്രി ആയിട്ടുണ്ടാകും. നോട്ടിഫിക്കേഷനുകൾ തകൃതിയായി ഇറങ്ങുന്നു. പാതിരാവായാലും പണിതീരാതെ വീട്ടിൽ വിടില്ലത്രേ! എന്നിട്ടും ദീർഘവീക്ഷണത്തിന്റെ ദൃഷ്ടാന്തമായി നൂറിലേറെ പേരെ അഡ്വൈസ് ചെയ്തിട്ടും 10 OA മാരെപ്പോലും തികച്ചു കിട്ടിയില്ലപോലും. പാഴ് അഡ്വൈസുകളുടെ പെരുമഴക്കാലം. ജോലി ചെയ്ത് നടുവൊടിയാൻ ജീവനക്കിളികളുടെ നരകജന്മം ബാക്കി !

'ആപ്പ്' ആണ് പോലും ഇവിടുത്തെ അദൃശ്യ അധികാരി. ഒരു പരീക്ഷാത്തലേന്ന് ഏത് ഉത്തരവിന്റെ പിൻബലത്തിലെന്നറിയില്ല, ആസ്ഥാന ആപ്പ് അഡ്മിൻവക പുത്തൻ ആപ്പിന്റെ ഓൺലൈൻ കോച്ചിങ്ങ് അരങ്ങേറിയതും ആപ്പിനായി പാവങ്ങൾ പരക്കം പാഞ്ഞതും കിളികൾക്ക് കൗതുക കാഴ്ചയായി. ആപ്പുപയോഗിച്ച് റിപ്പോർട്ടിംഗ് നടത്തിയ പലരും ആപ്പിലായതായാണ് കേൾവി. പക്ഷേ ആപ്പിനെക്കുറിച്ച് ഒരക്ഷരം മിണ്ടരുതത്രേ! അതുകൊണ്ടാണല്ലോ ഡിപ്പാർട്ടുമെന്റൽ പരീക്ഷ മലയാളത്തിൽ എഴുതിയ ആയിരങ്ങളെ അദൃശ്യരാക്കിയിട്ടും പത്രങ്ങളായ പത്രങ്ങളിലെല്ലാം പി.എസ്.സി. ക്ക് അവമതിപ്പുണ്ടാക്കുന്ന വാർത്തകൾ വന്നിട്ടും കാരണക്കാരനായ ആപ്പ് വിദഗ്ദ്ധനെ ഇപ്പോഴും കേമനായി വാഴിക്കുന്നത്.

പി.എസ്.സി യിലെ ഓണാഘോഷങ്ങൾ കണ്ടപ്പോൾ കഴിഞ്ഞ വർഷം ഓണത്തിന് സർക്കാർ ജീവനക്കാർ ഓഫീസ് സമയത്ത് ഓണാഘോഷം നടത്തരുതെന്ന് മുഖ്യൻ കിളി പറഞ്ഞ കാര്യം ഓർത്ത കിളിയുടെ കിളി പോയി. നിയമനാധികാരിയുടെ മുറിയിൽ ഒരാഴ്ചയായി ഒരു യമണ്ടൻ പൂക്കളം മാത്രം! അധികാരി ഇരുന്നാലും പൂ കിടന്നാലും ഒരേ ഫലമെന്നാണ് ജീവനക്കിളികൾ അടക്കം പറയുന്നത്. വാട്സ്ആപ്പ് ഭരണത്തിന്റെ കാലമാണല്ലോ. ബ്ലാങ്ക് മസ്തിഷ്കമുള്ളവരെ തിരഞ്ഞു പിടിച്ചാണത്രേ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ നിയോഗിക്കുന്നത്. വാട്സ് ആപ്പിൽ നേതാക്കളിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ അതേപടി ഫയലിൽ പകർത്തിയാൽ മാത്രം മതി. തലച്ചോറിന്റെ ആവശ്യമേ വരുന്നില്ലത്രേ! ഈ ആർട്ടിഫിഷ്യൻ ഇന്റലിജൻസിന്റെ ഒക്കെ വളർച്ചയേ, അതിശയം തന്നെ.

ഒന്നു മയങ്ങിപ്പോയ കിളി ഉണർന്നത്

ചുവപ്പൻകിളികളുടെ ഓഫീസിൽ നിന്നുള്ള സതീർത്ഥ്യോ... സതീർത്ഥ്യാ... എന്നുള്ള ദീന രോദനം പോലെയുള്ള വിളി കേട്ടിട്ടാണ്. ഇത് ഏതോ സിനിമയിലെ ഡയലോഗ് അല്ലേ. കിളി അമ്പരന്നു. നഷ്ടപ്പെട്ട ലീവ് പ്രമോഷൻ ആനു കൂല്യം പുനഃസ്ഥാപിച്ചു കിട്ടാനായി തന്റെ സതീർത്ഥ്യന്റെ തിണ്ണ നിരങ്ങി ഊപ്പാടു വന്ന ഒരു പാവം സതീർത്ഥ്യൻ ഉച്ചമയക്കത്തിനിടെ അറിയാതെ വിളിച്ചു പോയതാണ്. ക്ഷമിക്കണം. എന്തായാലും സതീർത്ഥ്യൻ കൈവിട്ടില്ല. ലീവ് പ്രമോഷൻ പുനഃസ്ഥാപിച്ചില്ലെങ്കിലും പരീ ക്ഷാജോലികൾക്ക് റ്റിഎ ഇല്ലെങ്കിലും 6 ഗഡു ഡിഎയിൽ ഒന്നുപോലും തന്നില്ലെങ്കിലും ഉള്ള തെല്ലാം കവർന്നെടുത്തെങ്കിലും മഹാദയാലു സതീർത്ഥ്യനു കുഴപ്പം വരാത്ത രീതിയിൽ പ്രമോഷൻ തടയൽ ക്രമീകരിച്ച് ഉത്തരവിറക്കി നൽകി, മഹാകാര്യം തന്നെ. പി.എസ്.സി കിളി കൾക്ക് ആനന്ദലബ്ധിക്കിനിയെന്തു വേണം? പോരെങ്കിൽ ഈ മഹാകാര്യങ്ങളെല്ലാം യൂണി യൻ ആവശ്യപ്പെട്ടതുകൊണ്ടു മാത്രമാണ് സാധി ച്ചത് എന്ന് സർക്കാർ ഉത്തരവിൽ ചേർക്കാനും ഏർപ്പാടാക്കിയത്രേ!

ഇവിടെ ചില മാറ്റങ്ങളൊക്കെ വന്നു എന്നു കരുതിയവർക്ക് തെറ്റി. എല്ലാം പഴയ കുമ്പിടി മയം തന്നെ. എല്ലാം ഡബിളാണ് 'ഡബിൾ'. എല്ലാ കാര്യത്തിലും ഇരട്ട നീതി ഒരു കൂട്ടർക്ക് സദ്യക്ക് ഹാളനുവദിച്ചപ്പോൾ മറുകൂട്ടരുടെ കാര്യ ത്തിൽ ഓണം കഴിഞ്ഞ് 'കൊടുക്കുന്നതിൽ നല്ലതാണല്ലോ കൊടുക്കാതിരിക്കുന്നതാണല്ലോ കൊടുക്കുന്നെങ്കിൽ കൊടുക്കാതിരിക്കാമല്ലോ' എന്ന സുവ്യക്തമായ ഉത്തരവ്. ചട്ടലംഘനങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ വലിച്ചുനീട്ടി ഒടുവിൽ നൈസായി ഹാർമണൈസ് ചെയ്ത് രമ്യമായ പരി ഹാരം ഉജ്ജ്വലം, ഉദാത്തം.

സമ്മേളനത്തിൽ ത്രിവർണ്ണക്കാർ എവിടെ കൊടികെട്ടിയാലും പ്രോട്ടോക്കോൾ ലംഘനം ആവുന്നവർക്ക് ചുവപ്പന്മാർക്ക് എന്തുമാകാ മെന്ന മട്ട്. ഓഫീസ് സമയത്ത് കൃത്യം 10.30 മുതൽ കൊടികുത്തുന്നതിൽ ഒരനൗചിത്യവു മില്ലത്രേ; മാത്രമല്ല കുഴി കമ്മീഷൻ വക ദിവസ വേതനക്കാരൻ ലൈവായി എടുത്തു നൽകും. കമ്മീഷൻ യോഗം നടന്നുകൊണ്ടിരിക്കുന്ന സമയം തന്നെ മൈക്കു കെട്ടി പ്രസംഗിച്ചാലും കൊടിയുയർത്തി മുദ്രാവാക്യം മുഴക്കിയാലും അത് കാതിനിമ്പം, കണ്ണിന് വിരുന്ന്. അപ്പുറത്ത് കമ്മീഷൻ യോഗം ഇപ്പുറത്ത് ഗീർവാണ പ്രസം ഗം. ഓഫീസിലെത്തുന്ന പൊതുജനങ്ങൾക്കും ഉദ്യോഗാർത്ഥികൾക്കും മാർഗ്ഗദീപമായ ഉദാ ത്തമായ തൊഴിൽസംസ്കാരം. 'സേവന നിര തം' എന്നതുകൊണ്ട് കവിയുദ്ദേശിച്ചത് എന്താ ണെന്ന് കിളിക്കിപ്പോഴാണ് പിടികിട്ടിയത്.



ദിവസം മുഴുവൻ ഫ്ളക്സ് വയ്ക്കലും കൊടി കുത്തലുമൊക്കെയായി ഉദ്യോഗസ്ഥർ നടക്കു മ്പോൾ ഇവരൊക്കെ സീറ്റിലുണ്ടാവണമെന്ന് ഒരു നിർബന്ധവുമില്ലാതെ ആപ്പീസർമാർക്ക് (ആപ്പീസർമാർക്ക് സംഘടനാഭേദമില്ല, കേട്ടോ) ത്രിവർണ്ണക്കാർ ഒരു ചായ കുടിക്കാനോ പരീ ക്ഷാഡ്യൂട്ടിക്ക് ഓപ്ഷൻ കൊടുക്കാനോ പത്ത് മിനിറ്റ് നേരം സീറ്റ് വിട്ടാൽ ശകാരവർഷം ചൊരിയാൻ തോന്നുന്നത് ഒരു രോഗമാണോ ഡോക്ടർ ? അവധിദിന പരീക്ഷയ്ക്ക് റിസർവ്വ് ഡ്യൂട്ടി ഇട്ട് കൊടികെട്ടി നേതാക്കളെ സുഖിപ്പിച്ച എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം കാര്യസ്ഥന്മാരാണ് പൊളി. കൊടിയും കെട്ടി, ലീവും കിട്ടി. ആത്മ സമർപ്പണം അപാരം തന്നെ.

കലാസമിതികളുടെ ഓണാഘോഷങ്ങൾ കിളിക്ക് കൗതുകമായി. വിളിപ്പാടകലെ ഹുജൂർ കച്ചേരിയിലും ജീവനക്കാരുടെ വിവിധ സാംസ്കാ രിക സംഘടനകൾ വക ഓണാഘോഷ പരിപാടി കൾ ഉണ്ടെങ്കിലും ഇവിടെ ഒരു കൂട്ടർക്ക് തങ്ങൾ മാത്രം മതിയെന്ന ശാഠ്യമെന്തിനെന്ന് ഒരു പിടി യും കിട്ടുന്നില്ല. 'ഒരു രാജ്യം, ഒരു തിരഞ്ഞെ ടുപ്പ്' എന്നൊക്കെ ചില പുത്തൻകൂറ്റുകാർ ഓരിയിടുന്ന പോലെ തുളസിക്കുന്നിലെ ഏക സാംസ്കാരിക സംഘടനയെന്ന് മേനി പറയു ന്നവരോട് ഒന്നേ പറയാനുള്ളൂ, അധികം ഡെക്കറേഷൻ ഒന്നും വേണ്ട, അംഗീകാരമുള്ള ജീവനക്കാരുടെ കലാസമിതികളിൽ ഒരെണ്ണം എന്നു മാത്രം, അത്ര മാത്രം കരുതിയാൽ മതി രണ്ടാമതൊരു കലാസമിതി രൂപീകരിക്കേണ്ടി വന്നതിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് ചിന്തിച്ചാൽ നന്ന്. ഇതൊന്നുമല്ല കിളിക്ക്

ഉൾക്കൊള്ളാനാവാത്തത്. നിഷ്പക്ഷവും നീതി പൂർവമായി പ്രവർത്തിക്കുമെന്ന് വലിയ വായിൽ സത്യപ്രതിജ്ഞ ചെയ്തവർക്ക് ജീവനക്കാരെ ഒരുപോലെ കാണാൻ കഴിയാത്തത് ഏത് രാഷ്ട്രീയ ദാസ്യത്വം കൊണ്ടായാലും അവരുടെ സ്ഥാനത്തിന് നിരക്കാത്തതെന്ന് പറയാതെ തരമില്ല. സ്വന്തം പക്ഷവും മറുപക്ഷവുമെന്നൊക്കെ ചിന്തിക്കാൻ കഴിവുള്ള 'ധന്യജന്മങ്ങൾ' ഈ സ്ഥാപനത്തിന്റെ മഹത്തായ പാരമ്പര്യത്തിന് തീരാകളങ്കമാണ്.

അവകാശസമര പോരാട്ടങ്ങളുടെ ഹോൾസെയിൽ മുതലാളിത്തം അവകാശപ്പെടുന്നവർ ഇടതുഭരണം തുടരുമ്പോൾ പി.എസ്.സി ജീവനക്കാർ എത്തി നിൽക്കുന്ന അധഃപതനത്തിന്റെ ആഴം അറിയുന്നുണ്ടോ ആവോ? അന്തസ്സോടെ, അർഹമായ ആനുകൂല്യങ്ങളോടെ ജോലി ചെയ്തിരുന്ന മുൻതലമുറക്കാരെയോർത്ത് കിളിക്ക് അസൂയ തോന്നുന്നു. മുമ്പൊരിക്കൽ ജീവനക്കാർ ഓഫീസിലെത്തിയശേഷം ഗേറ്റ് അടച്ചിടാൻ തീരുമാനിച്ചപ്പോൾ മലർക്കെ തുറന്ന് കെട്ടിവച്ച് സ്വാതന്ത്ര്യം പ്രഖ്യാപിച്ചവർ ഇപ്പോൾ ദിവസേന രണ്ട് നേരവും ഭയഭക്തി ബഹുമാനത്തോടെ പഞ്ചിംഗ് യന്തിരനെ വണങ്ങുന്ന കാഴ്ച കണ്ണുകൾക്ക് കുളിരേകുന്നു. എസ്റ്റാബ്ലിഷ്മെന്റ് ഭരണം മുതലാക്കി ഓഫീസ് വാഹനത്തിൽ സെക്രട്ടറിയേറ്റ് ധർണ്ണക്കും പ്രകടനങ്ങൾക്കുമൊക്കെ അണികളെ ട്രിപ്പടിച്ചവരുടെയൊക്കെ പോരാട്ടവീര്യം ഇപ്പോൾ ദീർഘകാല അവധിയിലാണത്രേ. 'ഭീമമായ ശമ്പളം' ലഭിക്കുന്നതുകൊണ്ട് റ്റിഎ ഒക്കെ ആർക്ക് വേണം, പിന്നെ ലീവ് സറണ്ടർ ഒരു മോശം ഏർപ്പാടാണല്ലോ ? ഇനി ഇതിലെന്തെങ്കിലും വേണമെന്നു തോന്നിയാൽ തന്നെ കഴിക്കാനുള്ള കാപ്സ്യൂൾ സുലഭവും, ചുവപ്പൻകൂട്ടത്തിന്റെ കാര്യം പോട്ടെ, സ്വന്തം മൈലേജ് അലവൻസ് സ്വയം മൂന്നിരട്ടിയാക്കി വർദ്ധിപ്പിക്കാൻ ആർജ്ജവം കാട്ടിയിട്ടുള്ള മേലാൾ സംഘം ജീവനക്കിളികൾ സ്വന്തം കീശയിൽ നിന്ന് കാശുമുടക്കി പരീക്ഷാ ഡ്യൂട്ടികൾക്ക് പൊയ്ക്കോട്ടെയെന്ന് കരുതുന്നതും കീഴ്വഴക്കം ലംഘിച്ചുള്ള സർക്കാരിന്റെ ലീവ് പ്രമോഷൻ നിഷേധം ചോദ്യം ചെയ്യാതിരിക്കുന്നതും കാണുമ്പോൾ കിളിക്ക് ന്യായമായ ഒരു സംശയം. ഇവിടത്തെ ജീവനക്കാരുടെ കാര്യത്തിൽ മേലാൾ സംഘത്തിന് ഒരുത്തരവാദിത്തവുമില്ലേ ? ഗണപതി മിത്താണെന്ന് ഏതാണ്ട് അതേരൂപമുള്ള ഒരു മുത്ത് പറഞ്ഞതിന്റെ പുകിൽ ഇത് വരെ തീർന്നിട്ടില്ല. അപ്പോഴാണ് 'മണിമുത്തിന്റെ' വരവ്. ഡി.എ ഒരു സങ്കൽപ്പം മാത്രമാണത്രേ ! ആ സങ്കല്പത്തെ അടുത്ത ശമ്പള പരിഷ്കരണത്തിൽ സാങ്കല്പികമായി ബേസിക്കിനൊപ്പം ലയിപ്പിച്ച് ആ പരിഷ്കരണവും 19 ലേത് പോലെ ധന്യമാക്കുമെന്ന ഇടിത്തീപോലത്തെ ഉറപ്പും നൽകി കഴിഞ്ഞു.

പി.എസ്.സി നിയമനം വാഗ്ദാനം ചെയ്തുള്ള തട്ടിപ്പുകളുടെ കഥകൾ ഇപ്പോൾ നിരന്തരം വന്നു കൊണ്ടിരിക്കുന്നു. ഈയിടെ ആകട്ടെ പിൻവാതിൽ നിയമനം എന്ന പേരിൽ തന്നെ കോടികളുടെ പണപ്പിരിവ് നടന്നതായ വാർത്ത കണ്ടു. അടുത്തകാലത്ത് പി.എസ്.സി യിൽ നടന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള താത്കാലിക നിയമനങ്ങൾ ഇത്തരം സംഘങ്ങളുടെ അവകാശവാദങ്ങൾക്ക് വിശ്വാസ്യത കൂട്ടുമെന്ന കാര്യത്തിൽ സംശയമില്ല ഭ്രാന്തൻ പരിഷ്കാരങ്ങളുടെ ഭാഗമായി OA, അസിസ്റ്റന്റ് ലിസ്റ്റ് നിലവിലില്ലാതെ ഒരു വർഷത്തോളം കാലയളവ് ഉണ്ടായി. ഇക്കാലത്ത് ഒരേ ആൾ 6 മാസം OA ആയും 6 മാസം അസിസ്റ്റന്റായും പി.എസ്.സി യിൽ എത്തിയത് ആരുടെ ശുപാർശ പ്രകാരമാണെന്ന് ഇവിടെ ഏത് കിളിക്കുമറിയാം. എപ്പോൾ ഏത് തസ്തികയ്ക്കായി ചോദിച്ചാലും ഒരേ ലിസ്റ്റാണോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിക്കുന്നത് എന്നത് ന്യായമായ ഒരു സംശയമല്ലേ ?

ഇല്ലായില്ല വിരമിക്കുന്നില്ല, ജോലി തുടരുന്നു ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലൂടെ എന്നുള്ള ഒരു മുദ്രാവാക്യമാണ് സഖാക്കൾ തുളസിക്കുന്നിൽ മുഴക്കുന്നത്. വിരമിച്ച പി.എസ്.സി കിളികളെ, ചൊക ചൊകപ്പൻ. കിളികളെ തന്നെ കൂട്ടിലിരുത്താൻ ബോർഡ് ഇറക്കുന്ന വിജ്ഞാപനം ആണ് മക്കളേ വിജ്ഞാപനം. പി.എസ്.സി യൊക്കെ ഇത് കണ്ട് പഠിക്കണം. എടുക്കാൻ ഉദ്ദേശിക്കുന്ന ആളിന്റെ പേരൊഴികെ ജനനതീയതി ഉൾപ്പെടെ എല്ലാം കൃത്യമായി വർണ്ണിച്ചാണ് വിജ്ഞാപനം. പണ്ട് പി.എസ്.സി യിൽ ഒരു ചുവപ്പൻ പെൺകിളി മകൾക്ക് വേണ്ടി നടത്തിയ ഇടപെടൽ വിജ്ഞാപനം പോലെയാണോ എന്ന് ഒരു തോന്നൽ. എന്തായാലും ഇടത് കരുതൽ അപാരം തന്നെ. ദൈവവിശ്വാസം തെല്ലുമില്ലെങ്കിലും ദൈവങ്ങളെ സേവിക്കാനായി സഖാക്കൾ ഭക്തിനിർഭരം ബോർഡിൽ കുടിയേറുന്ന കാഴ്ച കിളിക്ക് കൗതുകമായി. പത്തിരുപത് പേർക്ക് സ്ഥിരമായി ഡെപ്യൂട്ടേഷൻ ലഭിക്കുമായിരുന്ന അവസരം മുളയിലേ നുള്ളി വിരമിച്ച സഖാക്കൾക്ക് ലാവണമുറപ്പാക്കിയ കമ്മിക്കിളികളുടെ ജാഗ്രത തൊഴിലാളി വർഗ്ഗ സ്നേഹത്തിനെ ലവും ഉദാത്ത മാതൃകയായിരിക്കും. ഒരു വ്യാഴവട്ടക്കാലം പല നിലകളിൽ സേവിച്ച് പി.എസ്.സി യെ ഇന്നത്തെ നിലയിൽ 'ശരിയാക്കിയ' അതേ ദിവ്യൻ ഇപ്പോൾ വഖഫിന്റെ നാഥനായിരിക്കുന്നു. പടച്ചോനേ കാത്തോളീൻ...... കിളി പറന്നുപോയി

exalogic

# മൊയ്തീനും വീണ വിജയനും പിന്നെ കൈതോലപ്പായും





എ.കെ. സാദിക്
(മുൻ പ്രസിഡന്റ്, PSC EA)

''**എ**ലിയെ പേടിച്ച് ഇല്ലം ചുടുക'' എന്ന് കേട്ടിട്ടുണ്ട്. ഇപ്പോഴിതാ കോൺഗ്രസ് സൃഷ്ടിച്ച യഥാർത്ഥ ഇന്ത്യയെ പേടിച്ച് കേന്ദ്രം ഇന്ത്യയെ തന്നെ ഇല്ലാതാക്കുന്നു. ഇന്ത്യൻ മഹാസമുദ്രം ഉൾപ്പെടെ ഇനി മാതാപിതാ ശൂന്യമാകുന്ന ദുരവസ്ഥ. കാള വാലു പൊക്കുമ്പോഴേ കാര്യം അറിയാം എന്ന പോലെ ഗ്യാസ് 200 രൂപ കുറച്ചപ്പോഴേ ദുർഗന്ധം മണത്തു. എന്തായാലും ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ഇന്ത്യ ഉള്ളതിനാൽ പേരു മാറ്റുന്നതിൽ മാർക്സിസ്റ്റ് പാർട്ടിയ്ക്കു സന്തോഷം. ബി.ജെ.പി യുമായി പുറമേ ശത്രുത നടിക്കുമെങ്കിലും അവർ തമ്മിലുള്ള അന്തർധാര ശക്തമായതിനാൽ ഭാരതീയ ജനതാ പാർട്ടിക്കൊപ്പം ഭാരതീയ കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന് പേര് മാറ്റാം. അതോടെ മന്ത്രിസഭയിൽ ഉൾപ്പെടുത്തുന്ന കെ.ബി.ഗണേശ്കുമാറിന്റെ മാനസികാവസ്ഥയിലാകും പഴയ പാർട്ടിയായ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്). ആ ബ്രാക്കറ്റു കൂടി മാറ്റി CPI(PV) എന്നാക്കിയാൽ എല്ലാം ശരിയാകും ഉറപ്പാണ്. പുതിയ പേര് BMP (ഭാരതീയ മാർക്സിസ്റ്റ് പാർട്ടി). അങ്ങനെ 1964 മുതൽ CPI എന്ന് മറ്റൊരു ഇരട്ടകുട്ടി കൂടി ഉള്ളതും ഒഴിവാക്കാം. അവർ CPB കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഭാരത് ആകട്ടെ. പുതിയ ഭാര്യയെയോ ഭർത്താവിനെയോ കിട്ടുമ്പോഴുള്ള ആ സുഖം അയവിറക്കി കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ഇനി ''സന്തോഷ ജന്മദിനം പാർട്ടിക്ക്.''

ഓണത്തിനിടയ്ക്കാണ് മോദി 'ഭാരത കച്ചവടം' നടത്താനിറങ്ങിയത്. ഇത്തവണ ഓണം കസറി 'കാണം വിറ്റും ഓണം ഉണ്ണണം' എന്നു പറഞ്ഞു മുൻ സർക്കാരുകൾ നടന്നതല്ലാതെ പിണറായി സർക്കാരാണ് കാണം മാത്രമല്ല കേരളവും നാണവും എല്ലാം വിറ്റ് ഓണം ഉണ്ടത്. 8% പലിശയ്ക്ക് 3500 കോടി രൂപ കടം വാങ്ങി. അതും തിരുവോണ നാളിൽ തന്നെ. ദോഷം പറയരുത്. സഹൃദയരായ ജനത്തെ നിരന്തരം ബോധവൽക്കരിച്ച മദ്യവർജ്ജന നയം ഉൾക്കൊണ്ട് ബെവ്കോയിൽ നിന്നും 757 കോടി രൂപയുടെ മദ്യവിഷം ഒരു പോഷകാഹാരം എന്ന പുതിയ ഫുഡ് സേഫ്റ്റി അതോറിറ്റി ഓഫ് കാറൽ മാർക്സ് കൺവീനർ ജയരാജ ഡോക്ടറുടെ കണ്ടെത്തൽ നടപ്പിലാക്കി. അത്രയും രൂപയ്ക്കുള്ള മദ്യം ഗോഡൗണിൽ നിന്നും ഓണവയറുകളിലേയ്ക്ക് വർജിച്ചു. 600 കോടിയ്ക്ക് ചന്ദ്രയാൻ 3 വിജയിപ്പിച്ചത് തിരിച്ചറിഞ്ഞ മുഖ്യൻ ഒരു പ്രത്യേകതരം ആക്ഷൻ പ്ലാനിടുന്നു. ഒരു സപ്ലിമെന്ററി ഓണം കൂടി വച്ചാൽ 757 കോടി കിട്ടും. അതുകൊണ്ട് ഒരു 'നക്ഷത്രയാൻ' അയച്ചാൽ നമ്പർ 1 ആകാം. അടുത്ത ഊഴം അങ്ങ് കേന്ദ്രത്തിലേക്കായാലോ ? പോരെങ്കിൽ പാർട്ടി ചിഹ്നത്തിലും ഒരു നക്ഷത്രമുണ്ടല്ലോ ? കേരളത്തിലെ ജനങ്ങൾ 7 വർഷമായി അത് എണ്ണിക്കൊണ്ടിരിക്കുകയാണല്ലോ ?

എന്തായാലും ഒന്നാം നമ്പറാകാനുള്ള മത്സരത്തിൽ സ്പീക്കറും പങ്കെടുത്തു. കേരളത്തിലാദ്യമായി ഓണസദ്യ സ്വന്തം ചെലവിൽ

നടത്തിയ സ്പീക്കർ. 1300 പ്രജകൾക്കുവേണ്ടി ക്വട്ടേഷൻ വിളിച്ചു. തിരുവനന്തപുരത്തെ പ്രമുഖ ക്വട്ടേഷൻ ടീമും കണ്ണൂരിലെ ടീമും ജയിലിലായതിനാൽ ഒരു കാട്ടാക്കടക്കാരൻ കുറഞ്ഞ തുക ക്വാട്ട് ചെയ്തു. സദ്യ 1 വിജയകരമായി പൂർത്തിയാക്കി. സദ്യ 2 തുടങ്ങി പകുതിക്ക് മൊയ്‌ലാളിയും സംഘവും എത്തി. 10 മിനിറ്റ് ശ്രദ്ധ ക്ഷണിച്ചപ്പോൾ ഇല കിട്ടി. കണ്ണെടുത്താൽ ഇഷ്ടമില്ലാത്ത പച്ച നിറമുള്ള ഇല. പൊതുവെ ഇഞ്ചി കടിച്ച പരുവത്തിലാണ് മുഖമെങ്കിലും സഹിച്ചു. ''ചോറ്, ചോറ്'' എന്ന പല തവണ ''ഓർഡർ'' ''ഓർഡർ'' നൽകിയിട്ടും ചുറ്റികയ്ക്കു പകരം ഗ്ലാസടിച്ച് ശബ്ദമുണ്ടാക്കിയിട്ടും തിരിച്ച് 'സർ' എന്ന് ഒരുത്തനും വിളി കേട്ടില്ല. വിളമ്പുകാരെല്ലാം വോക്കൗട്ട് നടത്തി എന്ന് ഒരു സരസൻ പറഞ്ഞു. സ്പീക്കറിന്റെ വയറിന്റെ വലുപ്പവും മുഖത്തിന്റെ ചമ്മലും കണ്ട് ദയ തോന്നി ഏതോ ഒരു ഊട്ടുകാരൻ മറ്റൊരാളുടെ ഇലയിൽ നിന്ന് ഒരു പഴവും ഒരു ഗ്ലാസ് പായസവും കുടിച്ചിട്ടു വച്ചതോ എന്തോ ഹാജരാക്കി. അതോടെ സദ്യ വെട്ടിച്ചുരുക്കി സഭ നേരത്തെ പിരിഞ്ഞു. പോകുന്ന പോക്കിൽ എന്തൊക്കെയോ പിറുപിറുത്തു എങ്കിലും വി.ജെ.റ്റി ഹാളിലെ ''മൈക്ക് ഹൗളിങ്'' വന്നതുകൊണ്ട് ഒന്നും വ്യക്തമായില്ല. സഭാ ടിവി ഇല്ലാത്തതിനാൽ അംഗവിക്ഷേപങ്ങളും കാണാനായില്ല. സദ്യ ഏതായാലും ക്വട്ടേഷൻ ഊരാളുങ്കലിനെ തന്നെ ഏല്പിക്കണം എന്ന പരസ്യവാചകമാണ് സ്പീക്കറിലൂടെ പിന്നെ കേട്ടത്. എന്തായാലും ഇഞ്ചി കടിച്ച അവസ്ഥക്കാരന് കല്ലു കടിച്ച അവസ്ഥയും കൂടെ ലഭിച്ചു. പിന്നെ ആകെ ആശ്വാസമായത് കെ.വി. തോമസിന്റെ തലസ്ഥാന സദ്യയും അലമ്പി എന്ന വാർത്ത കേട്ടപ്പോഴാണ്. ഇങ്ങ് പാളയത്ത് മാത്രമല്ലടാ കേരളത്തിന് പിടിപ്പുകേട് അങ്ങ് ഡൽഹിയിലും പിടിപ്പുകേടുണ്ടടാ എന്ന സിനിമ ഡയലോഗാണ് പശ്ചാത്തലത്തിൽ മുഴങ്ങിയത്. സ്പീക്കർക്കു പായസമെങ്കിലും കിട്ടി. തോമസിന് കിട്ടിയത് മനപ്പായസം. (മിത്തെന്നു പറയും) തലശ്ശേരി ദം ബിരിയാണി കഴിച്ച് വളർന്ന പാവത്തിന് പായസം ഒരു യാഥാർത്ഥ്യവും ചോറ് ഒരു മിത്താണെന്നും പടച്ചവൻ കയ്യോടെ പഠിപ്പിച്ചു.

ഇനിയാണ് കിറ്റ് കഥ. തെരഞ്ഞെടുപ്പടുക്കുമ്പോൾ മാത്രം പ്രത്യക്ഷപ്പെടുന്ന കിറ്റ് ഇത്തവണ മെലിഞ്ഞ് 87 ൽ നിന്ന് 6 ലേക്ക് കൂപ്പുകുത്തി. കെ-റെയിൽ കുറ്റിയുടെ നിറമുള്ള റേഷൻകാർഡിന് മാത്രം കിറ്റ് നൽകിയത് അതിദരിദ്രർക്കു മാത്രമായി സംവരണം ചെയ്തതിനാലാണത്രേ. അപ്പോൾ മുഖ്യമന്ത്രി, മന്ത്രി, സ്പീക്കർ, എംഎൽഎ മാർ, പേഴ്സണൽ സ്റ്റാഫ് എന്നിവരും ദരിദ്രരാണല്ലോ അവർക്കു കൂടി ഓഫർ നീട്ടി. കുടുംബത്തിൽ പിറന്ന യുഡിഎഫ് കാർ സ്നേഹപൂർവ്വം നിരസിച്ചു. ദരിദ്രവാസികൾ കൈ നീട്ടി വാങ്ങി. അങ്ങനെ രാഷ്ട്രീയക്കാരെ ജനം പൊതുവെ വിളിച്ചിരുന്ന ''ദരിദ്രവാസി'' എന്നത് ആ പദവിക്ക് അർഹതപ്പെട്ടവർ ചോദിച്ചു വാങ്ങുക തന്നെ ചെയ്തു. മാവേലി ഇത്തവണ കെ-റെയിലിൽ വരാമെന്ന് കൊതിച്ചു. പക്ഷേ ചീറ്റിപ്പോയി. നാട്ടിലുടനീളം ബിപിഎൽ മഞ്ഞക്കുറ്റികളുടെ ബഹളം. അതിൽ പലതിലും രണ്ടക്ഷരത്തിന്റെ സ്റ്റിക്കറുകൾ. ആദ്യ അക്ഷരം ചില വിരുതൻമാർ വലിച്ചു കീറിയതിനാൽ പിന്നെയുള്ളത് ബബബഞ്ചി എന്ന ഒറ്റ അക്ഷരം. മാവേലിക്കറിയാവുന്ന മലയാള പ




ദങ്ങളായ വഞ്ചി, സഞ്ചി ഒന്നും മാച്ചാകുന്നില്ല എന്ന സംശയം. ആദ്യ അക്ഷരം 'റാ'ഞ്ചിയവനെ മനസ്സിൽ ശപിച്ച മാവേലി ആദ്യം കണ്ട ബിവറേജ് പോഷകചേട്ടനോട് Fill in the blank എന്ന് മലയാളത്തിൽ ആരാഞ്ഞു. സത്യസന്ധമായി എന്തറിയണമെങ്കിലും ബിവറേജ് ചേട്ടന്മാർ വേണമെന്ന് മാവേലിയെ അയാൾ പഠിപ്പിച്ചു. ഗറെയിൽ മാത്രമല്ല രാജാവേ മലയാളികൾ മൊത്തം ആബബഞ്ചി പരുവത്തിലാണെന്ന് കൂടി വെളിപ്പെടുത്തിയത് കേട്ട് ഇഞ്ചി പരുവത്തിലായ മാവേലിക്ക് അശരീരിയായി ''എന്തായാലും K റെയിൽ വരും ഗട്ടോ അത് മറക്കേണ്ട'' എന്ന സിറ്റിങ് രാജാവിന്റെ തള്ള് ഓർമ്മ വന്നു. എന്തായാലും ബബബഞ്ചിയുടെ മൂന്നക്ഷരം കേട്ട മാവേലി മൂക്കത്ത് വിരൽ വച്ചു. സ്വന്തം പ്രജ

എത്ര കൃത്യമായ നിരീക്ഷണ വിലയിരുത്തൽ പ്രജകളായി. എന്തായാലും ഗണപതി മിത്താണെന്ന റൂളിങ് കേട്ട് ഗവേഷണം നടത്തിയവർ മഹാബലിയുടെ കാലത്ത് കേരളം പോലും ഇല്ലെന്നും തലയിൽ ചവിട്ടിയാൽ ഒരു റെയിൽ കുറ്റിയ്ക്കുള്ള കുഴി പോലും താഴില്ല എന്നും ദെയർ ഫോർ മാവേലി ഈസ് ആൾസോ എ മിത്തെന്നും കണ്ടെത്തി. മാത്രമല്ല ഭൂമിക്കും പാതാളത്തിനും ഇടയിലുള്ള മറ്റൊരു ലോകമുണ്ട്. ആ സ്റ്റേഷനിലേക്ക് സ്ഥലം മാറ്റം നൽകിയതേ ഉള്ളൂ എന്നും. മേലോട്ടു പോകുന്നത് താഴോട്ടു പോകുന്നതുപോലെ താഴോട്ടു പോയത് മേലോട്ടു വരുന്ന വൈരുദ്ധ്യാത്മക ഭൗതികവാദം ഇനിയും ഇന്ത്യയിൽ വന്നിട്ടില്ല എന്നും അത് വരണമെങ്കിൽ CPM രാജ്യം ഭരിക്കണം എന്നു വരെകണ്ടെത്തി.



നായനാർ ഭരണനാളിൽ കല്ലുവാതുക്കൽ മാസപ്പടി മണിച്ചൻ എന്ന കഥാപാത്രം CPM നു സുപരിചിതമാണ്. അത് പിണറായി നാളിൽ ''വർഷപ്പടി'' ആയി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായി. ഒരു സേവനവും നൽകാതെയും ലഭിക്കാതെയും കിട്ടുന്ന പണത്തിന് പച്ച മലയാളത്തിൽ കൈക്കൂലി എന്നു പറയും. CITU കാർ ഒരു പണിയും ചെയ്യാതെ വാങ്ങുന്ന നോക്കുകൂലി പോലെ. പണ്ട് ബ്രിട്ടീഷ് ഭരണത്തിൽ നമ്മുടെ നാട്ടുരാജാക്കന്മാരോട് ഇത്തരം ചട്ടമ്പി ഫീസ് വാങ്ങിയിരുന്നതാണ് ഓർമ്മ വരുന്നത്. എക്സാ ലോജിക്കിന് കോടികൾ കപ്പം ലഭിക്കുന്നതിൽ ഒരു ''ലോജിക്കും'' ഇല്ല. എന്തായാലും കമ്പനി പൂട്ടിയതിനാൽ ഇനി എക്സ്-ലോജിക് എന്ന പേരിടാം.

ജീവനക്കാർക്കു ഓണശമ്പളം നൽകാതെയും ബോണസിൽ ഒരു രൂപ വർദ്ധനവില്ലാതെയും ലീവ് സറണ്ടർ പിഎഫിൽ ലയിപ്പിച്ചും ഏഴുവർഷ ഭരണത്തിൽ 6 ഗഡു DA കടം പറഞ്ഞും ഒരു സർക്കാർ മുന്നോട്ടു പോകുമ്പോൾ യൂണിയൻ സഖാക്കൾ പങ്കാളിത്ത പെൻഷൻ പിൻവലിക്കണമെന്ന് രാജ്ഭവന് മുമ്പിൽ സമരം ചെയ്യുന്നു. ചിന്താശക്തി ഇല്ലാത്തവരും മണ്ടൻമാരും എല്ലാം ഒരേ സംഘടനയിൽ ചേർന്നാൽ ഇതും ഇതിലപ്പുറവും കാണാം. ചില ജീവികൾ കരഞ്ഞാണല്ലോ ചില വികാരം ശമിപ്പിക്കുന്നത്. അങ്ങനെ സ്വയം ആശ്വാസം കണ്ടെത്തട്ടെ.

കോവിഡുകാലത്ത് 13 കിറ്റു നല്കിയതിന് ഒരു കാർഡിന് 5 രൂപ കമ്മീഷൻ പ്രകാരം 10 കിറ്റിന് 50 രൂപ. 1000 കാർഡിന് 50000 രൂപ. 14257 റേഷൻകടക്കാർക്ക് കടം പറഞ്ഞു സർക്കാർ. ഹൈക്കോടതിയിൽ കേസായി. പണം കൊടുക്കാൻ വിധി. സർക്കാർ സുപ്രീംകോടതിയിൽ വൻ ലക്ഷങ്ങൾ മുടക്കി അപ്പീൽ നൽകി. സൗജന്യമായി കൊടുത്ത കിറ്റിനു കമ്മീഷൻ കൊടുക്കാനാവില്ല എന്ന വാദം. ഉടൻ പണം നൽകാൻ സുപ്രീംകോടതി വിധി. വക്കീലന്മാർക്ക് വൻ ലക്ഷങ്ങൾ കമ്മീഷൻ.

KSRTC ജീവനക്കാർക്ക് ജോലി സമയം 8 ൽ നിന്ന് 12 മണിക്കൂർ ആയി ഉയർത്തിയ സർക്കാരിന് CITU വിന്റെ അഭിവാദ്യങ്ങൾ. എത്ര സർക്കാരുകൾ മാറി വന്നിട്ടും ഒരു മിനിറ്റ് പോലും ജോലി സമയം ഉയർത്തി നൽകാതിരുന്ന യുഡിഎഫ് സർക്കാരിന്റെ തൊഴിലാളി വിരുദ്ധനയം മാറ്റാൻ പിണറായി രണ്ടാമത് ഒരു വരവുകൂടി വരേണ്ടി വന്നു. ജോലിസമയം കൂട്ടിക്കൊടുത്തെങ്കിലും ശമ്പളം നല്കി അവരെ ബുദ്ധിമുട്ടിക്കേണ്ട എന്ന് മന്ത്രി. പുതിയ ഈ പദ്ധതി കണ്ടപ്പോൾ ഫ്രണ്ട്സിലെ ജഗതിയെ ഓർമ്മ വന്നു. വേണമെങ്കിൽ അവന്മാർക്കു ശമ്പളം കൊടുക്കാതിരിക്കാം. പക്ഷേ ഫുഡ് ഒന്നും കൊടുക്കാൻ പറ്റില്ല. ഇവിടെ എളേപ്പൻ മന്ത്രി പറഞ്ഞത് ജോലിസമയം വേണമെങ്കിൽ 12 ആയി ഉയർത്തിതരാം. പക്ഷേ ശമ്പളമൊന്നും തരാൻ പറ്റില്ല. എളേപ്പന്റെ തമാശകൾ ഇനി എന്തെല്ലാം കാണാനിരിക്കുന്നു.

KSEB യുടെ സ്ഥിതി ബഹുകേമമാണ്. കറന്റ് ചാർജ് വൻതോതിൽ വർദ്ധിപ്പിച്ചതിനു പിന്നാലെ ഒരു യൂണിറ്റിന് ആദ്യം സർചാർജ് 9 പൈസ. തുടർന്ന് പ്രതിമാസ ഫ്യുവൽ സർചാർജ് യൂണിറ്റിന് 10 പൈസ. ഇനി ആഴ്ച, ദിവസ, മണിക്കൂർ സർചാർജുകൾ വരാനിരിക്കുന്നു. എത്ര എത്ര മനോഹര ആചാരങ്ങൾ. കാരണഭൂതൻ സ്വന്തമായി കണ്ടെത്തിയ കൃത്രിമ നിർമ്മിത കുരുട്ടുബുദ്ധി. കറന്റ് നിർമ്മിക്കുന്നത് ജലത്തിൽ നിന്നാണല്ലോ. അതിനാൽ പരിഷ്കാരം വെള്ളത്തിനും വരുത്തി. ഒരു ലിറ്ററിനു കേവലം ഒരു പൈസ. സഖാക്കൾ ചിരിച്ചുതള്ളി. ഒരു പൈസ ഒരു വർദ്ധനവാണോ? പക്ഷേ 5 പേരുള്ള ഒരു കുടുംബം ഒരു ദിവസം സഖാക്കൾക്കു ബാധകം അല്ല 2 നേരം കുളിക്കുന്നത് ഉൾപ്പെടെ പ്രതിമാസം 20,000 ലിറ്റർ വെള്ളം വേണം. അതായത് 200 രൂപ അധികം നല്കണം എന്ന് സ്ഫടികം ചാക്കോ സാർ കണക്കു പഠിപ്പിച്ചിട്ടുള്ളവർക്കറിയാം. ഭൂഗോളം സ്പന്ദിക്കുന്നത് കണക്കു മൂലമാണെന്നതു പോലെ മലയാളികൾ കുത്തുപാള

എടുക്കുന്നത് LDF ന്റെ ഇത്തരം കണക്കു മൂല മാണ് എന്ന് കൂട്ടിച്ചേർക്കാം. ഈ കുടിവെള്ളം എന്നത് LDF നെ സംബന്ധിച്ച് ''മറ്റേ വെള്ളമാണല്ലോ ?'' അതായത് ജയരാജനും ഗോവിന്ദനും പിന്നെ പിണറായിയും സർട്ടിഫിക്കറ്റ് നൽകിയ ''പോഷകാഹാരം'' ഉമ്മൻചാണ്ടി പൂട്ടിയ ബാറുകൾക്കു പകരം 600 ബാറുകൾ തുറന്നിട്ടും 100 രൂപ വിലയുള്ള മദ്യത്തിന് 400 രൂപ നികുതി വാങ്ങിയിട്ടും 'ബെവ്കോ' നഷ്ടത്തിലാണത്രേ! നഷ്ടത്തിലാണെങ്കിൽ അതങ്ങ് നിർത്തിക്കൂടേ സഖാവേ എന്നതിന് മറുപടി നൽകാൻ നാക്കില്ലത്രേ. അതിന് സ്വബോധമുള്ള ഒരുത്തനെങ്കിലും ആ പാർട്ടിയിൽ വേണ്ടേ? പാൽ ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചതോടെ പഴയ പാഠപുസ്തകത്തിലെ ''കാച്ചിയ പാൽ ഞാൻ കുടിച്ചില്ലെങ്കിൽ അമ്മ കരയും'' എന്നത് ഭേദഗതി ചെയ്തു. ''പാൽവില കേൾക്കുമ്പോൾതന്നെ എന്റെ അമ്മ കരയും'' എന്നു തിരുത്തി. ദോഷം പറയരുത് വിജയൻ 6 രൂപ കൂട്ടിയ ദിവസം സ്റ്റാലിൻ 3 രൂപ കുറച്ചു നൽകി. സഖാവ് സ്റ്റാലിനല്ല തമിഴ്നാട് മുഖ്യൻ സ്റ്റാലിൻ അണ്ണാച്ചി. അങ്ങനെ ആകണം ഇരട്ടച്ചങ്ക്.

ഇനി സർവ്വകലാശാലകളിലേക്കു ചെന്നാലോ? അവിടെല്ലാം വ്യാജൻ, അടിച്ചുമാറ്റൽ, മോഷ്ടാക്കൾ തുടങ്ങിയ സകലകലകളും സുഭിക്ഷം. വാഴക്കുല മോഷ്ടിച്ചതോ? എന്നു ചോദിച്ചാൽ വാഴക്കുല മോഷ്ടിച്ചെങ്കിലത് പി.എച്ച്.ഡി കിട്ടാനായിരുന്നല്ലോ എന്നാണ് ചിന്തയിൽ വരുന്നത്. വ്യാജ സർട്ടിഫിക്കറ്റ് നല്കിയതോ എന്നതിന് 'ഗസ്റ്റ് ലക്ചർ ആകാനായിരുന്നല്ലോ എന്ന് ന്യായീകരണ മറുപടി ഉറപ്പ്. വ്യാജ അഡ്മിഷൻ കായംകുളത്ത് നേടിയതോ എന്നതിന് അതെ യൂണിയൻ ചെയർമാനാകായിരുന്നല്ലോ എന്നും ക്യാപ്സൂൾ കിട്ടും. എന്തായാലും ഇത്തരം വൃത്തികെട്ട ക്യാപ്സൂൾ വിഴുങ്ങി വായ്നാറ്റം, വയറിളക്കം, കീഴ്വായു തുടങ്ങിയ ദുർഗന്ധ പൂരിതമാണ് സഖാക്കളെല്ലാം. ഇതെല്ലാം കണ്ടും കേട്ടും മുല്ലപ്പൂമ്പൊടി ഏറ്റു കിടക്കും എന്ന ശൈലിയിൽ പോലീസിൽ പോലും മാങ്ങാകള്ളൻ, കൗണ്ടർ ക്യാഷ് കള്ളൻ, മോണ്ട് ബ്ലാങ്ക് പേന കള്ളൻ തുടങ്ങി പുതിയ ഇനം പോലീസ് സേന വരെ നിലവിലുണ്ട്.

എന്തായാലും അതിദരിദ്രരെ മാത്രം ചേർത്തു പിടിക്കുന്ന മുഖ്യൻ ചരിത്രത്തിലാദ്യമായി ഒരു ഓണസദ്യ നടത്തി. 10 ലക്ഷം രൂപ ചെലവ്. നാട്ടിലെ പൗരപ്രമുഖന്മാർക്ക് 65 ഇനം നൽകിയ രാജകീയ സദ്യ. പായസം തന്നെ 5 ഇനം. സ്വന്തം പ്രജകളിൽ വലിയ ഒരു വിഭാഗത്തിന് നല്കിയ നെല്ലിനു പണം നല്കാതെയും നൽകിയത് തന്നെ കടം വാങ്ങുന്നു എന്നെഴുതി ഒപ്പിടുവിച്ചും ആണ്. പാചകതൊഴിലാളികൾ, റേഷൻകടക്കാർ, ക്ഷേമപെൻഷൻ 2 ഗഡു കുടിശ്ശിക, സർക്കാർ പെൻഷൻകാരിൽ 77000 പേർ അർഹതപ്പെട്ട പെൻഷൻ കുടിശ്ശിക പണം കിട്ടാതെ പരലോകത്തിരുന്നു മുഖ്യന്റെ ആർത്തി തീറ്റ കാണുന്നുണ്ട് സഖാവേ. ഇങ്ങനെ പോയാൽ ഒരുപാട് പേരുടെ ബലിച്ചോറും ഉണ്ണേണ്ടിവരും. കിട്ടിയ പണം മുഴുവൻ കരുവന്നൂരും കണ്ടല്ലൂരും കണ്ടലയും താമരക്കുടിയിലുമെല്ലാം സഖാക്കളുടെ സഹകരണബാങ്കിൽ നിക്ഷേപിച്ചു വഴിയാധാരമായി വിലപിക്കുന്നത് മറക്കരുത്. സ്വന്തം കുടുംബത്തിനുള്ളതുപോലും കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്കുള്ള സ്വത്ത് എന്നു കരുതി സ്വന്തം മകൾക്കു ഒരു സാരി വാങ്ങാൻ പണമില്ലാത്തതിനാൽ കടം കൊടുക്കണമെന്ന് കത്തെഴുതിയ കേരളത്തിന്റെ ആദ്യ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിയുടെ പാർട്ടിയുടെ ഇപ്പോഴത്തെ നേതാവിന്റെ മകൾക്ക് സ്വർണ്ണസാരികൾ വാങ്ങാൻ വരെ കരിമണൽ കർത്താക്കൾ പണം നല്കി ക്യൂ നിൽക്കുന്നത്രേ.

ഏറ്റവും കൂടുതൽ ദിവസം തുടർച്ചയായി മുഖ്യമന്ത്രിയായി എന്ന് വീമ്പിളക്കുമ്പോൾ 25 വർഷം തുടർച്ചയായി ആ സ്ഥാനത്തിരുന്ന ബംഗാൾ നേതാവ് ചെയ്തതും മറക്കരുത്. എത്ര നാൾ ഭരിച്ചു എന്നതിലല്ല എങ്ങനെ ഭരിച്ചു എന്നതിലാണ് ജനം ശ്രദ്ധിക്കുക. അങ്ങനെ രണ്ടു തവണയായി ഏഴു വർഷത്തോളം ഭരിച്ച ഒരു മുഖ്യമന്ത്രി മരണപ്പെട്ടപ്പോൾ മൂന്നു ദിവസം തുടർച്ചയായി ഒരു സംസ്ഥാനം തേങ്ങിയത് നാം കണ്ടു. മരിച്ച നാൾ മുതൽ ഇപ്പോഴും ആ ആത്മാവിന് നിത്യശാന്തി നേർന്നു ജനപ്രവാഹം തീർത്ഥയാത്രയായി. മെഴുകുതിരി വെളിച്ചം കെടാതെ ഒരു സൂര്യതേജസ്സായി ജ്വലിക്കുന്നത് കണ്ട് കണ്ണു തുറക്കുക. അങ്ങനെ ഒരു നേതാവിന്റെ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചു അഭിമാനം കൊള്ളുക. ■

# ജില്ലാ കമ്മിറ്റി ഭാരവാഹികൾ 2023-24

## തിരുവനന്തപുരം

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. സുരേഷ്ഭട്ട് ആർ. എസ്. |
| വൈസ് പ്രസിഡന്റ് | : | ശ്രീ. രാംശങ്കർ |
| | | ശ്രീ. ഷിജി. പി. കെ |
| സെക്രട്ടറി | | ശ്രീ. അജിംഷാ റഷീദ് |
| ജോയിന്റ് സെക്രട്ടറി | : | ശ്രീ. അനൂപ്. വി. എസ് |
| | | ശ്രീമതി സുജിരാജ്. എൻ |
| ട്രഷറർ | : | ശ്രീമതി ഷബ്ന |

കമ്മിറ്റി അംഗങ്ങൾ

ശ്രീ. രാകേഷ്ബാലു, ശ്രീമതി അജിന,
ശ്രീ. വരുൺ ജയചന്ദ്രൻ, ശ്രീമതി രേഖ. വി. എസ്,
ശ്രീ. അബി സെബാസ്റ്റ്യൻ, ശ്രീ. അഭിഷേക്

## കൊല്ലം

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. നസറുദ്ദീൻ കുഞ്ഞ്. എം |
| സെക്രട്ടറി | : | ശ്രീ. ഷാജി. എ |
| വൈസ് പ്രസിഡന്റ് | : | ശ്രീ. റെയ്സൺ. സി. ബി |
| ജോയിന്റ് സെക്രട്ടറി | : | ശ്രീമതി ജോളിക്കുട്ടി. ജെ |
| ട്രഷറർ | : | ശ്രീമതി അശ്വതി ശശിധരൻ |

കമ്മിറ്റി അംഗങ്ങൾ

ശ്രീ. ശ്യാം കൃഷ്ണൻ. ജി, ശ്രീമതി ജലജകുമാരി. എ,
ശ്രീമതി ശോഭാ ബി.

## പത്തനംതിട്ട

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. ഷൈഫുദ്ദീൻ. എസ് |
| വൈസ് പ്രസിഡന്റ് | : | ശ്രീ. ജ്യോതീന്ദ്രൻ |
| സെക്രട്ടറി | : | ശ്രീമതി റംല. പി. ഹനീഫ് |
| ജോയിന്റ് സെക്രട്ടറി | : | ശ്രീ. മുഹമ്മദ് മർസദ് |
| ട്രഷറർ | : | ശ്രീമതി ഷൈനി രതീഷ് |

കമ്മിറ്റി അംഗങ്ങൾ

ശ്രീമതി സിമിമോൾ, ശ്രീമതി റെജീന. എ,
ശ്രീ. സുജൻ. പി. ജെ

## ആലപ്പുഴ

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. ആനന്ദ് വി എം |
| സെക്രട്ടറി | : | ശ്രീ. അഷറഫ് എം |
| ട്രഷറർ | : | ശ്രീ. വിനോദ് വി |

കമ്മിറ്റി അംഗങ്ങൾ

ശ്രീ. പ്രമോദ്കുമാർ കെ. പി., ശ്രീമതി ഷാഹിദ പി. ഐ.

## കോട്ടയം

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. ഷാജിമോൻ. പി. കെ |
| വൈസ് പ്രസിഡന്റ് | : | ശ്രീമതി അമ്പിളി. ആർ |
| സെക്രട്ടറി | : | ശ്രീ. ശ്രീജിത്ത്. ആർ. ജി |
| ജോയിന്റ് സെക്രട്ടറി | : | ശ്രീമതി ജിഷ എലിസബത്ത് ജോസഫ് |
| ട്രഷറർ | : | ശ്രീമതി ഷിജിനിമോൾ തമ്പി |

കമ്മിറ്റി അംഗങ്ങൾ

ശ്യാമളാദേവി. പി, ഗീത. പി. എസ്, ജലീന. എം,
മനോജ്. എസ്,

## എറണാകുളം

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. പീറ്റർഷാജി. സി. എ |
| വൈസ് പ്രസിഡന്റ് | : | ശ്രീ. ഹരി. ഇ. ഡി |
| സെക്രട്ടറി | : | ശ്രീ. അനിൽ. എൻ |
| ജോയിന്റ് സെക്രട്ടറി | : | ശ്രീമതി രമ്യ. എം. പി |
| ട്രഷറർ | : | ശ്രീ. ജോൺ ടോഫി വാലിസ് |

കമ്മിറ്റി അംഗങ്ങൾ

ദീപ ഐസക്, സിനിമോൾ. പി. സി, ജോണി. പി. പി.,
ബിനിൽകുമാർ. വി. എസ്., രാജേഷ്. കെ. എൻ

## ഇടുക്കി

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. ചാക്കോ. എം. സി |
| വൈസ് പ്രസിഡന്റ് | : | ശ്രീ. അബീസ്. പി. എം |
| സെക്രട്ടറി | : | ശ്രീ. തങ്കച്ചൻ. പി. ജി |
| ജോയിന്റ് സെക്രട്ടറി | : | ശ്രീ. അനീഷ്. ഡി |
| ട്രഷറർ | : | ശ്രീമതി രഞ്ചു. എം. മോഹൻ |

കമ്മിറ്റി അംഗം

അസ്‌ലാം യൂസഫ്

## തൃശൂർ

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി വനജ. പി |
| സെക്രട്ടറി | : | ശ്രീമതി മിനി. എം. ഡി |
| ട്രഷറർ | : | ശ്രീമതി ചന്ദ്രിക ബാലചന്ദ്രൻ |

കമ്മിറ്റി അംഗങ്ങൾ

ശ്രീമതി ശ്രീജ. പി. നായർ, ശ്രീമതി ഭാഗ്യലക്ഷ്മി. സി,
ശ്രീ. ഡെന്നി. കെ. ഫ്രാൻസിസ്

## പാലക്കാട്

| | | |
|---|---|---|
| പ്രസിഡന്റ് | : | **ശ്രീ. മുരളീധരൻ.കെ** |
| വൈസ് പ്രസിഡന്റ് | : | **ശ്രീമതി നിഷിദ.പി.എ** |
| സെക്രട്ടറി | : | **ശ്രീമതി ദുർഗ്ഗാദേവി.പി.കെ** |
| ജോയിന്റ് സെക്രട്ടറി | : | **ശ്രീ. പ്രതീഷ്.എം** |
| ട്രഷറർ | : | **ശ്രീമതി രജനി.ഒ.വി.** |

<u>കമ്മിറ്റി അംഗങ്ങൾ</u>

**ശ്രീമതി രേഷ്മ.ജി.എസ്, ശ്രീമതി സീനത്ത്.എ,**
**ശ്രീ. സുന്ദരേശൻ**

## മലപ്പുറം

| | | |
|---|---|---|
| പ്രസിഡന്റ് | : | **ശ്രീ. അനിൽബാബു.പി.പി** |
| വൈസ് പ്രസിഡന്റ് | : | **ശ്രീമതി ഫസ്ന** |
| സെക്രട്ടറി | : | **ശ്രീ. കുഞ്ഞി മുഹമ്മദ്.കെ** |
| ജോയിന്റ് സെക്രട്ടറി | : | **ശ്രീ. യാസിർ.സി** |
| ട്രഷറർ | : | **ശ്രീ. ഷാജു.പി** |

<u>കമ്മിറ്റി അംഗങ്ങൾ</u>

ശ്രീ. അഹമ്മദ് പി.ടി., ശ്രീ. സേതുമാധവൻ,
ശ്രീ. മമ്മദ് എൻ.കെ.

## കോഴിക്കോട്

| | | |
|---|---|---|
| പ്രസിഡന്റ് | : | **ശ്രീ. സൈനുദ്ദീൻ അടിയറമ്പത്ത്** |
| വൈസ് പ്രസിഡന്റ് | : | **ശ്രീ. സക്കറിയ ഷെരീഫ്** |
| സെക്രട്ടറി | : | **ശ്രീമതി ജിഷ.കെ** |
| ജോയിന്റ് സെക്രട്ടറി | : | **ശ്രീ. അജ്മൽ.എം.പാറമ്മൽ** |
| ട്രഷറർ | : | **ശ്രീ. ഷൈജു.പി** |

<u>കമ്മിറ്റി അംഗങ്ങൾ</u>

**ശ്രീ. മുഹമ്മദലി.പി.കെ, ശ്രീമതി രേഖ.കെ.കെ,**
**ശ്രീമതി ഷൈജ.പി.**

## വയനാട്

| | | |
|---|---|---|
| പ്രസിഡന്റ് | : | **ശ്രീ. ഷിജു.പി.എ** |
| വൈസ് പ്രസിഡന്റ് | : | **ശ്രീ. മധു.വി.എസ്** |
| സെക്രട്ടറി | : | **ശ്രീ. നസീർ.കെ.ടി** |
| ജോയിന്റ് സെക്രട്ടറി | : | **ശ്രീമതി വിനീത.വി.കെ** |
| **ട്രഷറർ** | : | **ശ്രീമതി സന്ധ്യ.എൽ** |

<u>കമ്മിറ്റി അംഗങ്ങൾ</u>

**ശ്രീ. ഇഷാൻ.വി, ശ്രീ. വിപിൻരാജ്.കെ.**

## കണ്ണൂർ

| | | |
|---|---|---|
| പ്രസിഡന്റ് | : | **ശ്രീ. മധുസൂദനൻ.വി.വി** |
| വൈസ് പ്രസിഡന്റ് | : | **ശ്രീ. ഷാജൻ.എം.ജെ** |
| സെക്രട്ടറി | : | **ശ്രീ. അബ്ദുസ്സലാം.വി.വി** |
| ജോയിന്റ് സെക്രട്ടറി | : | **ശ്രീ. മുഹമ്മദ് അൻസാരി** |
| ട്രഷറർ | : | **ശ്രീ. മുഹമ്മദ് നയീസ്.കെ** |

<u>കമ്മിറ്റി അംഗങ്ങൾ</u>

**ശ്രീമതി പങ്കജാക്ഷി.എൻ.കെ, ശ്രീമതി രാജലക്ഷ്മി.കെ.എ**

## കാസർഗോഡ്

| | | |
|---|---|---|
| പ്രസിഡന്റ് | : | **ശ്രീ. ഹരി.വി.വി** |
| വൈസ് പ്രസിഡന്റ് | : | **ശ്രീമതി ശ്രീലത.വി** |
| സെക്രട്ടറി | : | **ശ്രീ. അശോകൻ.പി** |
| ജോയിന്റ് സെക്രട്ടറി | : | **ശ്രീമതി രമ്യ.എം.പി** |
| ട്രഷറർ | : | **ശ്രീ. മജീദ്.കെ** |

<u>കമ്മിറ്റി അംഗങ്ങൾ</u>

**ശ്രീ. രമേഷ.കെ.എം, ശ്രീ.ശിവപ്രസാദ,**
**ശ്രീമതി സ്മിത.സി, ശ്രീമതി മൈമുന, ശ്രീമതി**
**സമീറ.കെ.എം**



**സിന്ധുരാജ്**

സെക്ഷൻ ഓഫീസർ

**നമ്മെ വിട്ടു പിരിഞ്ഞ**
**പ്രിയ സഹപ്രവർത്തകയ്ക്ക്**
**പി.എസ്.സി എംപ്ലോയീസ്**
**അസോസിയേഷന്റെ**

*ആദരാഞ്ജലികൾ*

## പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ

# 35–ാമത് സ്ഥാപകദിനാഘോഷവും വിവിധ ജില്ലാ സമ്മേളനങ്ങളും

2023 ജൂൺ 21








# ജില്ലാ കമ്മിറ്റി ഭാരവാഹികൾ 2023-24

## തിരുവനന്തപുരം

പ്രസിഡന്റ്



സുരേഷ് ഭട്ട് ആർ. എസ്.

സെക്രട്ടറി



അജിംഷാ റഷീദ്

## കൊല്ലം

പ്രസിഡന്റ്



നസറുദ്ദീൻ കുഞ്ഞ്.എം

സെക്രട്ടറി



ഷാജി.എ

## പത്തനംതിട്ട

പ്രസിഡന്റ്



ഷൈഫുദ്ദീൻ എസ്.

സെക്രട്ടറി



റംല.പി.ഹനീഫ്

## ആലപ്പുഴ

പ്രസിഡന്റ്



ആനന്ദ്.വി. എം.

സെക്രട്ടറി



അഷ്റഫ് എം.

## കോട്ടയം

പ്രസിഡന്റ്



ഷാജിമോൻ പി.കെ.

സെക്രട്ടറി



ശ്രീജിത്ത് ആർ.ജി.

## ഇടുക്കി

പ്രസിഡന്റ്



ചാക്കോ എം.സി.

സെക്രട്ടറി



തങ്കച്ചൻ.പി.ജി

## എറണാകുളം

പ്രസിഡന്റ്



പീറ്റർഷാജി സി. എ.

സെക്രട്ടറി



അനിൽ എൻ.

## തൃശ്ശൂർ

പ്രസിഡന്റ്



വനജ.പി

സെക്രട്ടറി



മിനി.എം.ഡി

## പാലക്കാട്

പ്രസിഡന്റ്



മുരളീധരൻ കെ.

സെക്രട്ടറി



ദുർഗ്ഗാദേവി.പി.കെ

## മലപ്പുറം

പ്രസിഡന്റ്



അനിൽബാബു.പി.പി

സെക്രട്ടറി



കുഞ്ഞിമുഹമ്മദ്

## കോഴിക്കോട്

പ്രസിഡന്റ്



സൈനുദ്ദീൻ അടിയറമ്പത്ത്

സെക്രട്ടറി



ജിഷ കെ.

## വയനാട്

പ്രസിഡന്റ്



ഷിജു.പി.എ.

സെക്രട്ടറി



നസീർ.കെ.ടി

## കണ്ണൂർ

പ്രസിഡന്റ്



മധുസൂദനൻ വി. വി.

സെക്രട്ടറി



അബ്ദുസ്സലാം വി.വി.

## കാസർഗോഡ്

പ്രസിഡന്റ്



ഹരി വി.വി.

സെക്രട്ടറി



അശോകൻ പി.